# ഏകാരോഗ്യം പരിശീലന മൊഡ്യൂൾ

(ആരോഗ്യവകുപ്പിലെയും മറ്റ് അനുബന്ധവകുപ്പുകളിലെയും
ഉദ്യോഗസ്ഥരുടെ പരിശീലനത്തിനായി തയ്യാറാക്കിയത്)

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കേരള സർക്കാർ

Kerala.HEALTH

## ഉള്ളടക്കം


| നം. | വിഷയം | പേജ് നമ്പർ |
|---|---|---|
| 1 | ആമുഖം | 2 |
| 2 | പശ്ചാത്തലം | 4 |
| 3 | പരിശീലന ലക്ഷ്യങ്ങൾ | 4 |
| 4 | പരിശീലന വിഷയങ്ങൾ | 5 |
| 5 | പരിശീലനത്തിൽ പങ്കെടുക്കേണ്ടവർ | 6 |
| 6 | പരിശീലന ദൈർഘ്യം | 6 |
| 7 | പരിശീലന വേദി | 6 |
| 8 | പഠനരീതി | 6 |
| 9 | പരിശീലകർ | 6 |
| 10 | പഠന സാമഗ്രികൾ | 6 |
| 11 | അനുബന്ധ പ്രവർത്തങ്ങൾ | 6 |
| 12 | പ്രോഗ്രാം ഷെഡ്യൂൾ | 7 |
| 13 | സെഷൻ 1<br>ഏകാരോഗ്യം – ആശയവും പ്രാധാന്യവും | 8 |
| 14 | സെഷൻ 2<br>ഏകാരോഗ്യം വിവിധ വകുപ്പുകൾ ശ്രദ്ധിക്കേണ്ടതും ഇടപെടേണ്ടതുമായ വിഷയങ്ങൾ.<br>• ആരോഗ്യ – കുടുംബക്ഷേമ വകുപ്പ്<br>• കാർഷിക വികസന – കർഷക ക്ഷേമ വകുപ്പ്<br>• മൃഗസംരക്ഷണ വകുപ്പ്<br>• വനം – വന്യജീവി വകുപ്പ്<br>• ജലസേചന വകുപ്പ്<br>• ഡ്രഗ്സ് കൺട്രോൾ വകുപ്പ്<br>• ഫിഷറീസ്<br>• പരിസ്ഥിതി – കാലാവസ്ഥാവ്യതിയാന വകുപ്പ്<br>• ഭക്ഷ്യസുരക്ഷാ വകുപ്പ് | 12 |

| | | |
|---|---|---|
| 15 | സെഷൻ 3<br>ഏകാരോഗ്യം – കേരളവും സംഘടനാസംവിധാനവും. | 32 |
| 6 | സെഷൻ 4<br>ഏകാരോഗ്യവും വിവിധ വകുപ്പുകളിൽ നിലവിലുള്ളതും നടപ്പിൽ വരുത്തേണ്ടതുമായ രോഗനിരീക്ഷണ, നിർണ്ണയ, ഇടപെടൽ സംവിധാനങ്ങളും സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണ സംവിധാനങ്ങളും<br>• ആരോഗ്യ – കുടുംബക്ഷേമ വകുപ്പ്<br>• കാർഷിക വികസന – കർഷക ക്ഷേമ വകുപ്പ്<br>• മൃഗസംരക്ഷണ വകുപ്പ്<br>• വനം – വന്യജീവി വകുപ്പ്<br>• ജലസേചന വകുപ്പ്<br>• ഡ്രഗ്സ് കൺട്രോൾ വകുപ്പ്<br>• ഫിഷറീസ്<br>• പരിസ്ഥിതി – കാലാവസ്ഥാവ്യതിയാന വകുപ്പ്<br>• ഭക്ഷ്യസുരക്ഷാ വകുപ്പ് | 34 |
| 17 | സെഷൻ 5<br>ഏകാരോഗ്യ പരിപാടിയും വിവിധ വകുപ്പുകളിലെ വിവിധ വിഭാഗം ജീവനക്കാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും.<br>• ആരോഗ്യ – കുടുംബ ക്ഷേമ വകുപ്പ്<br>• കാർഷിക വികസന – കർഷക ക്ഷേമ വകുപ്പ്<br>• മൃഗസംരക്ഷണ വകുപ്പ്<br>• വനം – വന്യജീവി വകുപ്പ്<br>• ജലസേചന വകുപ്പ്<br>• ഡ്രഗ്സ് കൺട്രോൾ വകുപ്പ്<br>• ഫിഷറീസ്<br>• പരിസ്ഥിതി – കാലാവസ്ഥാവ്യതിയാന വകുപ്പ്<br>• ഭക്ഷ്യസുരക്ഷാ വകുപ്പ് | 52 |
| 18 | സെഷൻ 6<br>സംസ്ഥാന, ജില്ല, തദ്ദേശ സർക്കാർ തലങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനവും സംയോജിത രോഗപ്രതിരോധ പ്രവർത്തനങ്ങളും. | 66 |
| 19 | സംഗ്രഹം | 68 |
| 20 | അനുബന്ധം<br>ഏകാരോഗ്യം വിവിധ വകുപ്പുകളിലെ പരിശീലകർക്കുള്ള നിർദ്ദേശങ്ങൾ | 69 |

# ആമുഖം

ഇന്ത്യയിൽ ഇദംപ്രഥമമായി ഏകാരോഗ്യം പരിപാടി നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളം. മനുഷ്യർ, പക്ഷിമൃഗാദികൾ, സസ്യങ്ങൾ, അവയുടെ ആവാസവ്യവസ്ഥകളുൾപ്പെടുന്ന പ്രകൃതി എന്നിവയുടെ ആരോഗ്യം പരസ്പരം അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു എന്നും പരസ്പരാശ്രിതമാണെന്നും തിരിച്ചറിയുന്ന സമീപനമാണ് ഏകാരോഗ്യം (വൺ ഹെൽത്ത്). മനുഷ്യരുടേയും ജീവജാലങ്ങളുടേയും പ്രകൃതിയുടേയും ആരോഗ്യം നിരന്തരമായി നിരീക്ഷിച്ച്, മനുഷ്യരെ ബാധിക്കാവുന്ന വിവിധ പകർച്ചവ്യാധികൾ മനുഷ്യരിലേക്ക് എത്തുന്നത് തടയാനും പ്രതിരോധ പ്രവർത്തനങ്ങളെ മറികടന്ന് എത്തുന്നവ നേരത്തെ കണ്ടെത്താനും നിയന്ത്രിക്കാനും ആവശ്യമായ ഇടപെടലുകൾ നടത്തുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ഉയർന്ന ജനസാന്ദ്രത, പ്രവാസികളുടേയും തന്മൂലമുള്ള അന്തർദേശീയ യാത്രകളുടേയും വർദ്ധനവ്, പ്രായമായവരുടെ എണ്ണത്തിലുള്ള വർദ്ധനവ്, വിസ്തൃതമായ വനമേഖല ഇവയെല്ലാം സംസ്ഥാനത്ത് പകർച്ചവ്യാധികളുടെ അപകടസാധ്യത വർദ്ധിപ്പിക്കുന്ന പ്രധാന ഘടകങ്ങളാണ്. ഇത്തരം സാഹചര്യങ്ങൾ മുൻനിർത്തിയാണ് സംസ്ഥാനത്തിന്റെ ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഏകാരോഗ്യം പരിപാടി (വൺ ഹെൽത്ത് പ്രോഗ്രാം) നടപ്പിലാക്കുവാൻ തീരുമാനിച്ചത്.

നവകേരളം കർമ്മ പദ്ധതി-2-ന്റെ ഭാഗമായി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിലാണ് ഏകാരോഗ്യം പരിപാടി നടപ്പിലാക്കിവരുന്നത്. ജന്തുജന്യരോഗങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും ഇത്തരം രോഗങ്ങളുടെ വ്യാപനം സമയബന്ധിതമായി തടയുന്നതിനും ബന്ധപ്പെട്ട എല്ലാ വകുപ്പുകളേയും ഒത്തൊരുമിപ്പിച്ച് നിലവിലുള്ള സംവിധാനങ്ങളെ ശക്തിപ്പെടുത്തുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. 5 വർഷമാണ് 2021-ൽ ആരംഭിച്ച പരിപാടിയുടെ കാലയളവ്. ആദ്യഘട്ടമായി പമ്പാ നദീതട ജില്ലകളായ കോട്ടയം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട എന്നിവിടങ്ങളിലാണ് പരിപാടി നടപ്പിലാക്കുന്നത്. അടുത്ത ഘട്ടത്തിൽ ബാക്കിയുള്ള 10 ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കും. പരിപാടിയുടെ ലക്ഷ്യത്തിൽ എത്തിച്ചേരുന്നതിനായി വാർഷികാടിസ്ഥാനത്തിൽ ടാർജറ്റുകൾ നിശ്ചയിച്ചിട്ടുണ്ട്. നിലവിൽ 4-ാം വർഷ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. വാർഷിക ടാർജറ്റുകളുടെ വിശദാംശങ്ങൾ താഴെകൊടുത്തിരിക്കുന്നു.

| | |
|---|---|
| 1-ാം വർഷം (2021 ജൂലൈ – 2022 ജൂൺ) | പമ്പാബേസിൻ ജില്ലകളിൽ ജില്ലാതലത്തിലെ ഏകാരോഗ്യം പരിപാടിയുടെ ഏകോപനത്തിനായി ആരോഗ്യകുടുംബക്ഷേമവകുപ്പിന്റെ നേതൃത്വത്തിൽ പരിശീലനം നൽകുക. |
| 2-ാം വർഷം (2022 ജൂലൈ – 2023 ജൂൺ) | പമ്പാബേസിൻ ജില്ലകളിൽ സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം ശക്തിപ്പെടുത്തുന്നതിനായി 2,50,000 സന്നദ്ധസേവകർക്ക് ആരോഗ്യ കുടുംബക്ഷേമവകുപ്പിന്റെ നേതൃത്വത്തിൽ പരിശീലനം നൽകി വിന്യസിക്കുക. |
| 3-ാം വർഷം (2023 ജൂലൈ – 2024 ജൂൺ) | പമ്പാബേസിൻ ജില്ലകളിൽ ആരോഗ്യകുടുംബക്ഷേവകുപ്പിന്റെ നേതൃത്വത്തിൽ മറ്റുവകുപ്പുകളെ സഹകരിപ്പിച്ചുകൊണ്ട് പരിശീലനം ലഭിച്ച സന്നദ്ധപ്രവർത്തകർ വഴി പകർച്ചവ്യാധി നിരീക്ഷണം പതിവായി നടത്തുക. |
| 4-ാം വർഷം (2024 ജൂലൈ – 2025 ജൂൺ) | പമ്പാബേസിൻ ജില്ലകളിലെ 150 തദ്ദേശസർക്കാർ തലത്തിൽ സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം നടപ്പിലാക്കുക. |
| 5-ാം വർഷം (2025 ജൂലൈ – 2026 ജൂൺ) | പമ്പാബേസിൻ ജില്ലകളിൽ ചുരുങ്ങിയത് ഒരു ജന്തുജന്യ രോഗമെങ്കിലും കണ്ടെത്തുന്നതിനും ഫലപ്രദമായി നിയന്ത്രിക്കുന്നതിനും ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് സാധിക്കുക. |

പെട്ടെന്നുണ്ടാകുന്ന രോഗങ്ങൾ, പകർച്ചവ്യാധികൾ, പ്രകൃതിദുരന്തങ്ങൾ, കാലാവസ്ഥാ വ്യതിയാനങ്ങൾ എന്നിവയ്ക്കെതിരായി കേരളത്തിന്റെ പ്രതിരോധം വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കുന്ന Multi Sector Resilience Programme for Results Operation എന്ന പദ്ധതിയിലുൾപ്പെടുത്തിയാണ് ഏകാരോഗ്യം പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. ലോകബാങ്കിൽ (IBRD) നിന്നും ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കിൽ നിന്നും (AIIB) കോ–ഫിനാൻസിംഗ് അടിസ്ഥാനത്തിൽ സഹായം ലഭ്യമാക്കിയാണ് പരിപാടി നടപ്പിലാക്കുന്നത്. ആദ്യം ജന്തുജന്യ രോഗങ്ങൾക്ക് ഊന്നൽനൽകി തുടർന്ന് മറ്റ് പകർച്ചവ്യാധികളുടെ നിയന്ത്രണത്തിലും പിന്നീട് പകർച്ചേതരവ്യാധികൾ, മാനസികാരോഗ്യം.

## പശ്ചാത്തലം

മനുഷ്യർ, പക്ഷിമൃഗാദികൾ, സസ്യങ്ങൾ, അവയുടെ ആവാസ വ്യവസ്ഥകളുൾപ്പെടുന്ന പ്രകൃതി എന്നിവയുടെ ആരോഗ്യം/സുസ്ഥിതി അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്നുവെന്നും പരസ്പരാശ്രിതമാണെന്നും തിരിച്ചറിഞ്ഞ് ഇടപെടുന്ന സമീപനമാണ് ഏകാരോഗ്യം (വൺ ഹെൽത്ത്). മനുഷ്യരുടെയും ജീവജാലങ്ങളുടെയും പ്രകൃതിയുടെയും ആരോഗ്യം നിരന്തരമായി നിരീക്ഷിച്ച് അവയുടെ സുസ്ഥിതിയെ ബാധിക്കാവുന്ന വിവിധ പ്രശ്നങ്ങൾ നേരത്തെ കണ്ടെത്താനും നിയന്ത്രിക്കാനും ആവശ്യമായ ഇടപെടലുകൾ നടത്തുക എന്നതുമാണ് ഈ പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടാണ് ഏകാരോഗ്യം പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. ഏകാരോഗ്യം പരിപാടി ഫലപ്രദമായി നടപ്പിലാക്കുന്നതിന് ആരോഗ്യവകുപ്പിലെയും മറ്റ് അനുബന്ധ വകുപ്പുകളിലെയും ജീവനക്കാരെ പ്രാപ്തരാക്കുന്നതിനുള്ള പരിശീലനം സംഘടിപ്പിക്കുന്നതിനായാണ് ഈ മോഡ്യൂൾ തയ്യാറാക്കിയിട്ടുള്ളത്.

## പരിശീലന ലക്ഷ്യങ്ങൾ

1. ഏകാരോഗ്യം എന്ന ആശയവും അതിന്റെ പ്രസക്തിയും പരിശീലനാർത്ഥികളെ ബോദ്ധ്യപ്പെടുത്തുക.
2. ഏകാരോഗ്യവുമായി ബന്ധപ്പെട്ട് ഓരോ വകുപ്പും ശ്രദ്ധിക്കേണ്ടതും ഇടപെടേണ്ടതുമായ വിഷയങ്ങളെയും പ്രശ്നങ്ങളെയും പരിചയപ്പെടുത്തുക.

   ഉദാ: – ജന്തുജന്യരോഗങ്ങൾ, ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ്, മനുഷ്യ–മൃഗ സംഘർഷം, ജൈവ കടന്നുകയറ്റം മുതലായവ.
3. ഏകാരോഗ്യം – കേരളത്തിലെ സംഘടനാസംവിധാനം, പ്രവർത്തനങ്ങൾ, ഭാവി പരിപാടികൾ, സംയോജിത സമീപനം എന്നിവയെകുറിച്ച് അവബോധമുണ്ടാക്കുക.
4. വിവിധ വകുപ്പുകളിൽ നിലവിൽ നടക്കുന്നതും ഏകാരോഗ്യ പരിപാടിയുടെ ഭാഗമായി നടത്തേണ്ടതുമായ രോഗനിരീക്ഷണം, നിർണ്ണയം, ഇടപെടൽ മുതലായവയെപ്പറ്റി ബോദ്ധ്യപ്പെടുത്തുക, അതോടൊപ്പം സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണത്തെക്കുറിച്ചും അത് നടപ്പിലാക്കേണ്ട രീതിയെക്കുറിച്ചും അവബോധം സൃഷ്ടിക്കുക.
5. സംസ്ഥാന, ജില്ലാ, തദ്ദേശ സർക്കാർ തലങ്ങളിൽ വിവിധ വകുപ്പികളുടെ ഏകോപനത്തെക്കുറിച്ചും സംയോജിതമായ പ്രവർത്തനങ്ങൾ എങ്ങനെ രൂപപ്പെടുത്താം എന്നതിനെക്കുറിച്ചും ബോദ്ധ്യപ്പെടുത്തുക.
6. ഏകാരോഗ്യം പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ വഹിക്കേണ്ട പൊതു, നിർണ്ണയിക്കപ്പെട്ട ഉത്തരവാദിത്തങ്ങൾ ബോദ്ധ്യപ്പെടുത്തുക.

## പരിശീലന വിഷയങ്ങൾ

| സെഷനുകൾ | |
|---|---|
| സെഷൻ 1 | ഏകാരോഗ്യം – ആശയവും പ്രാധാന്യവും. |
| സെഷൻ 2 | ഏകാരോഗ്യം – വിവിധ വകുപ്പുകൾ ശ്രദ്ധിക്കേണ്ട മേഖലകൾ, ഇടപെടേണ്ട വിഷയങ്ങൾ |
| സെഷൻ 3 | ഏകാരോഗ്യം – കേരളവും സംഘടനാ സംവിധാനവും. |
| സെഷൻ 4 | ഏകാരോഗ്യവും വിവിധ വകുപ്പുകളിൽ നിലവിലുള്ളതും നടപ്പിൽ വരുത്തേണ്ടതുമായ രോഗനിരീക്ഷണവും നിർണ്ണയവും ഇടപെടൽ സംവിധാനങ്ങളും സാമൂഹ്യാധിഷ്ഠിത രോഗ നിരീക്ഷണവും |
| സെഷൻ 5 | ഏകാരോഗ്യ പരിപാടി – വിവിധ വകുപ്പുകളിലെ ജീവനക്കാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും. |
| സെഷൻ 6 | സംസ്ഥാന, ജില്ല, തദ്ദേശ സർക്കാർ തലങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനവും സംയോജിത പ്രവർത്തനങ്ങളും |

തുടക്കത്തിൽ പ്രീ ടെസ്റ്റും സമാപനത്തിൽ പോസ്റ്റ് ടെസ്റ്റും നിർബന്ധമായും നടത്തേണ്ടതാണ്.

## പരിശീലനത്തിൽ പങ്കെടുക്കേണ്ടവർ

ആരോഗ്യവകുപ്പിലെയും ഏകാരോഗ്യവുമായി ബന്ധപ്പെട്ടുപ്രവർത്തിക്കുന്ന വകുപ്പുകളിലെയും വിവിധ വിഭാഗം ജീവനക്കാർ.

## പരിശീലനദൈർഘ്യം

ഒരു ദിവസം – രാവിലെ 10 മണി മുതൽ 5 മണി വരെ

## പരിശീലനവേദി

ലഭ്യമായ തദ്ദേശ സർക്കാർ/സ്ഥാപനതല വേദികൾ ഉപയോഗിക്കാവുന്നതാണ്.

## പഠനരീതി

മുതിർന്നവർക്ക് അനുയോജ്യമായ പങ്കാളിത്ത പഠനരീതി

## പരിശീലകർ

ToT പരിശീലനം ലഭിച്ച ആരോഗ്യ വകുപ്പിലെയും വിവിധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർ, മറ്റു വിദഗ്ധർ.

## പഠന സാമഗ്രികൾ

പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് വിശദമായ വായനയ്ക്കും തുടർ പഠനത്തിനും സഹായകമായ കൈപ്പുസ്തകം വിതരണം ചെയ്യുന്നതാണ്. പരിശീലനപരിപാടിയിൽ മോഡ്യൂളുകളിൽ പരമാർശിച്ച പ്രകാരം സ്ലൈഡുകൾ, വീഡിയോ, ചാർട്ട് മുതലായവ ഉപയോഗിക്കേണ്ടതാണ്.

## അനുബന്ധ പ്രവർത്തങ്ങൾ

തുടർപരിശീലനം ആവശ്യമായ ജീവനക്കാർക്ക് അതിനുള്ള അവസരം ഒരുക്കുന്നതായിരിക്കും. പരിശീലകർക്കുവേണ്ടിയുള്ള പരിശീലനം (ToT) തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്കും വിദഗ്ധർക്കും നൽകിയതിന് ശേഷമായിരിക്കും ഉദ്യോഗസ്ഥതല പരിശീലനം ആരംഭിക്കുക. ഓൺലൈനായും തുടർസേവനങ്ങൾ നൽകുന്നതാണ്.

## പ്രോഗ്രാം ഷെഡ്യൂൾ

| നം | വിഷയം | സമയം |
|---|---|---|
| | സ്വാഗതം, ആമുഖം. Pretest | 30 മിനിറ്റ്<br>(10.00 am – 10.30 am) |
| 1 | ഏകാരോഗ്യം – ആശയവും പ്രാധാന്യവും. | 50 മിനിറ്റ്<br>(10.30 am – 11.20 am) |
| | ചായ | 15 മിനിറ്റ്<br>(11.20 am to 11.35 am) |
| 2 | ഏകാരോഗ്യം – വകുപ്പുകൾ ശ്രദ്ധിക്കേണ്ടതും ഇടപെടേണ്ടതുമായ വിഷയങ്ങൾ. | 60 മിനിറ്റ്<br>(11.35 am to 12.35 pm) |
| 3 | ഏകാരോഗ്യം – കേരളവും സംഘടനാസംവിധാനവും. | 45 മിനിറ്റ്<br>12.35 pm – 1.25 pm) |
| | ഉച്ചഭക്ഷണം | 45 മിനിറ്റ്<br>(1.25 pm – 2.10 pm) |
| 4 | ഏകാരോഗ്യം – വകുപ്പുകളിൽ നിലവിലുള്ളതും നടപ്പിൽ വരുത്തേണ്ടതുമായ രോഗനിരീക്ഷണ, നിർണ്ണയ, ഇടപെടൽ സംവിധാനങ്ങൾ, സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം. | 60 മിനിറ്റ്<br>(2.10 pm – 3.10 pm) |
| 5 | ഏകാരോഗ്യം പരിപാടിയും വകുപ്പിലെ വിവിധ വിഭാഗം ജീവനക്കാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും. | 50 മിനിറ്റ്<br>(3.10 pm – 4.00 pm) |
| 6 | സംസ്ഥാന, ജില്ലാ, തദ്ദേശ സർക്കാർ തലങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനവും സംയോജിത പ്രവർത്തനങ്ങളും. | 40 മിനിറ്റ്<br>(4.00 pm– 4.40 pm) |
| | പോസ്റ്റ് ടെസ്റ്റ്<br>ഉപസംഹാരവും നന്ദിയും. | 10 മിനിറ്റ്<br>(4.40 pm to 4.50 pm) |
| | ചായ | 10 മിനിറ്റ്<br>(4.50 pm to 5.00 pm) |

## സെഷൻ 1

### ഏകാരോഗ്യം - ആശയവും പ്രാധാന്യവും

**വിഷയം** : ഏകാരോഗ്യം – ആശയവും പ്രാധാന്യവും

**ലക്ഷ്യം** : പരിശീലനത്തിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥരെ താഴെ പറയുന്നവ ബോദ്ധ്യപ്പെടുത്തുക.

1. ഏകാരോഗ്യം എന്ന ആശയവും സമീപനവും.
2. ഏകാരോഗ്യം എന്ന ആശയത്തിന്റെ പ്രസക്തി, ഏകാരോഗ്യം എന്ന പരിപാടിയുടെ സാദ്ധ്യതകൾ
3. ഏകാരോഗ്യ പരിപാടി കേരളത്തിൽ

**സമയം** : 50 മിനിറ്റ്

## ഉള്ളടക്കവും പഠനരീതിയും

| നം | വിഷയം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| 1 | ആരോഗ്യം, ഏകാരോഗ്യം എന്നിവ എന്താണെന്ന് വിശദീകരിക്കുന്നു | 5 | ബ്രെയിൻ സ്റ്റോമിങ്ങ് പങ്കാളിത്ത അവതരണം | PPT അവതരണം |
| 2 | ഏകാരോഗ്യം എന്ന ആശയത്തിന്റെ ചരിത്രം ഹ്രസ്വമായി വിശദീകരിക്കുന്നു | 3 | പങ്കാളിത്ത അവതരണം | PPT അവതരണം |
| 3 | കേരളം നേരിടുന്ന ആരോഗ്യപ്രശ്നങ്ങൾ, പകർച്ചവ്യാധികൾ, പ്രകൃതിദുരന്തങ്ങൾ, മാലിന്യ നിർമ്മാർജ്ജന പ്രശ്നങ്ങൾ, ഭക്ഷണത്തിലെ മായംചേർക്കൽ, ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് എന്നിവ ചർച്ച ചെയ്യുന്നു | 5 | പങ്കാളിത്ത അവതരണം | PPT അവതരണം |
| 4 | മനുഷ്യന്റെയും മൃഗങ്ങളുടെയും പരിസ്ഥിതിയുടെയും ആരോഗ്യം എങ്ങനെ സംരക്ഷിക്കാം എന്ന് വിശദമാക്കുന്നു. ജൈവ അധിനിവേശത്തെയും മനുഷ്യ മൃഗസംഘർഷത്തെയും കുറിച്ചു വിശദീകരിക്കുന്നു | 7 | പങ്കാളിത്ത അവതരണം | PPT അവതരണം |
| 5 | ഏകാരോഗ്യം – വിവിധ വകുപ്പുകളുടെ ഏകോപനത്തിന്റെ അനിവാര്യത വ്യക്തമാക്കുന്നു | 5 | പങ്കാളിത്ത അവതരണം | PPT അവതരണം |
| 6 | രോഗപ്രതിരോധം അനിവാര്യമായ തലങ്ങൾ ചർച്ച ചെയ്യുന്നു | 5 | പങ്കാളിത്ത അവതരണം | PPT അവതരണം |

| | | | | |
|---|---|---|---|---|
| 7 | ജനകീയപ്രശ്നങ്ങളെ പ്രതിരോധിക്കാൻ ഏകാരോഗ്യത്തിലൂടെ എങ്ങനെ സാധിക്കും എന്ന് വ്യക്തമാക്കുന്നു – ഇത് ജനകീയ മുന്നേറ്റമാക്കുന്നത് എങ്ങനെയെന്ന് വിശദീകരിക്കുന്നു. | 10 | പങ്കാളിത്ത അവതരണം | PPT അവതരണം |
| 8 | ഏകാരോഗ്യ പരിപാടി കേരളത്തിൽ | 5 | പങ്കാളിത്ത അവതരണം | PPT അവതരണം |
| 9 | സംശയ നിവാരണം | 5 | | |

## ആവശ്യമായ കുറിപ്പുകൾ

- ആരോഗ്യം എന്നാലെന്ത് എന്ന ചോദ്യത്തിലൂടെ ആരംഭിക്കാം. തുടർന്ന് ആരോഗ്യമെന്നത് മനുഷ്യന്റെ ശാരീരികവും മാനസികവും സാമൂഹ്യവുമായ സുസ്ഥിതിയാണെന്ന് വ്യക്തമാക്കുന്നു. ഈ നിർവ്വചനത്തിൽ നിന്നുകൊണ്ട് ഏകാരോഗ്യം എന്ന ആശയം വ്യക്തമാക്കണം. ഏകാരോഗ്യമെന്നത് മനുഷ്യൻ, സസ്യ ജന്തുജാലങ്ങൾ എന്നിവയുടെ ആരോഗ്യവും പരിസ്ഥിതിയുടെ ആരോഗ്യവും ഉൾച്ചേർന്നതാണെന്ന് വ്യക്തമാക്കണം. ജലം, വായു, മണ്ണ് എന്നിവ മലിനമാകുന്നതും ശാസ്ത്രീയമായ മാലിന്യപരിപാലനത്തിന്റെ പരിമിതികളും ജൈവവൈവിദ്ധ്യത്തിന്റെ ശോഷണവും ആവാസവ്യവസ്ഥയുടെ അഥവാ പരിസ്ഥിതിയുടെ ആരോഗ്യത്തെ നിർണ്ണയിക്കുന്ന ഘടകങ്ങളാണ്.
- മനുഷ്യരിൽനിന്നും മൃഗങ്ങളിലേക്കും തിരിച്ചും വ്യാപിക്കുന്ന രോഗങ്ങളെയാണ് ജന്തുജന്യരോഗങ്ങൾ അഥവാ സൂണോട്ടിക് രോഗങ്ങൾ എന്ന് വിളിക്കുന്നത്. സൂണോസിസ് എന്താണെന്നും 2004-ലെ വൈൽഡ് ലൈഫ് കൺസർവേഷൻ സിമ്പോസിയം ഉയർത്തിയ 'ഏകലോകം ഏകാരോഗ്യം' എന്ന ആശയം, മഹാമാരികൾ നേരിടുവാൻ ഏകാരോഗ്യസമീപനത്തിനായി 2007-ൽ ന്യൂഡൽഹിയിൽ സംഘടിപ്പിച്ച കോൺഫറൻസ്, ഏകാരോഗ്യത്തിന്റെ ചരിത്രം എന്നിവയെക്കുറിച്ചും പ്രതിപാദിക്കുന്നു.
- എപ്പിഡെമിയോളജിക്കൽ ത്രയങ്ങൾ ചർച്ചചെയ്യുന്നു. ഏജന്റ് എന്നത് രോഗകാരിയെയും, ഹോസ്റ്റ് എന്നത് രോഗം ബാധിക്കുന്നവരെയും, എൻവയോൺമെന്റ് എന്നത് പരിസ്ഥിതിയെയും സൂചിപ്പിക്കുന്നു. സമഗ്ര ആരോഗ്യസംരക്ഷണം എന്നത് ഏകാരോഗ്യം എന്ന ആശയത്തിലധിഷ്ഠിതമായി നിലനിൽക്കേണ്ടതാണ്. അതിൽ മനുഷ്യന്റെ ആരോഗ്യവും സസ്യജന്തുജാലങ്ങളുടെ ആരോഗ്യവും ആവാസവ്യവസ്ഥയുടെ ആരോഗ്യവും ഉൾച്ചേരുന്നതാണ്.
- ഏകാരോഗ്യമെന്ന ആശയം ഫലപ്രദമായി പ്രയോഗികമാക്കണമെങ്കിൽ ആരോഗ്യം, തദ്ദേശ സ്വയംഭരണം, മൃഗസംരക്ഷണം, കൃഷി, വനം-വന്യജീവി, ഭക്ഷ്യസുരക്ഷ, പരിസ്ഥിതി - കാലാവസ്ഥാവ്യതിയാനം, ഫിഷറീസ്, ജലസേചനം, ഡ്രഗ് കൺട്രോൾ തുടങ്ങിയ വിവിധ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനം അത്യന്താപേക്ഷിതമാണ്. മറ്റു വകുപ്പുകളുടെ സഹകരണം ആവശ്യാനുസരണം ലഭ്യമാക്കാവുന്നതാണ്.
- ജൈവ അധിനിവേശത്തെയും മനുഷ്യ - മൃഗ സംഘർഷത്തെയും കുറിച്ച് വിശദീകരിക്കുക.
- ആരോഗ്യകരമായ ഭക്ഷണം ലഭ്യമാക്കുന്നതിനായി ഭക്ഷ്യസുരക്ഷ, കാർഷിക മേഖലയിലെ അശാസ്ത്രീയമായ കീടനാശിനിപ്രയോഗമടക്കമുള്ള അപകടകരമായ പ്രവണതകൾ, ജന്തുജന്യരോഗങ്ങൾ, കാലാവസ്ഥാവ്യതിയാനം മൂലമുണ്ടാകുന്ന പ്രതിസന്ധികൾ, ആന്റിബയോട്ടിക്കുകളുടെ അശാസ്ത്രീയമായ ഉപയോഗം തുടങ്ങിയവ മനുഷ്യരുടെ ആരോഗ്യം ഉറപ്പാക്കുന്നതിനായി അഭിസംബോധന ചെയ്യേണ്ട വിഷയങ്ങളാണെന്നും അതിലെല്ലാം ഇടപെടൽ ആവശ്യമാണെന്നും ചാർട്ടിന്റെ സഹായത്താൽ വിശദീകരിക്കണം.
- കേരളജനത നേരിടുന്നതും നേരിട്ടതുമായ പകർച്ചവ്യാധികൾ, പ്രകൃതിദുരന്തങ്ങൾ, ഭക്ഷ്യസുരക്ഷാ പ്രശ്നങ്ങൾ, മാലിന്യനിർമ്മാർജ്ജന രംഗത്തും ജലവിതരണരംഗത്തും നേരിടുന്ന പ്രശ്നങ്ങൾ എന്നിവ ലളിതമായി പ്രതിപാദിക്കണം.+p
- ഏകാരോഗ്യം ഒരു ജനകീയ വിഷയമാണ്. വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങൾ തദ്ദേശസർക്കാർതലത്തിൽ ഏകോപിപ്പിക്കുവാൻ കഴിയണം. ജനങ്ങളുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മനോഭാവത്തിൽ

മാറ്റമുണ്ടാവേണ്ടതുണ്ട്. സന്നദ്ധപ്രവർത്തകരുടെ സേവനവും പങ്കാളിത്തവും ഇക്കാര്യത്തിൽ ഉറപ്പുവരുത്താൻ കഴിയണം. അതിനനുസൃതമായ ഒരു സാഹചര്യമാണ് നമ്മുടെ സംസ്ഥാനത്തുള്ളതെന്ന് മുൻകാല അനുഭവങ്ങൾ തെളിയിക്കുന്നു. ഈ വിഷയത്തിൽ പരിശീലനാർത്ഥികൾക്ക് അവബോധവും ധാരണയും ഉണ്ടാക്കുന്നതിനായി താഴെ കൊടുത്തിരിക്കുന്ന വിഷയം ചർച്ചക്കും വിശകലനത്തിനുമായി നൽകണം. രണ്ടു ഗ്രൂപ്പുകളായി തിരിച്ചുകൊണ്ട് ചർച്ച ചെയ്യുന്നതായിരിക്കും അഭികാമ്യം. ചർച്ചക്കുശേഷം ഒരു ഗ്രൂപ്പിനെങ്കിലും അവതരണത്തിന് അവസരം നൽകണം. സമയം ക്രമീകരിക്കുന്നതിനുവേണ്ടി പൊതുഗ്രൂപ്പിൽ കേസ് സ്റ്റഡി അവതരിപ്പിച്ച് ചർച്ച ചെയ്താൽ മതിയാകും.

- PPT അവതരണം തയ്യാറാക്കുന്നതിനും, ഉദാഹരണങ്ങൾ സൂചിപ്പിക്കുന്നതിനും കൈപ്പുസ്തകത്തിൽ കൊടുത്തിരിക്കുന്ന വിശദ വിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്.

## കേസ് സ്റ്റഡി - വിഷയം

ഒരു പേരയുടെ ചുവട്ടിൽ കിടന്നിരുന്ന പേരക്ക കഴിച്ച കുട്ടികളിൽ ചിലർക്ക് ഛർദ്ദി അനുഭവപ്പെട്ടുവെന്ന് ഒരു സന്നദ്ധ പ്രവർത്തകൻ റിപ്പോർട്ട് ചെയ്താൽ എന്ത് ചെയ്യും?

എന്തൊക്കെ ചെയ്യാൻ കഴിയും എന്ന് ചർച്ച ചെയ്ത് റിപ്പോർട്ട് നൽകണം. പരിശീലകൻ ക്രോഡീകരിച്ച് സംസാരിച്ചുകൊണ്ട് ക്ലാസ്സ് അവസാനിപ്പിക്കണം.

## സെഷൻ 2

### ഏകാരോഗ്യം - വിവിധ വകുപ്പുകൾ ശ്രദ്ധിക്കേണ്ടതും ഇടപെടേണ്ടതുമായ വിഷയങ്ങൾ

### ആരോഗ്യവകുപ്പ്

**വിഷയം :** ആരോഗ്യവകുപ്പിന്റെ ഇടപെടലുകൾ

**ലക്ഷ്യം :**

1. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഏകാരോഗ്യ പരിപാടിയിൽ അഭിസംബോധന ചെയ്യേണ്ട വിഷയങ്ങളെ കുറിച്ച് അറിവും ധാരണയുമുണ്ടാക്കുക.
2. ഏകാരോഗ്യത്തിന്റെ പശ്ചാത്തലത്തിൽ അറിവും ശേഷികളും പ്രവർത്തന തലങ്ങളിൽ ഉപയോഗിക്കാൻ കഴിയുക.

**സമയം :** 60 മിനിട്ട്

**ഉള്ളടക്കം – പഠനരീതി**

| നം | വിഷയം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| 1. | പകർച്ചവ്യാധികളും പൊതുജനാരോഗ്യവും | 10 | പൊതു ചർച്ച പരിശീലകൻ ക്രോഡീകരിക്കണം. | – |
| 2. | കേരളത്തിൽ കണ്ടുവരുന്ന ജന്തുജന്യരോഗങ്ങൾ – പ്രതിരോധം | 15 | നിലവിലെ അറിവിനെ ആധാരമാക്കി ചർച്ചയും അധിക വിവരങ്ങളും നൽകുന്ന, അവതരണം. | PPT അവതരണം |
| 3. | പ്രാണിജന്യരോഗങ്ങൾ – പ്രതിരോധം | 15 | നിലവിലെ അറിവിനെ ആധാരമാക്കി ചർച്ചയും അധിക വിവരങ്ങളും നൽകുന്ന, അവതരണം | PPT അവതരണം |
| 4. | ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് (AMR) | 15 | നിലവിലെ അറിവിനെ ആധാരമാക്കി ചർച്ചയും അധിക വിവരങ്ങളും നൽകുന്ന അവതരണം | PPT അവതരണം |
| 5. | സംശയ നിവാരണം | 5 | ചർച്ച | |

<u>ആവശ്യമായ കുറിപ്പുകൾ</u>

- പകർച്ചവ്യാധികളുടെ സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ പൊതുജനാരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് കോവിഡ് മഹാമാരി പോലുള്ളവയുടെ ഉദാഹരണത്തിലൂടെ ആമുഖമായി ചർച്ചചെയത് ആരംഭിക്കുന്നു. പുതിയ രോഗങ്ങളും, നിർമ്മാർജ്ജനം ചെയ്യുന്നു കരുതിയെങ്കിലും തിരിച്ചുവരുന്ന രോഗങ്ങളെക്കുറിച്ചും സൂചിപ്പിക്കുന്നു.
- പ്രധാന ജന്തുജന്യരോഗങ്ങൾ, രോഗവാഹകർ, സംശയിക്കുന്ന രോഗലക്ഷണങ്ങൾ, ചികിത്സ, പരിശോധനകൾ, അപായസൂചനകൾ, പ്രതിരോധശീലങ്ങൾ എന്നിവയെക്കുറിച്ച് വിശദീകരിക്കുന്നു.
- പ്രധാന പ്രാണിജന്യരോഗങ്ങൾ – ലക്ഷണങ്ങൾ, പ്രതിരോധപ്രവർത്തങ്ങൾ എന്നിവ വിശദീകരിക്കുന്നു.
- ജന്തുജന്യരോഗങ്ങളെക്കുറിച്ചും പ്രാണിജന്യരോഗങ്ങളെക്കുറിച്ചും പരിസ്ഥിതി പ്രശ്നങ്ങൾ, (മലിനീകരണമടക്കമുള്ള) കാലാവസ്ഥാവ്യതിയാനം എന്നിവയുമായി ബന്ധപ്പെട്ട് എപ്രകാരം മുന്നൊരുക്കങ്ങളും പ്രതിരോധവും ഉറപ്പാക്കണമെന്ന് വിശദീകരിക്കണം.
- ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് (AMR) മനുഷ്യരെ മാത്രമല്ല മറ്റു ജീവജാലങ്ങളെയും ബാധിക്കുന്നുവെന്നും മറ്റു ജീവജാലകങ്ങളിൽ നിന്നും മനുഷ്യരിലേക്കും നീളുന്ന ചാക്രിക പ്രവർത്തനമാണെന്നും ബോദ്ധ്യപ്പെടുത്തണം.
- AMR ലേക്ക് നയിക്കുന്ന ശീലങ്ങൾ, സ്വയം ചികിത്സ, മരുന്നുകളുടെ ദുരുപയോഗം, ഉപയോഗശൂന്യമായ മരുന്നുകളുടെ ഒഴിവാക്കൽ എന്നിവ ചർച്ചയിൽ ഉൾപ്പെടുത്തണം. വിവിധരോഗങ്ങളുമായി ബന്ധപ്പെട്ട സംഭവങ്ങൾ (events) റിപ്പോർട്ട് ചെയ്ത കേസുകൾ ഉദ്ധരിച്ച് വിശദീകരിക്കണം.
- PPT അവതരണം തയ്യാറാക്കുന്നതിനും, ഉദാഹരണങ്ങൾ സൂചിപ്പിക്കുന്നതിനും കൈപ്പുസ്തകത്തിൽ കൊടുത്തിരിക്കുന്ന വിശദ വിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്.

## കാർഷിക വികസന, കർഷകക്ഷേമ വകുപ്പ്

**വിഷയം** : കൃഷിയും ഏകാരോഗ്യവും

**ലക്ഷ്യം** : പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് താഴെ പറയുന്നവ ബോദ്ധ്യപ്പെടുത്തുക.

1. കാർഷികരംഗത്ത് രാസവളങ്ങൾ, കീടനാശിനികൾ, കുമിൾനാശിനികൾ, കളനാശിനികൾ എന്നിവയുടെ ശരിയായ ഉപയോഗത്തിന്റെ പ്രാധാന്യം, അമിത ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ, സുരക്ഷിതമായി കൈകാര്യം ചെയ്യുന്ന രീതിയും മാലിന്യ സംസ്കരണവും എന്നിവയെ കുറിച്ച് ബോദ്ധ്യപ്പെടുത്തുക.
2. സംയോജിത കീടരോഗനിയന്ത്രണം (IPDM), ഗുഡ് അഗ്രികൾച്ചർ പ്രാക്ടീസ് (GAP), Integrated Nutrient Management (INM) ഇവയുടെ പ്രാധാന്യം.
3. കാർഷിക മേഖലയിൽ ജനകീയ സംരംഭങ്ങളുടെ പ്രസക്തി ബോദ്ധ്യപ്പെടുത്തുക.
4. ജൈവകൃഷി രീതികളും, പോഷകാരോഗ്യത്തിന്റെ പ്രാധാന്യവും – ബോധവൽ കരണം.

**സമയം** : 60 മിനിറ്റ്

**ഉള്ളടക്കവും പഠനരീതിയും**

| നം | വിഷയം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| 1 | ശാസ്ത്രീയ കൃഷിരീതികളുടെ പൊതുധാരണകൾ ബോദ്ധ്യപ്പെടുത്തുക | 10 | ബ്രെയിൻ സ്റ്റോമിങ്ങ്/ PPT അവതരണം | PPT അവതരണം, ചാർട്ട് പേപ്പർ |
| 2 | വിവിധതരം കീടനാശിനികൾ/ വളങ്ങൾ (ജൈവം/രാസം) എന്നിവയുടെ ശാസ്ത്രീയമായ ഉപയോഗം | 10 | പങ്കാളിത്ത അവതരണം PPT അവതരണം | PPT അവതരണം |
| 3 | വിവിധതരം കീടനാശിനികളുടെ, അശാസ്ത്രീയ ഉപയോഗം അനുഭവസാക്ഷ്യങ്ങൾ വിശദീകരിക്കുക. (Pesticide resudual management) | 10 | പങ്കാളിത്ത അവതരണം PPT അവതരണം | PPT അവതരണം |
| 4 | കീടനാശിനികളുടെ സുരക്ഷിതമായ കൈകാര്യ രീതികൾ | 5 | പങ്കാളിത്ത അവതരണം | വീഡിയോ https://youtu.be/r9x33zkLdKA?si=95xjVhcCcWGSuAj1 |
| 5 | മാലിന്യസംസ്കരണം | 5 | പങ്കാളിത്ത അവതരണം | വീഡിയോ https://youtu.be/E2ZiLgEV9HY?si=3L52Z9kCTbsxBXyE |

| | | | | |
|---|---|---|---|---|
| 6 | IPDM (വിവിധങ്ങളായ രോഗ കീട നിയന്ത്രണ രീതികളും ഇവയുടെ സംയോജനവും) | 8 | PPT അവതരണം | PPT അവതരണം |
| 7 | ജനകീയ കൃഷി സംരംഭങ്ങളുടെ പ്രസക്തിയും പ്രാധാന്യവും. | 7 | PPT അവതരണം | PPT അവതരണം |
| 8 | സംശയനിവാരണം | 5 | | |

## <u>ആവശ്യമായ കുറിപ്പുകൾ</u>

1. പൊതു ധാരണകൾ:

   'രാസവളങ്ങളും കീടനാശിനികളും കളനാശിനികളും നമുക്ക് ആവശ്യമോ' എന്ന വിഷയത്തിൽ ചർച്ച നടത്താം, ഇവയുടെ പ്രയോജനവും ദൂഷ്യവശങ്ങളും വിശദീകരിക്കാം ഭക്ഷ്യോത്പാദന രംഗത്തെ സ്വയംപര്യാപ്തത, ഹരിതവിപ്ലവത്തിലൂടെ നേടിയതിൽ ഇവയുടെ പ്രാധാന്യം വിശദീകരിക്കുക.

2. വിവിധതരം കീടനാശിനികൾ/രാസവളങ്ങൾ/ജൈവവളങ്ങൾ, ഇവയുടെ തരംതിരിക്കൽ എന്നിവ വിശദീകരിക്കാം
   - ജൈവകീടനാശിനികൾ
   - രാസകീടനാശിനികൾ
   - ജൈവവളങ്ങൾ
   - രാസവളങ്ങൾ
   - ജൈവജീവാണു വളങ്ങൾ
   - കളനാശിനികൾ

3.
   - ഓരോ കീടനാശിനിയും രാസവളങ്ങളും ഉപയോഗിക്കേണ്ട ഡോസേജ്/രീതികൾ/സമയം എന്നിവയെപ്പറ്റി വർഷങ്ങൾ നീണ്ട പരീക്ഷണങ്ങളിലൂടെ ചിട്ടപ്പെടുത്തിയ അംഗീകൃത കാർഷികമുറകൾ ഇന്ന് ലഭ്യമാണ്. ഇത്തരത്തിൽ തയ്യാറാക്കിയ കാർഷികമുറകൾ അനുവർത്തിക്കേണ്ട പ്രാധാന്യം വിശദീകരിക്കാം.
   - ഒരു രോഗ/കീടബാധയുടെ തോത് നിർണ്ണയിച്ച ശേഷം നിയന്ത്രണ മാർഗ്ഗങ്ങൾ അനുവർത്തിക്കേണ്ട പ്രാധാന്യം വിശദീകരിക്കാം.
   - ഒരു വിളയുടെ ജീവിതചക്രത്തിൽ കീടരോഗനിയന്ത്രണം നടത്തേണ്ട സമയം വളരെ പ്രാധാന്യമുള്ളതാണ്.
   - ഒരു കീട/രോഗ നിയന്ത്രണമാർഗ്ഗം ഉപയോഗിച്ചാൽ അവയുടെ അവശിഷ്ട വിഷാംശം വിളവിൽ തനിയെ നിർവീര്യമാകുംവിധം കാത്തിരിപ്പ്കാലം ക്രമീകരിക്കുന്നതിന്റെ പ്രാധാന്യം വിശദീകരിക്കാം.
   - അശാസ്ത്രീയ ഉപയോഗംമൂലം പ്രകൃതിയ്ക്കുണ്ടാകുന്ന ദൂഷ്യവശങ്ങൾ ചർച്ച ചെയ്യാം.

- മണ്ണിന്റെ ഘടനാമാറ്റം
- മിത്രകീടങ്ങളുടെ നാശം
- മണ്ണ്/വായു/ജലമലിനീകരണം
- പുതിയ രോഗങ്ങൾ/കീടങ്ങളുടെ ആവിർഭാവം (ചില മൈനർ പെസ്റ്റുകൾ മേജർ പെസ്റ്റുകളായി മാറുന്നു – ആഫ്രിക്കൻ ഒച്ചിന്റെ വ്യാപനം)
- കീടനാശിനിയുടെ അമിത ഉപയോഗത്തിന് വലിയ ഉദാഹരണമാണ് ഇടുക്കി ജില്ലയിലെ ഏലത്തോട്ടങ്ങൾ – വിശദീകരികുക.

4. കീടനാശിനി പ്രയോഗിക്കേണ്ട സമയത്ത് സ്വീകരിക്കേണ്ട വസ്ത്രധാരണം, സുരക്ഷിതമായ പ്രയോഗരീതി എന്നിവയെപ്പറ്റി ഒരു വീഡിയോ അവതരണം നടത്താവുന്നതാണ്.
5. കീടനാശിനികളുടെയും അതുമായി ബന്ധപ്പെട്ട മാലിന്യങ്ങളുടെയും സംസ്കരണ രീതിയെപ്പറ്റി ഒരു വീഡിയോ അവതരണം നടത്താവുന്നതാണ്.
6. സംയോജിത കീടരോഗ നിയന്ത്രണം (Integrated Pest and Disease Management)

വിവിധങ്ങളായ രോഗകീട നിയന്ത്രണ മാർഗ്ഗങ്ങൾ സംയോജിപ്പിച്ച് പരമാവധി മനുഷ്യനും മറ്റ് ജീവികൾക്കും പ്രകൃതിയ്ക്കും ദോഷം വരാത്ത രീതിയിൽ നടത്തുന്ന മാർഗ്ഗമാണിത്.

വിവിധങ്ങളായ മാർഗ്ഗങ്ങളെപ്പറ്റി പരാമർശിക്കാം.

- കൾച്ചറൽ മെതേഡ് – Field Sanitation Vector Control
- മെക്കാനിക്കൽ മെതേഡ്
- ഫിസിക്കൽ മെതേഡ്
- ലീഗൽ മെതേഡ്
- ബയോളജിക്കൽ മെതേഡ്
- കെമിക്കൽ മെതേഡ്

മേൽപ്പറഞ്ഞവയെപ്പറ്റി വിശദമായി അവതരിപ്പിക്കാം. ഇതിൽ ആദ്യത്തെ 5 മാർഗ്ഗങ്ങളും ഉപയോഗിച്ചിട്ട് മാത്രമാണ് നമ്മൾ കെമിക്കൽ മാർഗ്ഗങ്ങൾ അവലംബിക്കുന്നത്. വളരെ ശാസ്ത്രീയമായ ഈ രീതി പ്രോത്സാഹിക്കുന്നതിന്റെ ഗുണങ്ങൾ വിവരിക്കാം

ജനകീയ സംരംഭങ്ങളായ ഞങ്ങളും കൃഷിയിലേക്ക്, കൃഷി സമൃദ്ധി, സമഗ്ര പച്ചക്കറി ഉല്പാദന യജ്ഞം, പോഷകസമൃദ്ധി മിഷൻ, തരിശുനിലങ്ങൾ കൃഷിയിടങ്ങളാക്കുന്ന പരിപാടി, പഴം, പച്ചക്കറി സ്വയംപര്യാപ്തത പരിപാടി, കാർഷിക കൂട്ടായ്മ പരിപാടി എന്നിവ ഉദാഹരണങ്ങളായി എടുത്തു പറഞ്ഞു വിശദീകരിക്കുക

## മൃഗസംരക്ഷണ വകുപ്പ്

**വിഷയം** : ഏകാരോഗ്യം – മൃഗസംരക്ഷണ മേഖലയിലെ ഇടപെടലുകൾ.

**ലക്ഷ്യം** :

1. മനുഷ്യർക്കുണ്ടാകുന്ന വിവിധ ജന്തുജന്യരോഗങ്ങളെക്കുറിച്ച് ധാരണ.
2. വളർത്തുമൃഗങ്ങൾ വന്യജീവികൾ പ്രാണികൾ എന്നിവയിൽ നിന്നും മനുഷ്യർക്കും, മൃഗങ്ങൾക്കും ഇടയിൽ പകരുന്ന രോഗങ്ങളെക്കുറിച്ച് ഏകാരോഗ്യം എന്ന ആശയത്തെ അടിസ്ഥാനപ്പെടുത്തി വിശദീകരിക്കാൻ സാധിക്കുന്നു.
3. രോഗാണുക്കൾ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ തിരിച്ചറിയാൻ പ്രാപ്തമാകുന്ന തിനോടൊപ്പം നാം ഈ മേഖലയിൽ കൈവരിക്കേണ്ട ലക്ഷ്യങ്ങളെക്കുറിച്ച് ധാരണയുമുണ്ടാകുന്നു.

**സമയം** : 60 മിനിറ്റ്

**ഉള്ളടക്കവും പഠനരീതിയും**

| നം | വിഷയം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| 1 | വൈറസുകൾ മൂലമുണ്ടാകുന്ന ജന്തു ജന്യരോഗങ്ങൾ, സംക്രമണം, രോഗലക്ഷണങ്ങൾ,രോഗനിർണ്ണയം, പ്രതിരോധം, നിയന്ത്രണം | 20 | പങ്കാളിത്ത അവതരണം, PPT അവതരണം | PPT അവതരണം, ചാർട്ട് പേപ്പർ |
| 2 | ബാക്ടീരിയ മൂലമുണ്ടാകുന്ന ജന്തുജന്യരോഗങ്ങൾ, സംക്രമണം, രോഗലക്ഷണങ്ങൾ, രോഗനിർണ്ണയം, പ്രതിരോധം, നിയന്ത്രണം | 15 | പങ്കാളിത്ത അവതരണം, PPT അവതരണം | PPT അവതരണം, ചാർട്ട് പേപ്പർ |
| 3 | പരാദങ്ങൾ ഉണ്ടാക്കുന്ന ജന്തുജന്യരോഗങ്ങൾ, സംക്രമണം, രോഗലക്ഷണങ്ങൾ, രോഗ നിർണ്ണയം, പ്രതിരോധം, നിയന്ത്രണം | 12 | പങ്കാളിത്ത അവതരണം, PPT അവതരണം | PPT അവതരണം, ചാർട്ട് പേപ്പർ |
| 4 | AMR, ജൈവസുരക്ഷ | 10 | പങ്കാളിത്ത അവതരണം, PPT അവതരണം | PPT അവതരണം, ചാർട്ട് പേപ്പർ |
| 5 | മൃഗരോഗ ചികിത്സയും മൃഗരോഗ പ്രതിരോധവും മൃഗങ്ങളുടെ ആരോഗ്യസംരക്ഷണത്തിനോ ടൊപ്പം മനുഷ്യാരോഗ്യ സംരക്ഷണത്തിനും അനിവാര്യ മാണെന്ന് ബോദ്ധ്യപ്പെടുത്തുക. | 3 | PPT അവതരണം | PPT അവതരണം |

## ആവശ്യമായ കുറിപ്പുകൾ

1. കേരളത്തിൽ സാധാരണമായി കണ്ടുവരുന്ന ജന്തുജന്യരോഗങ്ങളെക്കുറിച്ച് വിശദമായി പ്രതിപാദിക്കണം.
2. Emerging and Re–emerging രോഗങ്ങളെ കുറിച്ച് പ്രതിപാദിക്കണം.
3. രോഗാണുക്കൾ അവയുടെ പ്രത്യേകതകൾ, വാഹകർ, പകർച്ച, ലക്ഷ്യങ്ങൾ, നിർണ്ണയം, ചികിത്സ, പ്രതിരോധം, നിയന്ത്രണം എന്നിവ പ്രതിപാദിക്കണം. പ്രതിരോധം, നിയന്ത്രണം എന്നിവയ്ക്ക് ഊന്നൽ നൽകുക
4. ഉത്തരവാദിത്തത്തോടുകൂടിയ ആന്റിബയോട്ടിക്ക് ഉപയോഗത്തെക്കുറിച്ചും അതിന്റെ ആവശ്യകതയെക്കുറിച്ചും, infection, prevention, control എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ചും പ്രതിപാദിക്കണം.
5. ജൈവസുരക്ഷ അവലംബിക്കേണ്ടതിന്റെ ആവശ്യകത, പ്രാബല്യത്തിൽ വരുത്തേണ്ടതിന്റെ പ്രാധാന്യം, ജൈവസുരക്ഷാരീതികൾ, മാർഗ്ഗങ്ങൾ എന്നിവ പ്രതിപാദിക്കണം.
6. ജന്തുജന്യരോഗങ്ങൾ വ്യക്തികളെ മാത്രമല്ല, കുടുംബത്തെയും സമൂഹത്തെയും ബാധിക്കുന്നു എന്ന് പഠിതാക്കളെ ബോധിപ്പിക്കുകയും പല ജന്തുജന്യരോഗങ്ങളും പൊതുജനാരോഗ്യ പ്രശ്നമാണെന്നും പാൻഡെമിക് ആകുവാൻ പ്രാപ്തിയുള്ളവയാണെന്നും ബോദ്ധ്യപ്പെടുത്തണം.
7. മൃഗരോഗചികിത്സയും മൃഗരോഗപ്രതിരോധവും മൃഗങ്ങളുടെ ആരോഗ്യസംരക്ഷണത്തിനോടൊപ്പം മനുഷ്യാരോഗ്യസംരക്ഷത്തിനും അനിവാര്യമാണ് എന്നു ബോദ്ധ്യപ്പെടുത്തുക.. ഉദാഹരണത്തിന് പേവിഷബാധയെപ്പറ്റി വിശദീകരിക്കുക.
8. PPT അവതരണം തയ്യാറാക്കുന്നതിനും, ഉദാഹരണങ്ങൾ സൂചിപ്പിക്കുന്നതിനും കൈപ്പുസ്തകത്തിൽ കൊടുത്തിരിക്കുന്ന വിശദ വിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്.

## വനം - വന്യ ജീവി വകുപ്പ്

**വിഷയം** : ഏകാരോഗ്യവും വന, വന്യമൃഗസംരക്ഷണവും.

**ലക്ഷ്യം** :

1. മനുഷ്യ – വന്യജീവി സംഘർഷവും ജന്തുജന്യരോഗങ്ങളും – കാലികപ്രസക്തി, മുൻകരുതലുകൾ എന്നിവയെക്കുറിച്ച് അവഗാഹം ഉണ്ടാക്കുക.
2. വന്യജീവി – രക്ഷാപ്രവർത്തനവും പുനരധിവാസവും – പ്രശ്നങ്ങളും പരിഹാരങ്ങളും വിശദീകരിക്കുക ഉദ്ബോധിപ്പിക്കുക.
3. ശാസ്ത്രീയമായ വനസംരക്ഷണത്തിന്റെ പ്രാധാന്യം ബോദ്ധ്യപ്പെടുത്തുക

**സമയം** : 60 മിനിറ്റ്

**ഉള്ളടക്കവും പഠനരീതിയും**

| നം | വിഷയം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| 1 | വനനശീകരണം, ആവാസ വ്യവസ്ഥയിലെ കയ്യേറ്റം, ഭക്ഷ്യ ലഭ്യതയിലെ കുറവ് എന്നിവ വിശദീകരിക്കുക. | 15 | PPT അവതരണം, ചർച്ച | PPT അവതരണം, ചാർട്ട് പേപ്പർ |
| 2 | മനുഷ്യ – വന്യജീവി സംഘർഷം എന്ത് എന്ന് വിശദമാക്കുന്നു. | 10 | PPT അവതരണം ചർച്ച | PPT അവതരണം, ചാർട്ട് പേപ്പർ |
| 3 | വന്യജീവി രക്ഷാപ്രവർത്തനം: പുനരധിവാസം എന്നിവ വിശദീകരിക്കുന്നു | 20 | PPT അവതരണം, ചർച്ച | PPT അവതരണം, ചാർട്ട് പേപ്പർ |
| 4 | ജന്തുജന്യരോഗങ്ങളും വന്യജീവി സംഘർഷവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് വിശദമാക്കുന്നു | 10 | PPT അവതരണം, ചർച്ച | PPT അവതരണം, ചാർട്ട് പേപ്പർ |
| 5 | സംശയനിവാരണം | 5 | | |

ആവശ്യമായ കുറിപ്പുകൾ

- കേരളത്തിൽ നിലവിൽ കാണപ്പെടുന്നതും ഭാവിയിൽ വരാൻ സാദ്ധ്യത ഉള്ളതുമായ രോഗങ്ങളെക്കുറിച്ച് എല്ലാ ഫീൽഡ്തല ജീവനക്കാർക്കും സ്റ്റാഫുകൾക്കും അവബോധം സൃഷ്ടിക്കേണ്ടതുണ്ട്. മിക്ക രോഗങ്ങളുടെയും ജീവിതചക്രത്തിൽ പ്രധാനപങ്ക് വന്യജീവികൾക്കും അവയെ ചുറ്റിയുള്ള ആവാസവ്യവസ്ഥയ്ക്കുമുണ്ട്. (ഉദാ: നിപ്പ, കൊറോണ, കുരങ്ങുപനി എന്നിവ) അത്തരം കാര്യങ്ങൾക്ക് ഊന്നൽ കൊടുത്തു കൊണ്ട് ലളിതമായ രീതിയിൽ ബോദ്ധ്യപ്പെടുത്തുക. അതോടൊപ്പം മനുഷ്യരിലും മൃഗങ്ങളിലും കാണാൻ സാധിക്കുന്ന പ്രധാനപ്പെട്ട ലക്ഷണങ്ങളും ബോദ്ധ്യപ്പെടുത്തേണ്ടതുണ്ട്.
- എന്താണ് മനുഷ്യ – വന്യജീവി സംഘർഷം എന്നത് വ്യക്തമാക്കണം. കേരളത്തിലെ സാഹചര്യത്തിൽ ഏതെല്ലാം ജീവികൾ ഏതെല്ലാം സാഹചര്യത്തിൽ സംഘർഷ ത്തിൽ ഏർപ്പെടുന്നു എന്നത് ബോദ്ധ്യപ്പെടുത്തേണ്ടതുണ്ട്.
- വന്യജീവി രക്ഷാപ്രവർത്തനം – പുനരധിവാസം എന്നതിൽ, ജീവികളെ രക്ഷപെടുത്തേണ്ട സാഹചര്യവും എന്തെല്ലാം മുൻകരുതലുകൾ കൈക്കൊള്ളേണ്ടതുണ്ടെന്നും രക്ഷാ പ്രവർത്തനത്തിൽ ഏർപ്പെടുമ്പോൾ രക്ഷാപ്രവർത്തകർക്ക് വന്നേക്കാവുന്ന അസുഖങ്ങളും വിശദീകരിക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ വന്യജീവികളെ തിരികെ കാട്ടിലേയ്ക്ക് വിടുന്നതിന് മുൻപേ പകർച്ചവ്യാധികൾ ഇല്ല എന്ന് ഉറപ്പുവരുത്തേണ്ടതുമുണ്ട്.
- മനുഷ്യ വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും തടയുന്നതിനുമുള്ള സമീപനങ്ങൾ എങ്ങനെ പ്രായോഗികതലത്തിൽ കൊണ്ടുവരാം, അതിനായി നാം എന്തു ചെയ്യണം എന്നുള്ളത് ചർച്ച ചെയ്യുക.
- ജന്തുജന്യരോഗങ്ങൾ വന്യജീവികളെ അസുഖബാധിതരാക്കുകയും സുരക്ഷതേടി ജീവികൾ മനുഷ്യവാസപ്രദേശത്തേയ്ക്ക് എത്തുകയും ചെയ്യുന്നു എന്നത് ഉദാഹരണ സഹിതം വ്യക്തമാക്കണം. കന്നുകാലികളിൽനിന്നും വളർത്തുമൃഗങ്ങളിൽനിന്നും വന്യജീവികളെ ബാധിക്കുന്ന രോഗങ്ങൾ വ്യക്തമാക്കുന്നതോടൊപ്പം ആയത് ഇരമൃഗങ്ങളുടെയും വേട്ടമൃഗങ്ങളുടെയും എണ്ണത്തിലെ സന്തുലിതാവസ്ഥയെ ബാധിക്കുന്നതും ഇതോടൊപ്പം വ്യക്തമാക്കേണ്ടതുണ്ട്.
- ഏകാരോഗ്യ സമീപനത്തിന്റെ ഭാഗമായി മനുഷ്യ – വന്യമൃഗ സംഘർഷങ്ങൾ കുറയ്ക്കുവാനായി എന്തെല്ലാം പ്രവർത്തനങ്ങൾ ഏറ്റെടുക്കാനാകും എന്ന് ബോദ്ധ്യപ്പെടുത്തുക. ഉദാഹരണമായി റോഡ് പോലുള്ള അടിസ്ഥാന സൗകര്യ വികസനത്തിൽ മൃഗങ്ങളുടെ ആവാസവ്യവസ്ഥക്ക് ഭംഗം വരാത്ത രീതിയിലുള്ള ആസൂത്രണവും നിർവ്വഹണവും ഉറപ്പാക്കുക.
- PPT അവതരണം തയ്യാറാക്കുന്നതിനും, ഉദാഹരണങ്ങൾ സൂചിപ്പിക്കുന്നതിനും കൈപ്പുസ്തകത്തിൽ കൊടുത്തിരിക്കുന്ന വിശദ വിവരങ്ങൾ ഉപയോഗിക്കാവുന്ന താണ്.

# ജലസേചന വകുപ്പ്

**വിഷയം** : ഏകാരോഗ്യവും

**ലക്ഷ്യം** :

1. ജലജന്യരോഗങ്ങളെക്കുറിച്ചും അവയുടെ നിയന്ത്രണത്തെക്കുറിച്ചും അവബോധം സൃഷ്ടിക്കുക.
2. ജലസ്രോതസ്സുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുക.
3. ജനപങ്കാളിത്തത്തോടെ ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ബോദ്ധ്യപ്പെടുത്തുക.

**സമയം** : 60 മിനിറ്റ്

**ഉള്ളടക്കവും പഠനരീതിയും**

| നം | വിഷയം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| 1 | ജലസ്രോതസ്സുകൾ, ഡാം റിസർവോയർ, തോടുകൾ, നദികൾ, പൊതുകുളങ്ങൾ, കിണറുകൾ തുടങ്ങിയവയുടെ ശുദ്ധീകരണവും പരിപാലനവും എങ്ങനെ എന്ന് വിശദീകരിക്കുക. | 15 | ചർച്ച, PPT അവതരണം | PPT അവതരണം, ചാർട്ട് പേപ്പർ |
| 2 | ജലജന്യരോഗങ്ങൾ പകരുന്ന രീതിയും അവയുടെ നിയന്ത്രണവും സംബന്ധിച്ച അവബോധം സൃഷ്ടിക്കുക. | 15 | കേസ് സ്റ്റഡി അവതരണം, ചർച്ച, PPT അവതരണം | PPT അവതരണം, ചാർട്ട് പേപ്പർ |
| 3 | ജലസ്രോതസ്സുകളുടെ സംരക്ഷണവും ജലഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള ശാസ്ത്രീയ രീതികളും പരിചയപ്പെടുത്തുക. | 15 | PPT അവതരണം, ചർച്ച | PPT അവതരണം ചാർട്ട്, പേപ്പർ |
| 4 | ജലസോതസ്സുകളുടെ മലിനീകരണം തടയുന്നതിന് ജനങ്ങൾക്ക് അവബോധം നൽകാമെന്ന് പരിചയപ്പെടുത്തുന്നു. | 10 | PPT അവതരണം, ചർച്ച | PPT അവതരണം ചാർട്ട്, പേപ്പർ |
| 5 | സംശയനിവാരണം | 5 | | |

## ആവശ്യമായ കുറിപ്പുകൾ

- ജലസ്രോതസ്സുകൾ, ഡാം റിസർവോയർ, തോടുകൾ, നദികൾ, പൊതുകുളങ്ങൾ, കിണറുകൾ തുടങ്ങിയവയുടെ ശുദ്ധീകരണവും പരിപാലനവും എങ്ങനെ എന്ന് വിശദീകരിക്കുക. പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നവരോട് ഇതുമായി ബന്ധപ്പെട്ട് അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുവാൻ പറയുക. അതിന്മേലുള്ള പൊതു ചർച്ച പ്രോത്സാഹിപ്പിക്കുക.

- ജലജന്യരോഗങ്ങൾ പകരുന്ന രീതിയും അവയുടെ നിയന്ത്രണവും സംബന്ധിച്ച അവബോധം സൃഷ്ടിക്കുക. വയറിളക്കരോഗങ്ങൾ, മഞ്ഞപ്പിത്തം, ടൈഫോയിഡ്, മസ്തിഷ്ക ജ്വരം, തുടങ്ങിയ ജലജന്യരോഗങ്ങളുടെ കേസ് സ്റ്റഡി തയ്യാറാക്കി അവതരിപ്പിക്കുക.

- ജലസ്രോതസ്സുകളുടെ സംരക്ഷണവും ജല ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള ശാസ്ത്രീയ രീതികളും പരിചയപ്പെടുത്തുക. (Physical, Biological, Chemical രീതികൾ).

- ജലസംരക്ഷണത്തിൽ ജനകീയ സമിതികളുടെ പ്രാധാന്യവും ആവശ്യകതയും ഉദാഹരണസഹിതം ബോദ്ധ്യപ്പെടുത്തുക. (ഉദാ: തെളിനീരൊഴുകും നവകേരളം, ജലനിധി)

- PPT അവതരണം തയ്യാറാക്കുന്നതിനും, ഉദാഹരണങ്ങൾ സൂചിപ്പിക്കുന്നതിനും കൈപ്പുസ്തകത്തിൽ കൊടുത്തിരിക്കുന്ന വിശദ വിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്.

- കനാലുകളും, തോടുകളും മാലിന്യമുക്തമാക്കുവാൻ ജനങ്ങൾക്ക് കൃത്യമായ അവബോധം സൃഷ്ടിക്കുവാൻ ജനപ്രതിനിധികളുടെയും വിവധ വകുപ്പുകളുടെ ഉദ്യോഗസ്ഥരുമായി (Revenue, PCB, ജില്ലാ ഭരണകൂടം) ചേർന്ന് ജനകീയ സഭകൾ നടത്തേണ്ടതാണ്.

# <u>ഡ്രഗ്സ് കൺട്രോൾ</u>

**വിഷയം** : ഏകാരോഗ്യവും ഡ്രഗ്സ് കൺട്രോൾ വകുപ്പും

**ലക്ഷ്യം** : ഈ സെഷന്റെ അവസാനം പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ചുവടെ പറയുന്നവ സാധിക്കുന്നു:

1. ആന്റിമൈക്രോബിയൽ മരുന്നുകളുടെ നിർവ്വചനവും അവയുടെ വർഗ്ഗീകരണവും സംബന്ധിച്ചുള്ള അറിവ് ലഭിക്കുന്നു
2. ആന്റിമൈക്രോബിയൽ പ്രതിരോധവും അവയുടെ മൂലകാരണങ്ങളെ ക്കുറിച്ചും അവബോധം നേടാൻ സാധിക്കുന്നു
3. ആന്റിമൈക്രോബിയൽ പ്രതിരോധത്തിൽ സമൂഹത്തിനുള്ള പങ്ക് പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ബോദ്ധ്യമാകുന്നു.
4. മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് മരുന്നുകളുടെ വിതരണവും ഉപയോ ഗവും എങ്ങനെ സാദ്ധ്യമാക്കാം എന്നുള്ളത് മനസ്സിലാക്കുന്നു.
5. ആന്റിമൈക്രോബിയൽ പ്രതിരോധം ഫലപ്രദമായി തടയുന്നതിലേക്കായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടത്തുന്ന പ്രതിരോധ പ്രവർത്തനങ്ങൾ.
6. ആന്റിമൈക്രോബിയൽ പ്രതിരോധം തടയുന്നതിന്റെ ആവശ്യകത.

**സമയം** : 60 മിനിറ്റ്

**<u>ഉള്ളടക്കവും പഠനരീതിയും</u>**

| നം | വിഷയം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| 1 | ആന്റിമൈക്രോബിയൽ മരുന്നുകളുടെ നിർവ്വചനവും അവയുടെ വർഗ്ഗീകരണവും അവയുടെ പ്രവർത്തനരീതിയും | 10 | PPT അവതരണം, ചർച്ച | PPT അവതരണം |
| 2 | ആന്റിമൈക്രോബിയൽ പ്രതിരോധം – നിർവ്വചനവും മൂലകാരണങ്ങളും | 10 | PPT അവതരണം, ചർച്ച | PPT അവതരണം |
| 3. | ആന്റിമൈക്രോബിയൽ പ്രതിരോധം നിയന്ത്രിക്കുന്നതിന് സമൂഹത്തിനുള്ള പങ്ക് | 10 | PPT അവതരണം, ചർച്ച | PPT അവതരണം |

| | | | | |
|---|---|---|---|---|
| 4 | മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് മരുന്നുകളുടെ വിതരണവും ഉപയോഗവും എങ്ങനെ സാദ്ധ്യമാക്കാം എന്നുള്ളത് വിശദീകരിക്കുക. Drug abuse–നെ കുറച്ച് കൂടി വിശദീകരിക്കുക. | 10 | PPT അവതരണം, ചർച്ച | PPT അവതരണം |
| 5 | ആന്റിമൈക്രോബിയൽ പ്രതിരോധം ഫലപ്രദമായി തടയുന്നതിനായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടത്തുന്ന പ്രതിരോധ പ്രവർത്തനങ്ങൾ ഒരു സ്ലൈഡിലൂടെ അയതരിപ്പിക്കുക. ആവശ്യാനുസരണം ചർച്ചയിലൂടെ വിശദീകരിക്കുക. | 10 | PPT അവതരണം, ചർച്ച | PPT അവതരണം |
| 6 | **സ്പാർക്ക്** – സൗഖ്യം സദാ പദ്ധതി ഡ്രഗ്സ് കൺട്രോൾ വകുപ്പും VHSE – NSS മായി ചേർന്ന് നടത്തിയിട്ടുള്ള അവബോധ പ്രവർത്തനങ്ങൾ | 5 | PPT അവതരണം, ചർച്ച | PPT അവതരണം |
| 7 | സംശയനിവാരണം | 5 | | |

## ആവശ്യമായ കുറിപ്പുകൾ

- ആന്റിമൈക്രോബിയൽ മരുന്നുകളുടെ നിർവ്വചനം, അവയുടെ വർഗ്ഗീകരണം, പ്രവർത്തനരീതി പാലിക്കേണ്ട നിബന്ധനകൾ എന്നിവ PPT അവതരണം അവതരണത്തിലൂടെ വിശദീകരിക്കുക.
- ആന്റിമൈക്രോബിയൽ പ്രതിരോധം എന്താണെന്നും അത് എന്തുകൊണ്ടാണ് ഉണ്ടാകുന്നതെന്നും ഉദാഹരണ സഹിതം വിശദീകരിക്കുക. ആന്റിമൈക്രോബിയൽ പ്രതിരോധം വ്യക്തിക്കും സമൂഹത്തിനും ദൂരവ്യാപകമായി ഉണ്ടാക്കാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ചർച്ചയിലൂടെ വിശദീകരിക്കുക.
- ആന്റിമൈക്രോബിയൽ പ്രതിരോധം – സമൂഹത്തിനുള്ള പങ്ക് വ്യക്തമാമാക്കുക:
    a) ഓരോ വ്യക്തിയും സ്വയം ഉത്തരവാദിത്തം ഏറ്റെടുത്ത് ഇതിനായി പരിശ്രമിക്കുക,
    b) Over the counter sale സാമൂഹിക നിരീക്ഷണത്തിന് വിധേയമാക്കുക.
    c) AMR–ന്റെ അപകടാവസ്ഥയെ കുറിച്ച് സാമൂഹ്യ അവബോധം സൃഷ്ടിക്കേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കുക.
- മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് മരുന്നുകളുടെ വിതരണവും ഉപയോഗവും എങ്ങനെ സാദ്ധ്യമാക്കാം എന്നുള്ളത് വിശദീകരിക്കുക,
    a) മയക്കമരുന്നുകളുടെ വിതരണവും ഉപയോഗവും, നിരോധിക്കപ്പെട്ട മരുന്നുകളുടെ വിതരണവും ഉപയോഗവും തടയുന്നതിന് ആവശ്യമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഒരു സ്ലൈഡിലൂടെ അവതരിപ്പിക്കുക. ആവശ്യാനുസരണം ചർച്ചകളിലൂടെ വിശദീകരിക്കുക.
    b) PPT അവതരണം തയ്യാറാക്കുന്നതിനും, ഉദാഹരണങ്ങൾ സൂചിപ്പിക്കുന്നതിനും കൈപ്പുസ്തകത്തിൽ കൊടുത്തിരിക്കുന്ന വിശദ വിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്.

# <u>ഫിഷറീസ് വകുപ്പ്</u>

**വിഷയം** : ഏകാരോഗ്യവും മത്സ്യമേഖലയും

**ലക്ഷ്യം** :

1. മത്സ്യം, മറ്റു ജലജീവികൾ എന്നിവയിൽനിന്നും മനുഷ്യർക്ക് ഉണ്ടാകാൻ സാദ്ധ്യതയുള്ള രോഗങ്ങളെക്കുറിച്ചുള്ള ധാരണ ഉണ്ടാക്കുക.
2. മത്സ്യം, മറ്റു ജലജീവികൾ എന്നിവയിൽനിന്നും നേരിട്ടോ അല്ലാതെയോ മനുഷ്യന് ഉണ്ടാകുന്ന രോഗങ്ങളും മറ്റ് ആരോഗ്യപ്രശ്നങ്ങളും ഏകാരോഗ്യം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ വിവരിക്കുവാൻ പ്രാപ്തരാക്കുക.
3. മത്സ്യബന്ധനം മുതൽ ഉപഭോക്താക്കളുടെ കൈകളിൽ എത്തുന്നത് വരെ പാലിക്കേണ്ട ശുചിത്വത്തെയും മറ്റ് മുൻകരുതലുകളെയും കുറിച്ചുള്ള ധാരണ ഉണ്ടാക്കുക.
4. മത്സ്യവും, മറ്റ് അനുബന്ധ ഭക്ഷ്യഉത്പന്നങ്ങളിലൂടെയും മനുഷ്യരിലേക്ക് പകരുന്ന രോഗങ്ങളെക്കുറിച്ചുള്ള ധാരണ ഉണ്ടാക്കുക.
5. ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ്, അതിന്റെ പ്രത്യാഘാതങ്ങൾ എന്നിവയെക്കുറിച്ചുള്ള ധാരണ ഉണ്ടാക്കുക.

**സമയം** : 60 മിനിറ്റ്

**<u>ഉള്ളടക്കവും പഠനരീതിയും</u>**

| നം | വിഷയം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| 1 | ബാക്ടീരിയയും മറ്റ് പരാദ ജീവികളും മൂലം ഉണ്ടാകുന്ന രോഗങ്ങൾ, അവയുടെ വ്യാപനം, രോഗ ലക്ഷണങ്ങൾ, പ്രതിരോധം, നിയന്ത്രണം എന്നിവയെക്കുറിച്ച് വിശദീകരിക്കുക | 15 | ചർച്ച, PPT അവതരണം | PPT അവതരണം, ചാർട്ട് പേപ്പർ |
| 2 | ഭക്ഷണാവശ്യത്തിനായുള്ള മത്സ്യം, മറ്റ് ജലജീവികൾ എന്നിവയിൽ നിന്നും പകരുന്ന രോഗങ്ങൾ, ഉറവിടം, വ്യാപനം, നിയന്ത്രണം, കൈകാര്യം ചെയ്യുമ്പോൾ പാലിക്കേണ്ട ശുചിത്വം എന്നിവ വിശദീകരിക്കുക | 15 | ചർച്ച, PPT അവതരണം | PPT അവതരണം, ചാർട്ട് പേപ്പർ |
| 3 | ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് (AMR), അതിന്റെ പ്രത്യാഘാതങ്ങൾ എന്നിവ വിശദീകരിക്കുക. | 15 | ചർച്ച, PPT അവതരണം | PPT അവതരണം, ചാർട്ട് പേപ്പർ |
| 4 | മത്സ്യകൃഷിയുമായി ബന്ധപ്പെട്ടുണ്ടാകുന്ന പാരിസ്ഥിതികാഘാതങ്ങളും അവയെ നിയന്ത്രിക്കാനുള്ള മാർഗ്ഗങ്ങളും വിശദീകരിക്കുക. | 10 | ചർച്ച, PPT അവതരണം | PPT അവതരണം, ചാർട്ട് പേപ്പർ |
| 5 | സംശയനിവാരണം | 5 | | |

## ആവശ്യമായ കുറിപ്പുകൾ

- മത്സ്യങ്ങളെ ബാധിക്കുന്ന ഏതൊക്കെ രോഗങ്ങളെക്കുറിച്ച് നിങ്ങൾക്ക് അറിയാം? എന്തൊക്കെ പ്രതിവിധികളാണ് നിലവിൽ ചെയുന്നത്? തുടങ്ങിയ ചോദ്യങ്ങൾ പഠിതാക്കളോട് ചോദിച്ചുകൊണ്ട് ക്ലാസ് ആരംഭിക്കണം. അവർ പറയുന്ന ഉത്തരങ്ങൾ ചാർട്ട് പേപ്പറിൽ എഴുതണം. അതിനുശേഷം തുടർന്നുള്ള സ്ലൈഡുകൾ പ്രദർശിപ്പിച്ചുകൊണ്ട് വിശദീകരിക്കണം.
- മത്സ്യങ്ങളിൽ സാധാരണ കണ്ടുവരുന്ന രോഗങ്ങളെക്കുറിച്ച് പങ്കാളിത്തരീതിയിൽ വിശദീകരിക്കണം. രോഗങ്ങളുടെ വ്യാപനം, രോഗലക്ഷണം, Seasonality, നിയന്ത്രണം, പ്രതിരോധം എന്നിവയെക്കുറിച്ചും വിശദീകരിക്കണം.
- മത്സ്യബന്ധനത്തിന് ശേഷം മത്സ്യം കൈകാര്യംചെയ്യുന്നവർ പാലിക്കേണ്ട ശുചിത്വത്തെക്കുറിച്ച് ചിത്രങ്ങൾ സഹിതം വിശദീകരിക്കുക. ശുദ്ധമായ മത്സ്യവും പഴകിയ മത്സ്യവും തമ്മിലുള്ള വ്യത്യാസങ്ങൾ ചിത്രങ്ങളും ടേബിളുകളും ഉൾപ്പെടെ വിശദീകരിക്കുക. മത്സ്യവിതരണ സമയത്ത് അശാസ്ത്രീയമായി രാസവസ്തുക്കൾ ഉപയോഗിക്കുന്നതിനെ ക്കുറിച്ചും വിശദീകരിക്കുക. ചിത്രങ്ങളും ടേബിളുകളും സ്ലൈഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- ആന്റിമൈക്രോബിയൽ റസിസ്റ്റൻസ് എന്താണെന്ന് പഠിതാക്കളോട് ചോദിച്ചുകൊണ്ട് ക്ലാസ് തുടരണം. അവർ പറയുന്ന ഉത്തരങ്ങൾ ചാർട്ട് പേപ്പറിൽ എഴുതണം. അതിനുശേഷം തുടർന്നുള്ള സ്ലൈഡുകൾ പ്രദർശിപ്പിച്ചുകൊണ്ട് വിശദീകരിക്കണം. AMRന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചും സമീപകാലത്തുള്ള പഠന റിപ്പോർട്ടുകളെക്കുറിച്ചും ഉദാഹരണ സഹിതം വിശദീകരിക്കുക. മത്സ്യകൃഷിയിലും മറ്റും അശാസ്ത്രീയ ആന്റിബയോട്ടിക് ഉപയോഗം മൂലമുണ്ടാകുന്ന അനുബന്ധ ആരോഗ്യപ്രശ്നങ്ങൾ സമൂഹത്തെ എങ്ങനെ ബാധിക്കുന്നു എന്ന് വിശദീകരിക്കുക.
- PPT അവതരണം തയ്യാറാക്കുന്നതിനും, ഉദാഹരണങ്ങൾ സൂചിപ്പിക്കുന്നതിനും കൈപ്പുസ്തകത്തിൽ കൊടുത്തിരിക്കുന്ന വിശദവിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്.

# പരിസ്ഥിതി – കാലാവസ്ഥാവ്യതിയാന വകുപ്പ്

**വിഷയം** : ഏകാരോഗ്യവും പരിസ്ഥിതി സംരക്ഷണവും.

**ലക്ഷ്യം** :

1. പരിസ്ഥിതിയെക്കുറിച്ചും പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചും പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ചും അവബോധം സൃഷ്ടിക്കുക.
2. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചും അതുമായി ബന്ധപ്പെട്ട പാരിസ്ഥിതിക ആഘാതങ്ങളെ ക്കുറിച്ചും അവബോധം സൃഷ്ടിക്കുക.
3. ഇവയുമായി ബന്ധപ്പെട്ട രോഗങ്ങൾ, ആരോഗ്യപ്രശ്നങ്ങൾ അവയുടെ നിയന്ത്രണം എന്നിവയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുക.

**സമയം** : 60 മിനിറ്റ്

**ഉള്ളടക്കവും പഠനരീതിയും**

| നം | വിഷയം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| 1 | പരിസ്ഥിതിയെക്കുറിച്ചും പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചും പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ചും വിശദീകരിക്കുക. | 15 | ചർച്ച, PPT അവതരണം | PPT അവതരണം, ചാർട്ട് പേപ്പർ |
| 2 | കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചും അതുമായി ബന്ധപ്പെട്ട പാരിസ്ഥിതികാഘാതങ്ങളെക്കുറിച്ചും വിശദീകരിക്കുക. | 20 | ചർച്ച, PPT അവതരണം, വീഡിയോ അവതരണം | PPT അവതരണം, ചാർട്ട് പേപ്പർ, AV Aids |
| 3 | കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട രോഗങ്ങൾ, ആരോഗ്യ പ്രശ്നങ്ങൾ, അവയുടെ നിയന്ത്രണം എന്നിവയെക്കുറിച്ച് വിശദീകരിക്കുക. | 10 | ചർച്ച, PPT അവതരണം | PPT അവതരണം, ചാർട്ട് പേപ്പർ |
| 4 | കാലാവസ്ഥാവ്യതിയാന കാലഘട്ടത്തെ എങ്ങനെ അതിജീവിക്കാം എന്ന് വിശദീകരിക്കുക. | 10 | ചർച്ച, PPT അവതരണം | PPT അവതരണം, ചാർട്ട് പേപ്പർ |
| 5 | സംശയനിവാരണം | 5 | | |

**<u>ആവശ്യമായ കുറിപ്പുകൾ</u>**

- പരിസ്ഥിതി, പരിസ്ഥിതി പ്രശ്നങ്ങൾ, പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത എന്നിവയെക്കുറിച്ച് വിശദീകരിക്കുക. ഒന്നോ രണ്ടോ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉദാഹരണമായി എടുത്ത് ചർച്ചചെയ്യുകയും അവയുടെ അടിസ്ഥാനത്തിൽ എങ്ങനെ പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കാമെന്നും വിശദീകരിക്കുക.

- കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ചും അതുമായി ബന്ധപ്പെട്ട പാരിസ്ഥിതി ആഘാതങ്ങളെക്കുറിച്ചും വീഡിയോയുടെ (5 മിനിറ്റ് ദൈർഘ്യം) സഹായത്തോടുകൂടി വിശദീകരിക്കുക.

- കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട രോഗങ്ങൾ, ആരോഗ്യപ്രശ്നങ്ങൾ, അവയുടെ നിയന്ത്രണം എന്നിവയെക്കുറിച്ച് ഉദാഹരണസഹിതം വിശദീകരിക്കുക. ചർച്ചയിലൂടെ കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട രോഗങ്ങളുടെ പട്ടിക തയ്യാറാക്കി അവ നിയന്ത്രിക്കുന്നതിന്റെ മാർഗ്ഗങ്ങൾ വിശദീകരിക്കുക.

- കാലാവസ്ഥാവ്യതിയാന കാലഘട്ടത്തെ എങ്ങനെ അതിജീവിക്കാം എന്ന് വിശദീകരിക്കുക. ജനകീയ പങ്കാളിത്തത്തോടെയുള്ള പരിസ്ഥിതി സൗഹൃദ ജീവിതം എങ്ങനെ സാദ്ധ്യമാക്കാം എന്ന് വിശദീകരിക്കുക.

- PPT അവതരണം തയ്യാറാക്കുന്നതിനും, ഉദാഹരണങ്ങൾ സൂചിപ്പിക്കുന്നതിനും കൈപ്പുസ്തകത്തിൽ കൊടുത്തിരിക്കുന്ന വിശദ വിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്.

## ഭക്ഷ്യസുരക്ഷാ വകുപ്പ്

**വിഷയം** : ഏകാരോഗ്യവും ഭക്ഷ്യസുരക്ഷയും.

**ലക്ഷ്യം** :

1. ഭക്ഷ്യജന്യമായി (microbiological/contaminants/residues/toxins/antibiotics) ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ എന്താണെന്നുള്ള അവബോധം സൃഷ്ടിക്കുക.
2. ഭക്ഷ്യജന്യരോഗങ്ങളെക്കുറിച്ചുള്ള ധാരണ, ഉറവിടം (source of contamination), പ്രതിരോധ മാർഗ്ഗങ്ങൾ, നിയന്ത്രണമാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുക.

**സമയം** : 60 മിനിറ്റ്

**ഉള്ളടക്കവും പഠനരീതിയും**

| നം | വിഷയം | സമയം ( മിനിറ്റ് ) | രീതി | ഉപാധി |
|---|---|---|---|---|
| 1. | സൂക്ഷ്മാണുക്കളിലൂടെ ഉണ്ടാകുന്ന ഭക്ഷ്യജന്യ രോഗങ്ങൾ, അവയുടെ ഉറവിടം, നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവ വിശദീകരിക്കുക. | 10 | പങ്കാളിത്ത അവതരണം, ചർച്ച, PPT അവതരണം | PPT അവതരണം , ചാർട്ട് പേപ്പർ |
| 2. | ഭക്ഷ്യ ശൃംഖലയിലേക്ക് കടന്നുവരുന്ന രാസവസ്തുക്കൾ (ഘനലോഹങ്ങൾ, അണുനാശിനികൾ, രാസ കീടനാശിനികൾ, antibiotics) ഇവയെക്കുറിച്ചുള്ള അറിവ്, ഉറവിടം, നിയന്ത്രണമാർഗ്ഗങ്ങൾ എന്നിവ വിശദീകരിക്കുക. | 15 | പങ്കാളിത്ത അവതരണം, ചർച്ച, PPT അവതരണം | PPT അവതരണം , ചാർട്ട് പേപ്പർ |
| 3. | ഭക്ഷ്യസുരക്ഷാ ഗുണനില വാര നിയമം 2006, അനുബന്ധ ചട്ടങ്ങൾ എന്നിവ വിശദീകരിക്കുക | 15 | പങ്കാളിത്ത അവതരണം, ചർച്ച, PPT അവതരണം | PPT അവതരണം, ചാർട്ട് പേപ്പർ |
| 4. | ഭക്ഷ്യസുരക്ഷാ, ഇത് ഉറപ്പുവരുത്തുന്നതിനുള്ള അടിസ്ഥാനതത്ത്വങ്ങൾ എന്നിവ വിശദീകരിക്കുക. | 15 | ഗ്രൂപ്പ് ചർച്ച | PPT അവതരണം |
| 5. | സംശയ നിവാരണം | 5 | | |

ആവശ്യമായ കുറിപ്പുകൾ

- സൂക്ഷ്മാണുക്കളിലൂടെ പകരുന്ന ഭക്ഷ്യജന്യരോഗങ്ങൾ ഏതൊക്കെയെന്നും, ഏതൊക്കെ ഭക്ഷണപദാർത്ഥങ്ങളിലൂടെയാണ് ഇവ പടരുന്നതെന്നും (raw/processed/partially processed) ഇവ തടയുന്നതിന് സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ (ഭക്ഷ്യസംരംഭകനും/ ഉപഭോക്താവും) എന്തൊക്കെയാണെന്നും വ്യക്തമാക്കുക.
- ഭക്ഷ്യ വസ്തുക്കളിൽ കടന്നു വന്നേക്കാവുന്ന രാസവസ്തുക്കൾ (കീടനാശിനികൾ, അണുനാശിനികൾ, ഘനലോഹങ്ങൾ, antibiotics, aflatoxins) ഇവ പ്രധാനമായും കാണുന്ന ആഹാരപദാർത്ഥങ്ങൾ, അവയുടെ നിയന്ത്രണ മാർഗ്ഗങ്ങൾ (GAP/GSP/GMP) എന്നിവ. കൂടാതെ National Milk Survey, KARSAP, വകുപ്പ് നടത്തിയ മുൻ പഠനങ്ങളുടെ റിപ്പോർട്ടുകൾ, ഇവ ഉൾപ്പെടുത്തി ചർച്ച ചെയ്യുക.
- ഭക്ഷ്യ സുരക്ഷയുടെ 5 അടിസ്ഥാനതത്ത്വങ്ങൾ – ശുചിത്വ പരിപാലനം, പാകം ചെയ്തതും ചെയ്യാത്തതുമായ ഭക്ഷണം തരം തിരിക്കുക, ശരിയായ താപനിലയിൽ പാകം ചെയ്യുക, നിർവ്വചിക്കപ്പെട്ട താപനിലയിൽ ഭക്ഷണം സൂക്ഷിക്കുക, ശുദ്ധമായ ജലവും അസംസ്കൃത വസ്തുക്കളും മാത്രം പാചകത്തിന് ഉപയോഗിക്കുക എന്നിവയ്ക്ക് ഊന്നൽ കൊടുത്ത് വിഷയം അവതരിപ്പിക്കുക.
- ഒരു ഭക്ഷ്യ സംരംഭത്തിൽ ഒരുക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച് വിശദീകരണം നൽകുക. (Hand book വായിച്ച് കൂടുതൽ മുന്നൊരുക്കങ്ങൾ നടത്തുക)
- PPT അവതരണം തയ്യാറാക്കുന്നതിനും, ഉദാഹരണങ്ങൾ സൂചിപ്പിക്കുന്നതിനും കൈപ്പുസ്തകത്തിൽ കൊടുത്തിരിക്കുന്ന വിശദ വിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്.

## സെഷൻ 3

### ഏകാരോഗ്യം – കേരളവും സംഘടനാസംവിധാനവും

**ലക്ഷ്യം** :

1. ഏകാരോഗ്യ പരിപാടി നടപ്പിലാക്കുന്നതിനായി കേരളത്തിൽ സർക്കാർ ഉത്തരവിലൂടെ നടപ്പിലാക്കിയ സംഘടനാസംവിധാനം എങ്ങനെയെന്ന് ബോദ്ധ്യപ്പെടുത്തുക.
2. ഏകാരോഗ്യം പരിപാടി നടപ്പിലാക്കുന്നതിൽ വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും പങ്കിനെക്കുറിച്ചും പ്രസക്തിയെക്കുറിച്ചും ബോദ്ധ്യപ്പെടുത്തുക.

**സമയം** : 45 മിനിറ്റ്

**ഉള്ളടക്കവും പഠനരീതിയും**

| നം | വിഷയം | സമയം (മിനിറ്റ് ) | രീതി | ഉപാധി |
|---|---|---|---|---|
| 1 | ഏകാരോഗ്യം പരിപാടി കേരളത്തിൽ എത്രത്തോളം പ്രസക്തമാണെന്ന് വിശദീകരിക്കുന്നു. | 5 | പങ്കാളിത്ത അവതരണം, ചർച്ച | PPT അവതരണം |
| 2 | ഏകാരോഗ്യവുമായി ബന്ധപ്പെട്ട് കേരളം ഊന്നൽ നല്കുന്ന മേഖലകളെക്കുറിച്ചും വിവിധ വകുപ്പുകളും ഏജൻസികളും ഏകോപിച്ച് പ്രവർത്തിക്കേണ്ടതിന്റെ അനിവാര്യതയെക്കുറിച്ചും വിശദീകരിക്കുന്നു. | 10 | പങ്കാളിത്ത അവതരണം, ചർച്ച | PPT അവതരണം |
| 3 | ഏകാരോഗ്യം നടത്തിപ്പ് സംവിധാനത്തെക്കുറിച്ച് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശദീകരിക്കുന്നു. | 10 | പങ്കാളിത്ത അവതരണം, ചർച്ച | PPT അവതരണം |
| 4 | വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും. | 10 | പങ്കാളിത്ത അവതരണം, ചർച്ച | PPT അവതരണം |
| 5 | സംശയ നിവാരണം. | 10 | | |

## ആവശ്യമായ കുറിപ്പുകൾ

- ഏകാരോഗ്യ സമീപനം കേരളത്തിന്റെ സാഹചര്യത്തിൽ വളരെ പ്രസക്തമാണ്. ഏകാരോഗ്യമെന്നത് മനുഷ്യരുടെയും ജന്തുക്കളുടെയും പരിസ്ഥിതിയുടെയും ആരോഗ്യത്തെ ഉൾക്കൊള്ളുന്നതാണ്. ഉയർന്ന ജനസാന്ദ്രത, താരതമേന്യ വിസ്തൃതമായ വനമേഖല, പ്രവാസി കേരളീയരുടെ ഉയർന്നസംഖ്യ, മനുഷ്യ – വന്യജീവി സംഘർഷം തുടങ്ങിയവ കേരളത്തിന്റെ സവിശേഷതകളാണ്. ജന്തുജന്യരോഗങ്ങൾ വർദ്ധിച്ചതോതിൽ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ആന്റിമൈക്രോബിയൽ റസിസ്റ്റൻസ്, ജലമലിനീകരണം, വായുമലിനീകരണം തുടങ്ങിയ കാര്യങ്ങളിൽ കേരളത്തിന്റെ നില തൃപ്തികരമല്ല. ജൈവവൈവിധ്യശോഷണവും മറ്റ് പരിസ്ഥിതി പ്രശ്നങ്ങളും ഗൗരവമായി പരിശോധിക്കേണ്ടതുണ്ട്.
- ഏകാരോഗ്യം പരിപാടി കേരളത്തിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഊന്നൽ നല്കുന്ന മേഖലകൾ വിശദീകരിക്കണം. എല്ലാ തരത്തിലുള്ള രോഗങ്ങൾക്കും ഏകീകൃതമായ നിരീക്ഷണസംവിധാനം ഉറപ്പുവരുത്തുക. ഇതിലേക്കായി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും കൃത്യമായ പ്രവർത്തനത്തിന്റെ അനിവാര്യത ബോദ്ധ്യപ്പെടുത്തണം. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ സാദ്ധ്യതകൾ ഉൾക്കൊണ്ടുകൊണ്ടാണ് ഈ പരിപാടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.
- ഏകാരോഗ്യ പരിപാടിയുടെ നടത്തിപ്പ് സംവിധാനം എങ്ങനെയാണെന്നും അതിലേക്കായി സംസ്ഥാന, ജില്ല, തദ്ദേശ സർക്കാർ തലങ്ങളിൽ രൂപീകരിക്കേണ്ട കമ്മിറ്റി സംവിധാനങ്ങൾ ഏതൊക്കെയെന്നും ജി.ഒ (ആർ.ടി) നം.399/2022/എച്ച്&എഫ്ഡബ്ല്യൂഡി തീയതി 19/02/2022 ഉത്തരവ് പ്രകാരം വിശദീകരിക്കുക.ആർദ്രം പരിപാടിയുടെ 10 ഊന്നൽ മേഖലകളിൽ ഒന്ന് എന്ന രീതിയിൽ ആണ് ഏകാരോഗ്യ പരിപാടി നടപ്പിലാക്കി വരുന്നത്. ഇതിനായി സംസ്ഥാന തലത്തിൽ സെന്റർ ഫോർ വൺ ഹെൽത്ത് – കേരളയും , ജില്ലകളിൽ DPSU സംവിധാനവും നിലവിലുണ്ട്.
- ഓരോ വകുപ്പിന്റെയും അധികാര പരിധിയിൽ വരുന്ന വിഷയങ്ങളിൽ ഏകാരോഗ്യവുമായി ബന്ധപ്പെട്ടത് തിരിച്ചറിയുന്നതിനും അവ പരിഹരിക്കുന്നതിന് ഇതര വകുപ്പുകളുടെ സഹകരണത്തോടെയുള്ള പ്രവർത്തനം ആവശ്യമാണെന്ന് ബോദ്ധ്യപ്പെടുത്തുകയും ചെയ്യുക. ആഫ്രിക്കൻ ഒച്ച് ശല്യം, റാബീസ്, പക്ഷിപ്പനി തുടങ്ങിയവ നിയന്ത്രണവിധേയമാക്കിയത് ഉദാഹരണങ്ങൾ സഹിതം വ്യക്തമാക്കണം.
- ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ നടപ്പിലാക്കിവരുന്ന ഏകാരോഗ്യം പരിപാടി മറ്റ് ജില്ലകളിൽകൂടി വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യവും സാഹചര്യവും വ്യക്തമാക്കുക.

## സെഷൻ 4

**ഏകാരോഗ്യം – വിവിധ വകുപ്പുകളിൽ നിലവിലുള്ളതും നടപ്പിൽ വരുത്തേണ്ടതുമായ രോഗനിരീക്ഷണം, നിർണ്ണയം, ഇടപെടൽ സംവിധാനങ്ങൾ, സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം**

### ആരോഗ്യവകുപ്പ്

**വിഷയം** : ആരോഗ്യസംവിധാനം അടിസ്ഥാനമാക്കിയുള്ള രോഗനിരീക്ഷണം.

**ലക്ഷ്യം** :

1. ഏകാരോഗ്യം പരിപാടിയുമായി ബന്ധപ്പെട്ട് indicators/Events എന്നിവയുടെ നിരീക്ഷണത്തിന്റെ പ്രാധാന്യം, മാർഗ്ഗങ്ങൾ, റിപ്പോർട്ടിങ്ങ് എന്നിവയെക്കുറിച്ച് ധാരണയുണ്ടാക്കുക.
2. വിവിധ വിഭാഗം ജീവനക്കാരുടെ ഉത്തരവാദിത്തങ്ങളുമായി ബന്ധപ്പെട്ട് രോഗനിരീക്ഷണത്തിന്റെ സാദ്ധ്യതയും ഡാറ്റാവിനിമയവും വിശകലനവും എപ്രകാരമെന്നും ബോദ്ധ്യപ്പെടുത്തുക.
3. രോഗനിരീക്ഷണത്തിൽ കമ്മ്യൂണിറ്റി വോളണ്ടിയർമാർ, മറ്റു സന്നദ്ധ പ്രവർത്തകർ ഇവരെ ഉപയോഗപ്പെടുന്നതിന് പ്രചോദനം നൽകുക.
4. നിലവിലുള്ള രോഗനിരീക്ഷണ സംവിധാനങ്ങൾ, വിവിധ കാറ്റഗറി ജീവനക്കാരുടെ ബന്ധപ്പെട്ട ഉത്തരവാദിത്തങ്ങൾ എന്നിവ ബോദ്ധ്യപ്പെട്ടുത്തുന്നു.
5. കൃത്യതയും പ്രാധാന്യവും.
6. റിപ്പോർട്ടിങ്ങ് മെച്ചപ്പെടുത്തുന്നതിന്റെ തുടർ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശങ്ങളും തിരിച്ചറിയണം

**സമയം** : 60 മിനിറ്റ്

**ഉള്ളടക്കവും പഠനരീതിയും**

| നം | വിഷയം | സമയം (മിനിറ്റ് ) | രീതി | ഉപാധി |
|---|---|---|---|---|
| 1 | രോഗനിരീക്ഷണം – എന്ത്, എപ്പോൾ, എങ്ങനെ, ആരെല്ലാം, എന്തെല്ലാം | 10 | PPT അവതരണം, ചർച്ച | PPT അവതരണം, ചാർട്ട് പേപ്പർ |
| 2 | നിരീക്ഷണ സംവിധാനം, ലക്ഷ്യങ്ങൾ | 15 | PPT അവതരണം, ചർച്ച | PPT അവതരണം, ചാർട്ട് പേപ്പർ |
| 3 | ആരോഗ്യവകുപ്പിൽ നിലവിൽ ഉള്ള സംവിധാനങ്ങൾ | 10 | PPT അവതരണം, ചർച്ച | PPT അവതരണം, ചാർട്ട് പേപ്പർ |
| 4 | കാറ്റഗറി അനുസരിച്ചുള്ള രോഗ നിരീക്ഷണം (S, P, L forms). | 10 | PPT അവതരണം, ചർച്ച | PPT അവതരണം, ചാർട്ട് പേപ്പർ |
| 5 | സാമൂഹ്യാധിഷ്ഠിത രോഗ നിരീക്ഷണം | 10 | PPT അവതരണം, ചർച്ച | PPT അവതരണം, ചാർട്ട് പേപ്പർ |
| 6 | സംശയ നിവാരണം | 5 | ചർച്ച | |

**<u>ആവശ്യമായ കുറിപ്പുകൾ</u>**

- രോഗനിരീക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഉദാഹരണങ്ങളിലൂടെ പറയുന്നു (eg നിപ്പ, പക്ഷിപ്പനി) – രോഗനിരീക്ഷണം എന്താണ്, എന്തിനാണ്, എപ്പോൾ നടത്തണം, എങ്ങനെ നടത്തണം, ആരെല്ലാം നടത്തണം എന്നുള്ളത് വിശദീകരിക്കണം.
- ശാസ്ത്രീയ രോഗനിരീക്ഷണ സംവിധാനമെന്താണ്, അതിന്റെ ലക്ഷ്യങ്ങൾ, ഘടകങ്ങൾ, എന്നിവയെക്കുറിച്ച് ബോദ്ധ്യപ്പെടുത്തുന്നു. നിലവിലുള്ള രോഗ നിരീക്ഷണ സംവിധാനങ്ങളെക്കുറിച്ച് (IHIP) S, P, L രോഗനിരീക്ഷണത്തെക്കുറിച്ച് ബോദ്ധ്യപ്പെടുത്തൽ.
- സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണ സംവിധാനം എന്താണെന്നും ഏതൊക്കെ തരത്തിലുണ്ടെന്നും ആരൊക്കെയാണ് ചെയ്യേണ്ടതെന്നും വിശദമാക്കണം. Events (പക്ഷികൾ ചത്ത് വീഴുക, പുതിയ ഇനം പക്ഷികളെ കണ്ടെത്തുക, കുളങ്ങളിൽ മത്സ്യങ്ങൾ ചത്ത് പൊങ്ങുക etc.) Indicators (രോഗലക്ഷണങ്ങൾ) തിരിച്ചറിഞ്ഞാൽ നിരീക്ഷണ സംവിധാനവുമായി ബന്ധപ്പെട്ട് റിപ്പോർട്ട് ചെയ്യുക/പരിശോധന നടത്തുക/നിയന്ത്രണ നടപടികൾ/ഫീൽഡ് തല തുടർ രോഗനിരീക്ഷണ പ്രവർത്തങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ, protocol നടപടികൾ എന്നിവ ബോദ്ധ്യപ്പെടുത്തുക.
- കാറ്റഗറി അനുസരിച്ചുള്ള ഉത്തരവാദിത്തങ്ങൾ മനസ്സിലാക്കുക. അനുബന്ധം ഗവ: ഉത്തരവുകൾ അവലംബമായി ഉപയോഗപ്പെടുത്തുക.
- PPT അവതരണം തയ്യാറാക്കുന്നതിനും, ഉദാഹരണങ്ങൾ സൂചിപ്പിക്കുന്നതിനും കൈപ്പുസ്തകത്തിൽ കൊടുത്തിരിക്കുന്ന വിശദ വിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്.

# കാർഷിക വികസന – കർഷക ക്ഷേമ വകുപ്പ്

**വിഷയം** : കാർഷിക മേഖലയിലെ രോഗ, കീടബാധകൾ – നിരീക്ഷണവും പഠനവും നിയന്ത്രണവും.

**ലക്ഷ്യം** :

1. വിളകൾക്ക് രോഗ, കീടബാധയുണ്ടായാൽ അനുവർത്തിക്കേണ്ട നടപടികൾ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുക.
2. രോഗനിർണയം, നിയന്ത്രണം എന്നിവയ്ക്കുവേണ്ടി കാർഷികമേഖലയിൽ ഇന്ന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്നും അതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരുടെ ചുമതലകൾ എന്തൊക്കെയാണെന്നുമുള്ള അവബോധം സൃഷ്ടിക്കുക.
3. ഏകാരോഗ്യ പരിപാടിയുമായി ബന്ധപ്പെട്ട് പുതുതായി ചെയ്യേണ്ട രോഗനിരീക്ഷണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നുള്ള അവബോധം സൃഷ്ടിക്കുക.

**സമയം** : 60 മിനിറ്റ്

**ഉള്ളടക്കവും പഠനരീതിയും**

| നം | വിഷയം | സമയം (മിനിറ്റ് ) | രീതി | ഉപാധി |
|---|---|---|---|---|
| 1 | വിളകൾക്ക് രോഗ, കീടബാധയുണ്ടായാൽ അനുവർത്തിക്കേണ്ട നടപടികൾ സംബന്ധിച്ചുള്ള മാർഗ്ഗരേഖകൾ വിശദീകരിക്കുക. | 15 | ചർച്ച, PPT അവതരണം | PPT അവതരണം, ചാർട്ട് പേപ്പർ |
| 2 | രോഗനിർണ്ണയം, നിയന്ത്രണം എന്നിവയ്ക്ക് വേണ്ടി കാർഷികമേഖലയിൽ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്നും അതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരുടെ ചുമതലകൾ എന്തൊക്കെയെന്നും വിശദീകരിക്കുക. | 20 | ചർച്ച, PPT അവതരണം | PPT അവതരണം, ചാർട്ട് പേപ്പർ |
| 3 | ഏകാരോഗ്യ പരിപാടിയുമായി ബന്ധപ്പെട്ട് പുതുതായി ചെയ്യേണ്ട രോഗനിരീക്ഷണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും ,MDDT (Multidisciplinary Diagnostic Team) സംഘാടനവും പ്രവർത്തനവും എങ്ങനെയെന്നും വിശദീകരിക്കുക. | 15 | ചർച്ച, PPT അവതരണം | PPT അവതരണം, ചാർട്ട് പേപ്പർ |
| 4 | പൊതുചർച്ച, സംശയ നിവാരണം | 10 | ചർച്ച | |

**<u>ആവശ്യമായ കുറിപ്പുകൾ</u>**

- രോഗ, കീടബാധയുണ്ടാകുന്ന അവസരത്തിൽ യഥാസമയം ഉദ്യോഗസ്ഥരെ അറിയിക്കുന്ന കാര്യത്തിൽ കർഷകരെ ബോധവത്കരിക്കൽ, ഉദ്യോഗസ്ഥർ കൃഷിസ്ഥലം സന്ദർശിച്ച് സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ എന്നിവ ഉദാഹരണസഹിതം ബോദ്ധ്യപ്പെടുത്തുക.

- വിവിധ വകുപ്പുകളിലെ (Health, Agriculture, Animal Husbandry, Dairy, Fisheries, LSGD etc) വിദഗ്ദ്ധരെ സംഘടിപ്പിച്ച് ഫീൽഡ് സന്ദർശിക്കുകയും പ്രശ്നങ്ങൾ അവലോകനം ചെയ്യുകയും പ്രതിവിധികൾ നിർദ്ദേശിക്കുകയും ചെയ്യേണ്ടതിന്റെ മാർഗ്ഗരേഖ അവതരിപ്പിക്കുക.

- ഏകാരോഗ്യ പരിപാടിയുമായി ബന്ധപ്പെട്ട് പുതിതായി ചെയ്യേണ്ട രോഗനിരീക്ഷണ പ്രവർത്തനങ്ങൾ എന്തൊക്കെ ആണെന്നും MDDT (Multidisciplinary Diagnostic Team) സംഘാടനവും പ്രവർത്തനവും എങ്ങനെ എന്നും ബോദ്ധ്യപ്പെടുത്തുക. ഫീൽഡിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ ആവശ്യാനുസരണം മറ്റ് വകുപ്പുകളുമായി ചർച്ച ചെയ്ത് ഉചിതമായ നടപടികൾ സ്വീകരിക്കുക.

- PPT അവതരണം തയ്യാറാക്കുന്നതിനും, ഉദാഹരണങ്ങൾ സൂചിപ്പിക്കുന്നതിനും കൈപ്പുസ്തകത്തിൽ കൊടുത്തിരിക്കുന്ന വിശദ വിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്.

# <u>മൃഗസംരക്ഷണ വകുപ്പ്</u>

**വിഷയം** : മൃഗസംരക്ഷണ വകുപ്പിലെ രോഗനിരീക്ഷണം, നിർണ്ണയം, നിയന്ത്രണം, പ്രതിരോധ മാർഗ്ഗങ്ങൾ.

**ലക്ഷ്യം** :

1. സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക.
2. ലബോറട്ടറി നിരീക്ഷണത്തിന്റെ ആവശ്യകത, രീതി, പ്രാധാന്യം എന്നിവയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുക.
3. നിരീക്ഷണത്തെ അടിസ്ഥാനപ്പെടുത്തി പ്രതിരോധം, നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവ അവലംബിക്കുന്നതിനെക്കുറിച്ച് ബോധവാന്മാരാക്കുക.
4. കൃത്യസമയത്ത് ഉചിതമായ സാമ്പിളുകൾ ശേഖരിച്ച് രോഗനിർണ്ണയം നടത്തുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് അറിവുനൽകുക.
5. നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ രോഗമുന്നറിയിപ്പ് നൽകുവാൻ പ്രാപ്തരാക്കുക.
6. നിരീക്ഷണ വിവരങ്ങൾ ആരെല്ലാമായിട്ട് പങ്കുവച്ച് തുടർനടപടികൾ സ്വീകരിക്കാം എന്ന അവബോധം സൃഷ്ടിക്കുക.

**സമയം:** 60 മിനിറ്റ്

**<u>ഉള്ളടക്കവും പഠനരീതിയും</u>**

| നം | വിഷയം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| 1 | ജന്തുജന്യരോഗങ്ങളുടെ സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം സംബന്ധിച്ച് വിശദീകരിക്കുക. | 10 | പങ്കാളിത്ത അവതരണം, ചർച്ച, PPT അവതരണം | PPT അവതരണം, ചാർട്ട് പേപ്പർ |
| 2 | ജന്തുജന്യരോഗങ്ങളുടെ ലബോറട്ടറി അധിഷ്ഠിത നിരീക്ഷണം എന്താണെന്ന് വിശദീകരിക്കുക. | 10 | പങ്കാളിത്ത അവതരണം, ചർച്ച, PPT അവതരണം | PPT അവതരണം, ചാർട്ട് പേപ്പർ |
| 3 | സാമ്പിൾ ശേഖരണം, പാക്കിങ്ങ്, ലാബുകളിൽ എത്തിക്കൽ എന്നിവയെ കുറിച്ച് വിശദമാക്കുക. | 10 | പങ്കാളിത്ത അവതരണം, ചർച്ച, PPT അവതരണം | PPT അവതരണം, ചാർട്ട് പേപ്പർ |
| 4 | രോഗനിർണ്ണയം, റിപ്പോർട്ടിങ്ങ് എന്നിവ വിശദീകരിക്കുക. | 10 | പങ്കാളിത്ത അവതരണം, ചർച്ച, PPT അവതരണം | PPT അവതരണം, ചാർട്ട് പേപ്പർ |
| 5 | എന്തെല്ലാം പ്രതിരോധ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കാം എന്നത് സംബന്ധിച്ച് വിശദീകരിക്കുക. | 5 | പങ്കാളിത്ത അവതരണം, ചർച്ച, PPT അവതരണം | PPT അവതരണം, ചാർട്ട് പേപ്പർ |

| | | | | |
|---|---|---|---|---|
| 6 | നിരീക്ഷണ വിവരങ്ങൾ ആർക്കൊക്കെ പങ്കുവച്ച് തുടർ നടപടികൾ സ്വീകരിക്കാമെന്ന് വിശദീകരിക്കുക. | 10 | പങ്കാളിത്ത അവതരണം, ചർച്ച, PPT അവതരണം | PPT അവതരണം, ചാർട്ട് പേപ്പർ |
| 7 | സംശയനിവാരണം | 5 | | |

## ആവശ്യമായ കുറിപ്പുകൾ

- സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം – കമ്മ്യൂണിറ്റി വോളണ്ടിയർമാരെ ഉൾപ്പെടുത്തിക്കൊണ്ട് വിവരശേഖരണം നടത്തുന്നതിനെക്കുറിച്ച് ഉദാഹരണസഹിതം വിശദീകരിക്കുക.
- ലബോറട്ടറി അധിഷ്ഠിത നിരീക്ഷണത്തിന്റെ പ്രാധാന്യം, active, passive, targeted surveillance എന്നിവ ഉദാഹരണ സഹിതം വിശദീകരിക്കുക.
- ഓരോ ജന്തുജന്യരോഗങ്ങൾക്കും ഏതൊക്കെ സാമ്പിളുകൾ ശേഖരിക്കണം, പായ്ക്ക് ചെയ്യേണ്ട വിധം, സാമ്പിളുകൾ ഏതൊക്കെ ലാബുകളിൽ എത്തിക്കണം എന്നിവയെക്കുറിച്ച് കൃത്യമായ ധാരണയുണ്ടാക്കുന്നതിനായി ഉദാഹരണസഹിതം വിശദീകരിക്കുക.
- രോഗത്തിന്റെ റിപ്പോർട്ടിങ്ങ്, റിപ്പോർട്ടിങ്ങിന്റെ അടിസ്ഥാനത്തിൽ പ്രതിരോധ, നിയന്ത്രണമാർഗ്ഗങ്ങൾ സമയബന്ധിതമായി എങ്ങനെ നടപ്പിലാക്കാം എന്നിവ ഉദാഹരണസഹിതം വിശദീകരിക്കുക.
- നിരീക്ഷണ സംവിധാനത്തിലൂടെ ലഭിക്കുന്ന വിവരങ്ങൾ ആർക്കൊക്കെയായി പങ്കുവച്ച് തുടർ നടപടികൾ സ്വീകരിക്കാം എന്നുള്ളത് ഉദാഹരണ സഹിതം വിശദീകരിക്കുക.
- PPT അവതരണം തയ്യാറാക്കുന്നതിനും, ഉദാഹരണങ്ങൾ സൂചിപ്പിക്കുന്നതിനും കൈപ്പുസ്തകത്തിൽ കൊടുത്തിരിക്കുന്ന വിശദ വിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്.

# വനം – വന്യ ജീവി വകുപ്പ്

**വിഷയം :** സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണവും ഏകാരോഗ്യ പരിപാടി മുഖേനയുള്ള ഇടപെടലും.

**ലക്ഷ്യം :**

1. ഏകാരോഗ്യ പരിപാടിയുടെ ഭാഗമായുള്ള രോഗനിരീക്ഷണം എന്താണെന്നും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും അവബോധം സൃഷ്ടിക്കുക.
2. വനമേഖലയിലും വന്യജീവികളിലും നടത്തേണ്ട രോഗനിരീക്ഷണം, നിർണ്ണയ പ്രവർത്തനങ്ങൾ, നിയന്ത്രണ രീതികൾ എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുക.
3. ഏകാരോഗ്യ പരിപാടിയുടെ ഭാഗമായ സന്നദ്ധ പ്രവർത്തനം, സന്നദ്ധ പ്രവർത്തകർക്ക് ഉണ്ടാകേണ്ട ഗുണങ്ങൾ, തുടർപ്രവർത്തനങ്ങൾ മുതലായവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുക.

**സമയം :** 60 മിനിറ്റ്

**<u>ഉള്ളടക്കവും പഠനരീതിയും</u>**

| നം | വിഷയം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| 1 | സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണത്തിൽ വനാശ്രയ സമൂഹത്തിന്റെ പങ്കെന്താണെന്ന് വിശദീകരിക്കുന്നു. | 15 | ചർച്ച, PPT അവതരണം | PPT അവതരണം, ചാർട്ട് പേപ്പർ |
| 2 | വനമേഖലയിലും വന്യജീവികളിലും നടത്തേണ്ട രോഗനിരീക്ഷണവും നിർണ്ണയ പ്രവർത്തനങ്ങളും നിയന്ത്രണ രീതികളും വിശദീകരിക്കുക | 20 | ചർച്ച, PPT അവതരണം | PPT അവതരണം, ചാർട്ട് പേപ്പർ |
| 3 | ഏകാരോഗ്യ പരിപാടിയുടെ ഭാഗമായ സന്നദ്ധ പ്രവർത്തനം, സന്നദ്ധപ്രവർത്തകർക്ക് ഉണ്ടാകേണ്ട ഗുണങ്ങൾ, തുടർ പ്രവർത്തനങ്ങൾ മുതലായവയെ ക്കുറിച്ച് വിശദീകരിക്കുക.<br>സന്നദ്ധപ്രവർത്തനം – EDC VSS – എന്നിവയിലൂടെ നടപ്പിലാക്കുന്ന രീതികളും ആവശ്യകതയും വിശദീകരിക്കുക. | 20 | ചർച്ച, PPT അവതരണം | PPT അവതരണം, ചാർട്ട് പേപ്പർ |
| 4 | സംശയ നിവാരണം | 5 | | |

## <u>ആവശ്യമായ കുറിപ്പുകൾ</u>

- വനത്തെ ആശ്രയിച്ച് ജീവിക്കുന്ന വനവാസി സമൂഹത്തിനും മറ്റ് ജനങ്ങൾക്കും മൃഗങ്ങളുടെയും കാടിന്റെയും മാറ്റങ്ങളെ മനസ്സിലാക്കുവാനും ശ്രദ്ധയിൽക്കൊണ്ടുവരാനും കഴിയുമെന്നത് വ്യക്തമാക്കണം. ഫീൽഡ് സ്റ്റാഫ് കൃത്യമായ നിരീക്ഷണത്തിലൂടെയും പോസ്റ്റ്മോർട്ടം നടപടികൾ കൃത്യമായി പൂർത്തിയാക്കിയും രോഗനിർണ്ണയത്തിൽ പങ്ക് വഹിക്കേണ്ടതിനെക്കുറിച്ചും വിശദീകരിക്കുക.
- വനവുമായി അടുത്തിടപഴകി ജീവിക്കുന്ന VSS – EDC എന്നിവർ മുഖേന വനവാസി കളിലും വനാശ്രിത സമൂഹത്തിലും കാണപ്പെടുന്ന രോഗലക്ഷണങ്ങൾ കൃത്യമായി നിരീക്ഷിച്ച് രോഗവ്യാപനം തടയേണ്ടതും അവബോധം സൃഷ്ടിക്കേണ്ടതും എങ്ങനെയെന്ന് വിശദീകരിക്കുക.
- സന്നദ്ധപ്രവർത്തകർ ആരൊക്കെ ആയിരിക്കണം, അവർ എന്തൊക്കെയാണ് ചെയ്യേണ്ടത്, ലഭ്യമായ വിവരങ്ങൾ ആർക്കൊക്കെ പങ്കുവയ്ക്കണം എന്നിവ വിശദീകരിക്കുക. വനംവകുപ്പിന് ലഭിക്കുന്ന വിവരങ്ങൾ മറ്റു വകുപ്പുകളുമായി പങ്കുവച്ച് അവശ്യ നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതിനെക്കുറിച്ച് ഉദാഹരണസഹിതം വിശദീകരിക്കുക.
- PPT അവതരണം തയ്യാറാക്കുന്നതിനും, ഉദാഹരണങ്ങൾ സൂചിപ്പിക്കുന്നതിനും കൈപ്പുസ്തക ത്തിൽ കൊടുത്തിരിക്കുന്ന വിശദ വിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്.

# ജലസേചന വകുപ്പ്

**വിഷയം** : ഏകാരോഗ്യത്തിൽ അധിഷ്ഠിതമായ രോഗനിരീക്ഷണം, നിർണ്ണയം, നിയന്ത്രണം, പ്രതിരോധമാർഗ്ഗങ്ങൾ.

**ലക്ഷ്യം** :

1. ജലസംരക്ഷണവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ നിലവിലുള്ള ഉത്തരവാദിത്തങ്ങൾ, രോഗനിരീക്ഷണത്തിന്റെ ഡാറ്റ വിനിമയം, റിപ്പോർട്ടിങ്ങ്, വിശകലനം എന്നിവ എപ്രകാരമാണെന്ന് ബോദ്ധ്യപ്പെടുത്തുക.
2. ജലസംരക്ഷണ പ്രവർത്തനവുമായി ബന്ധപ്പെട്ട് വകുപ്പുതലത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വ്യക്തത വരുത്തുക.
3. ഏകാരോഗ്യത്തിൽ അധിഷ്ഠിതമായ രോഗനിരീക്ഷണത്തിന്റെ പ്രാധാന്യം ബോദ്ധ്യപ്പെടുത്തുക.

**സമയം** : 60 മിനിറ്റ്

**<u>ഉള്ളടക്കവും പഠനരീതിയും</u>**

| നം | വിഷയം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| 1 | ജലസംരക്ഷണവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ നിലവിലുള്ള ഉത്തരവാദിത്തങ്ങൾ, രോഗനിരീക്ഷണത്തിന്റെ ഡാറ്റാ വിനിമയം, റിപ്പോർട്ടിങ്ങ്, വിശകലനം എന്നിവ എപ്രകാരമാണെന്ന് പട്ടിക തയ്യാറാക്കി ക്രോഡീകരിക്കുക. | 20 | പൊതു ചർച്ച, PPT അവതരണം | PPT അവതരണം, ചാർട്ട് പേപ്പർ |
| 2 | ജലസംരക്ഷണ പ്രവർത്തനവുമായി ബന്ധപ്പെട്ട് വകുപ്പുതലത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങളെ ക്കുറിച്ച് വിശദീകരിച്ച് ആരോഗ്യസംരക്ഷണവു മായി ബന്ധപ്പെടുത്തുക. | 20 | പൊതു ചർച്ച, PPT അവതരണം | PPT അവതരണം, ചാർട്ട് പേപ്പർ |
| 3 | ഏകാരോഗ്യത്തിൽ അധിഷ്ഠിതമായ രോഗനിരീക്ഷണത്തിന്റെയും ഏകോപിത പ്രവർത്തനനങ്ങളുടെയും പ്രാധാന്യം വിശദീകരിക്കുക. | 15 | പൊതു ചർച്ച, PPT അവതരണം | PPT അവതരണം, ചാർട്ട് പേപ്പർ |
| 4 | സംശയ നിവാരണം | 5 | | |

**ആവശ്യമായ കുറിപ്പുകൾ**

- ജലസേചനം, കുടിവെള്ള വിതരണം എന്നീ മേഖലകളുമായി ബന്ധപ്പെട്ട് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വകുപ്പുതല പ്രവർത്തനങ്ങളുടെ പട്ടിക അവതരിപ്പിച്ച് ഏകാരോഗ്യ പ്രവർത്തന മേഖലയുമായി ബന്ധിപ്പിക്കുന്നതിന്റെ സാദ്ധ്യതകൾ വിശദീകരിക്കുക.
- ഈ മേഖലയിൽ പ്രവർത്തിക്കുന്നവർ നിലവിൽ നടത്തുന്ന രോഗനിരീക്ഷണ പ്രവർത്തനങ്ങളും അതോടൊപ്പം ഏകാരോഗ്യത്തിന്റെ കാഴ്ചപ്പാടിൽ പുതുതായി ഊന്നൽ നൽകേണ്ട രോഗനിരീക്ഷണ, നിയന്ത്രണ പ്രവർത്തനങ്ങളെ സംബന്ധിച്ചും വിശദീകരിക്കുക.
- വകുപ്പുതലത്തിൽ നടത്തുന്ന രോഗനിരീക്ഷണ, നിയന്ത്രണ പ്രവർത്തനങ്ങളുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും കൃത്യമായ ഇടവേളകളിൽ മറ്റ വകുപ്പുകളുമായി പങ്കുവയ്ക്കേണ്ടതിന്റെ പ്രാധാന്യവും ഉദാഹരണ സഹിതം വിശദമാക്കേണ്ടതാണ്.
- PPT അവതരണം തയ്യാറാക്കുന്നതിനും, ഉദാഹരണങ്ങൾ സൂചിപ്പിക്കുന്നതിനും കൈപ്പുസ്തകത്തിൽ കൊടുത്തിരിക്കുന്ന വിശദ വിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്.

# ഡ്രഗ്സ് കൺട്രോൾ വകുപ്പ്

**വിഷയം** : സുരക്ഷിതമായ മരുന്ന് വിതരണവും മരുന്നുകളുടെ ഉപയോഗവും – പൊതുജനാരോഗ്യത്തിനായി ഔഷധവ്യാപാരികളും രജിസ്റ്റേർഡ് ഫാർമസിസ്റ്റുകളും അറിഞ്ഞിരിക്കേണ്ട നിയമവ്യവസ്ഥകളും വകുപ്പുതല നടപടികളും

**ലക്ഷ്യം** :

1. ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ആന്റിമൈക്രോബിയൽ പ്രതിരോധപ്രവർത്തനങ്ങൾ ഏതെല്ലാമാണെന്നും അതിന്റെ പ്രാധാന്യവും ബോദ്ധ്യപ്പെടുത്തുക.
2. ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ IEC പ്രവർത്തനങ്ങൾ ബോദ്ധ്യപ്പെടുത്തുക.
3. ഉപയോഗശൂന്യമായതും കാലാവധി കഴിഞ്ഞതുമായ മരുന്നുകളുടെ നിർമ്മാർജ്ജനം സംബന്ധിച്ച് ബോദ്ധ്യപ്പെടുത്തുക.
4. മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ച്മാത്രം മരുന്നുവിതരണം നടത്തേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും അനുബന്ധവകുപ്പുകളുമായി സഹകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ബോദ്ധ്യപ്പെടുത്തുക.

**സമയം** : 60 മിനിറ്റ്

**ഉള്ളടക്കവും പഠനരീതിയും**

| നം | വിഷയം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| 1 | ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ആന്റിമൈക്രോബിയൽ പ്രതിരോധ പ്രവർത്തനങ്ങൾ, നടത്തിപ്പ്, പ്രാധാന്യം. | 10 | പങ്കാളിത്ത അവതരണം, PPT അവതരണം, ചർച്ച | PPT അവതരണം , ചാർട്ട് പേപ്പർ |
| 2 | ഓപ്പറേഷൻ അമൃത് | 8 | പങ്കാളിത്ത അവതരണം, PPT അവതരണം, ചർച്ച | PPT അവതരണം |
| 3 | ഓപ്പറേഷൻ വെറ്റ്ബയോട്ടിക്സ് | 6 | പങ്കാളിത്ത അവതരണം, PPT അവതരണം, ചർച്ച | PPT അവതരണം |
| 3 | സ്റ്റുഡന്റ്സ് പ്രോഗ്രാം ഫോർ അവയർനെസ്സ് ഓൺ ആന്റി മൈക്രോബയൽ റെസിസ്റ്റൻസ് കേരള_പ്രോഗ്രാം, സ്പാർക്ക് – സൗഖ്യം സദാ പദ്ധതി ഡ്രഗ്സ് **കൺട്രോൾ** വകുപ്പും VHSE-NSS മായി ചേർന്ന് നടത്തിയിട്ടുള്ള അവബോധ പ്രവർത്തനങ്ങൾ പ്രാധാന്യം വിശദീകരിക്കുക. | 8 | PPT അവതരണം, ചർച്ച | PPT അവതരണം |

| | | | | |
|---|---|---|---|---|
| 4 | ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ഇൻഫർമേഷൻ എഡ്യൂക്കേഷൻ, പ്രവർത്തനങ്ങൾ | 8 | പങ്കാളിത്ത അവതരണം, PPT അവതരണം, ചർച്ച | PPT അവതരണം, ചാർട്ട് പേപ്പർ |
| 5 | ഓപ്പറേഷൻ ഡബിൾ ചെക്ക് | 5 | പങ്കാളിത്ത അവതരണം, PPT അവതരണം, ചർച്ച | PPT അവതരണം |
| 6 | പ്രോഗ്രാം ഫോർ റിമൂവൽ ഓഫ് അൺ യൂസ്ഡ് ഡ്രഗ്സ് (PROUD) | 5 | PPT അവതരണം | PPT അവതരണം |
| 7 | ഭാവി പരിപാടികൾ - മെഡ് വാച്ച് (Over the counter sale etc.)<br>സെന്റിനൽ ഫാർമസികൾ. വിവിധ വകുപ്പുകളുമായിട്ടുള്ള ഏകോപന സാധ്യതകൾ | 8 | പങ്കാളിത്ത അവതരണം, PPT അവതരണം, ചർച്ച | PPT അവതരണം |
| 8 | സംശയനിവാരണം | 2 | | |

**ആവശ്യമായ കുറിപ്പുകൾ**

- ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ആന്റി മൈക്രോബിയൽ പ്രതിരോധ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും അതിന്റെ നടത്തിപ്പ് എങ്ങനെയെന്നും ഉദാഹരണസഹിതം വിശദമാക്കുക.
- 'ഓപ്പറേഷൻ അമൃത്' എന്താണെന്ന വിശദീകരിക്കുക.
- 'ഓപ്പറേഷൻ വെറ്റ് ബയോട്ടിക്സ്' എന്താണെന്ന വിശദീകരിക്കുക.
- ആന്റിമൈക്രോബിയൽ പ്രതിരോധത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് മുഴുവൻ ജനങ്ങൾക്കും പ്രത്യേകിച്ച് വിദ്യാർത്ഥികൾക്ക് കൊടുക്കേണ്ട ബോധവത്ക്കരണ ('സ്പാർക്ക് - സൗഖ്യം സദാ') പ്രവർത്തനങ്ങളെക്കുറിച്ചും മറ്റ IEC പ്രവർത്തനങ്ങളെക്കുറിച്ചും വിശദീകരിക്കുക.
- ഓപ്പറേഷൻ ഡബിൾ ചെക്ക് പ്രോഗ്രാം എന്താണെന്ന് വിശദീകരിക്കുക.
- പ്രോഗ്രാം ഫോർ റിമൂവൽ ഓഫ് അൺ യൂസ്ഡ് ഡ്രഗ്സ് എന്താണെന്ന വിശദീകരിക്കുക.
- മെഡ്വാച്ച്, സെന്റിനൽ ഫാർമസികൾ, ആന്റിബിയോട്ടിക് മരുന്നുകളുടെ Over the counter sale തടയുന്നതിന്റെ അനിവാര്യത എന്നിവയെക്കുറിച്ച് വിശദീകരിക്കുക.
- ഏകാരോഗ്യ പരിപാടിയിൽ AMR-നുള്ള പ്രാധാന്യത്തെ സംബന്ധിച്ചും മറ്റ വകുപ്പുകളുമായി സഹകരിച്ച് പൊതുജനാരോഗ്യം ലക്ഷ്യമാക്കി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും വിശദീകരിക്കുക.
- PPT അവതരണം തയ്യാറാക്കുന്നതിനും ഉദാഹരണങ്ങൾ സൂചിപ്പിക്കുന്നതിനും കൈപ്പുസ്തകത്തിൽ കൊടുത്തിരിക്കുന്ന വിശദവിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്.

## ഫിഷറീസ്

**വിഷയം** : രോഗനിരീക്ഷണവും രോഗനിർണ്ണയവും ഏകാരോഗ്യവും

**ലക്ഷ്യം** :

1. നിലവിൽ ഫിഷറിസ് വകുപ്പിൽ രോഗനിരീക്ഷണം, രോഗനിർണ്ണയം എന്നീ വിഷയങ്ങളിൽ സ്വീകരിച്ചു വരുന്ന സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP)– നെക്കുറിച്ചുള്ള ധാരണ ഉണ്ടാക്കുക.
2. സമയബന്ധിതമായി രോഗങ്ങൾ തിരിച്ചറിയുകയും അവ ശരിയായി റിപ്പോർട്ട് ചെയ്യുകയും പരിശോധിക്കുകയും ഡോക്യുമെന്റ് ചെയ്യുന്നതിനുമായി കർഷകതലം മുതൽ ഉദ്യോഗസ്ഥതലം വരെയുള്ള പ്രവർത്തനങ്ങൾ മനസ്സിലാക്കുക.

**സമയം** : 60 മിനിറ്റ്

**ഉള്ളടക്കവും പഠനരീതിയും**

| നം | വിഷയം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| 1 | സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) ഫോർ അക്വാട്ടിക് അനിമൽ ഹെൽത്ത് മാനേജ്മെന്റ് –നെ ക്കുറിച്ച് വിശദമാക്കുക. | 15 | പങ്കാളിത്ത അവതരണം, PPT അവതരണം, ചർച്ച | PPT അവതരണം, ചാർട്ട് പേപ്പർ |
| 2 | ബെസ്റ്റ് മാനേജ്മെന്റ് പ്രാക്ടീസസ് (BMP), അക്വാട്ടിക് ക്വാറന്റയിൻ പ്രാക്ടീസസ് (AQP) എന്നിവയെക്കുറിച്ച് വിശദീകരിക്കുക. | 15 | പങ്കാളിത്ത അവതരണം, PPT അവതരണം, ചർച്ച | PPT അവതരണം |
| 3 | രോഗനിരീക്ഷണവുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രോഗ്രാമുകൾ, ഏകാരോഗ്യ സമീപനത്തിന്റെ ഭാഗമായി രോഗ നിരീക്ഷണ വിവരങ്ങളുടെ കൈമാറ്റം, വിശകലനം, രോഗനിയന്ത്രണം എന്നിവ വിശദീകരിക്കുന്നു. | 25 | പങ്കാളിത്ത അവതരണം, PPT അവതരണം, ചർച്ച | PPT അവതരണം |
| 4 | സംശയനിവാരണം | 5 | | |

**ആവശ്യമായ കുറിപ്പുകൾ**

- ഫിഷറീസ് വകുപ്പിലെ SOP ഹാൻഡ്ബുക്കിനെ കുറിച്ച് മുൻപ് കേട്ടിട്ടുണ്ടോ? ഒരു ഫിഷ് ഫാമിലെ മീനുകൾ ചത്ത് പോയാലോ അവയ്ക്ക് അസുഖം ബാധിച്ചാലോ നമ്മൾ എന്താണ് ചെയ്യുക? തുടങ്ങിയ ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് ക്ലാസ്സ് ആരംഭിക്കണം. അവർ പറയുന്ന ഉത്തരങ്ങൾ ചാർട്ട് പേപ്പറിൽ എഴുതണം. തുടർന്ന് PPT അവതരണം പ്രദർശിപ്പിച്ചുകൊണ്ട് വിശദീകരിക്കണം.
- ബെസ്റ്റ് മാനേജ്മെന്റ് പ്രാക്ടീസസിന്റെ ആവശ്യകതയുൾപ്പെടെ വിശദമായി വിവരി ക്കണം. ജൈവസുരക്ഷ, ആരോഗ്യപരിപാലനം തുടങ്ങിയ വിഷയങ്ങൾ ഫിഷറീസ് വകുപ്പ് പുറത്തിറക്കിയ SOP കൈപ്പുസ്തകത്തിൽ നിന്നും വായിച്ചു മനസ്സിലാക്കിയിരിക്കണം. തുടർന്ന് സ്ലൈഡുകൾ കാണിച്ച് പഠിതാക്കളോട് വിശദീകരി ക്കണം.
- NSPAAD, തുടങ്ങി മത്സ്യമേഖലയിൽ രോഗ നിരീക്ഷണത്തിനുള്ള വിവിധ പ്രോഗ്രാമുകൾ പഠിതാക്കളെ സ്ലൈഡുകൾ കാണിച്ച് ബോദ്ധ്യപ്പെടുത്തുക.
- ഏകാരോഗ്യ സമീപനത്തിന്റെ ഭാഗമായി രോഗനിരീക്ഷണം, വിശകലനം, വിവര കൈമാറ്റം, രോഗ നിയന്ത്രണം തുടങ്ങിയവയുടെ പ്രാധാന്യത്തെക്കുറിച്ച് വിശദമാക്കുക
- PPT അവതരണം തയ്യാറാക്കുന്നതിനും ഉദാഹരണങ്ങൾ സൂചിപ്പിക്കുന്നതിനും കൈപ്പുസ്തകത്തിൽ കൊടുത്തിരിക്കുന്ന വിശദ വിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്.

# പരിസ്ഥിതി – കാലാവസ്ഥാ വ്യതിയാന വകുപ്പ്

**വിഷയം** : രോഗനിരീക്ഷണവും പരിസ്ഥിതി – കാലാവസ്ഥാ വ്യതിയാന വകുപ്പും.

**ലക്ഷ്യം** :

1. രോഗനിരീക്ഷണത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഭാഗമായി വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ/സംവിധാനങ്ങൾ എന്തെല്ലാമെന്ന് പരിചയപ്പെടുത്തുക.
2. ഏകാരോഗ്യ സമീപനത്തിന്റെ ഭാഗമായി നിലവിലുള്ള പ്രവർത്തനങ്ങൾക്ക് പുറമേ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളെക്കുറിച്ചും വിവര കൈമാറ്റം, വിശകലനം, രോഗനിയന്ത്രണം എന്നിവയെക്കുറിച്ചും ബോദ്ധ്യപ്പെടുത്തുക.

**സമയം** : 60 മിനിറ്റ്

**ഉള്ളടക്കവും പഠനരീതിയും**

| നം | വിഷയം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| 1 | നിരീക്ഷണം/ കണ്ടെത്തൽ<br>– KSPCB പ്രവർത്തനങ്ങൾ<br>i. AQI<br>ii. വെള്ളത്തിന്റെ ഗുണനിലവാരം നിരീക്ഷണം, തുടങ്ങിയവ.<br>iii. മാലിന്യ സംസ്കരണം<br>– KWA-യുടെ മലിനജല സംസ്കരണം ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>– SDMA പ്രവർത്തനങ്ങൾ<br>– Suchitwa Mission പ്രവർത്തനങ്ങൾ<br>– Meteorological data – KSEB, IMD<br>എന്നിവയെക്കുറിച്ച് വിശദീകരിക്കുക | 20 | ചർച്ച, PPT അവതരണം. | PPT അവതരണം, ചാർട്ട് പേപ്പർ. |
| 2 | ഇടപെടലുകൾ<br>– SAPCC 2.0 നടപ്പാക്കൽ<br>– Coastal Zone Management Plan 2011, 2019<br>– GHG Inventory<br>– CN-50 Pathway<br>– MAPs for Ramsar Wetlands and its implementation<br>എന്നിവയെക്കുറിച്ച് വിശദീകരിക്കുക. | 20 | ചർച്ച, PPT അവതരണം. | PPT അവതരണം, ചാർട്ട് പേപ്പർ. |
| 3 | ഏകാരോഗ്യ സമീപനത്തിന്റെ ഭാഗമായി രോഗനിരീക്ഷണം, വിവരങ്ങളുടെ കൈമാറ്റം, രോഗനിയന്ത്രണം എന്നിവയെക്കുറിച്ച് വിശദീകരിക്കുക. | 15 | ചർച്ച, PPT അവതരണം. | PPT അവതരണം, ചാർട്ട് പേപ്പർ |
| 4 | സംശയ നിവാരണം | 5 | | |

## ആവശ്യമായ കുറിപ്പുകൾ

മേഖലാതലത്തിൽ ഉള്ള ഇടപെടലുകൾക്ക് പുറമേ, SAPCC യുടെ വിവിധ അദ്ധ്യായങ്ങൾ/ ഭാഗങ്ങൾ ആയ സംയോജിത ദുർബലത വിലയിരുത്തൽ പ്രക്രിയ (Composite Vulnerability Assessment), കാലാവസ്ഥാ പ്രൊഫൈൽ (Climate Profile), മേഖലാ തല വകുപ്പുകളിൽ നിന്നുമുള്ള ശുപാർശകൾ (Stakeholder Recommendations) എന്നിവ വിശകലനം നടത്തി മുൻഗണന അർഹിക്കുന്ന മേഖലകളിൽ കാലാവസ്ഥാവ്യതിയാന അനുകൂലനത്തിനുള്ള തന്ത്രങ്ങൾ കണ്ടെത്തി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. മുൻഗണന അർഹിക്കുന്ന ഈ കാലാവസ്ഥാവ്യതിയാന അനുകൂലന പദ്ധതികൾ കാലാവസ്ഥാവ്യതിയാനത്തിന്റെ അപകടസാദ്ധ്യതകളെ പ്രതിരോധിക്കുന്നതിൽ അനിവാര്യവും വിവിധ മേഖലകളിൽ (cross sectoral) ഉളവാക്കുന്ന വൈപരീത്യങ്ങളെ/പ്രത്യാഘാതങ്ങളെ ലഘൂകരിക്കാൻ കഴിയുന്നവയുമാണ്. പ്രസ്തുത ഇടപെടലുകൾ താഴെ പറയുന്നവയാണ്.

1. ഭൂവിനിയോഗ ആസൂത്രണവും സോണിങ്ങും
2. സമുദ്രം, നദീ തീതീരങ്ങൾ ഇവയുടെ സുസ്ഥിര സംരക്ഷണം
3. ദുർബല വിഭാഗങ്ങളുടെ പുനരധിവാസം
4. മികച്ച പ്രളയജല പരിപാലനത്തിനുള്ള സുസ്ഥിര ഡ്രെയിനേജ് സംവിധാനങ്ങൾ
5. സംയോജിത തീരദേശ പരിപാലനം
6. കാലാവസ്ഥാവ്യതിയാന നിരീക്ഷണ സംവിധാനങ്ങൾ
7. കാലാവസ്ഥാവ്യതിയാനത്തിന് അനുസൃതമായി പ്രാദേശിക സർക്കാരിന്റെ വികസന പദ്ധതികളുടെ ആസൂത്രണം (climate proofing) അഥവാ കാലാവസ്ഥാവ്യതിയാനത്തോട് പ്രതികരിക്കുന്ന പ്രാദേശിക ഭരണം
8. കാലാവസ്ഥാവ്യതിയാനം സംബന്ധിച്ച അവബോധവും വിദ്യാഭ്യാസവും

- എന്നിവയ്ക്കായി സുസ്ഥിര വികസന ലക്ഷ്യങ്ങളേയും (Sustainable Development Goals) ദേശീയമായി നിശ്ചയിച്ചിട്ടുള്ള സംഭാവനകളേയും (Nationally Determined Contributions) മുൻനിർത്തി 2023–24 മുതൽ 2030–31 സാമ്പത്തിക വർഷം വരെ 12420 കോടി രൂപ അടങ്കൽ തുകക്ക് ഉള്ള വിവിധങ്ങളായ പദ്ധതികൾ SAPCC 2.0 –ൽ വിഭാവനം ചെയ്തിട്ടുണ്ട്.
- ഏകാരോഗ്യ സമീപനത്തിന്റെ ഭാഗമായി രോഗനിരീക്ഷണം, വിശകലനം, വിവര കൈമാറ്റം, രോഗ നിയന്ത്രണം തുടങ്ങിയവയുടെ പ്രാധാന്യത്തെ കുറിച്ച് വിശദമാക്കുക
- PPT അവതരണം തയ്യാറാക്കുന്നതിനും ഉദാഹരണങ്ങൾ സൂചിപ്പിക്കുന്നതിനും കൈപ്പുസ്തകത്തിൽ കൊടുത്തിരിക്കുന്ന വിശദ വിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്.

# <u>ഭക്ഷ്യ സുരക്ഷാ വകുപ്പ്</u>

**വിഷയം** : ഭക്ഷണത്തിലെ മായംചേർക്കൽ – നിരീക്ഷണം, കണ്ടെത്തൽ, ഇടപെടൽ

**ലക്ഷ്യം** :

1. ഏകാരോഗ്യ പരിപാടിയുടെ ഭാഗമായുള്ള നിരീക്ഷണവും (Surveillance Activity of Food Articles) അതിന്റെ പ്രാധാന്യവും ബോദ്ധ്യപ്പെടുത്തുക.
2. ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് ഏതൊക്കെ മേഖലകളിലാണ് നിരീക്ഷണവും, നിയന്ത്രണവും ആവശ്യമായിട്ടുള്ളത് എന്നതിനെക്കുറിച്ച് അറിവ് നൽകുക.
3. സമയബന്ധിതമായ വിവരശേഖരണത്തിന്റെയും വിലയിരുത്തലിന്റെയും ആവശ്യക തയും തുടർപ്രവർത്തന ആസൂത്രണവും മറ്റു വകുപ്പുകളുമായിട്ടുള്ള സംയോജിത പ്രവർത്തനങ്ങളുടെ ആവശ്യകതയും ബോദ്ധ്യപ്പെടുത്തുക.

**സമയം** : 60 മിനിറ്റ്

**<u>ഉള്ളടക്കവും പഠനരീതിയും</u>**

| നം | വിഷയം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| 1. | ഭക്ഷ്യ വസ്തുക്കളുടെ നിരീക്ഷണം (Surveillance) എന്താണെന്ന് വിശദീകരിക്കുന്നു. | 15 | പങ്കാളിത്ത അവതരണം, ചർച്ച, PPT അവതരണം | PPT അവതരണം |
| 2. | സർവെയ്‌ലൻസ് നടത്തേണ്ടതിന്റെ ആവശ്യകതയും അതിന്റെ രീതിയും. | 15 | പങ്കാളിത്ത അവതരണം, ചർച്ച, PPT അവതരണം | PPT അവതരണം |
| 3. | നിരീക്ഷണ പ്രക്രിയയിൽ മറ്റ് വകുപ്പുകളിൽ നിന്ന് ലഭ്യമാക്കേണ്ട വിവരങ്ങൾ, അതിന്റെ പ്രാധാന്യം, മറ്റു വകുപ്പുകളുമായി സഹകരിക്കേണ്ടതിന്റെ ആവശ്യകത. | 10 | പങ്കാളിത്ത അവതരണം ചർച്ച, PPT അവതരണം | PPT അവതരണം |
| 4. | സർവെയ്‌ലൻസ് റിപ്പോർട്ടിനെ ആസ്പദമാക്കി നടത്തേണ്ട തുടർപ്രവർത്തനങ്ങളും തിരുത്തൽ നടപടികളും വിശദീകരിച്ചു കൊടുക്കുക. | 15 | ചർച്ച, PPT അവതരണം | PPT അവതരണം |
| 5. | സംശയ നിവാരണം | 5 | | |

**<u>ആവശ്യമായ കുറിപ്പുകൾ</u>**

- അപകട സാദ്ധ്യത അനുസരിച്ച് ഭക്ഷ്യവസ്തുക്കളെ തരംതിരി തിരിക്കുന്നതിനെക്കുറിച്ചും അവയിൽ ഉണ്ടായേക്കാവുന്ന ജൈവ/രാസ വിപത്തുകളെക്കുറിച്ചും വിശദമാക്കുക. അതോടൊപ്പം ഏകാരോഗ്യ സമീപനത്തിൽ ഈ പ്രവർത്തനങ്ങളുടെ പ്രാധാന്യം എന്തെന്നും വിശദീകരിക്കുക. വകുപ്പുതലത്തിൽ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ്ലൈഡിൽ ആക്കി പ്രദർശിപ്പിക്കേണ്ടതാണ്. മേല്പറഞ്ഞ കാര്യങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും ഉദാഹരണസഹിതം വിശദീകരിക്കേണ്ടതുമാണ്.

- Enforcement/analytical വിഭാഗങ്ങളുടെ ഏകോപനത്തിന്റെ പ്രാധാന്യവും അതിലൂടെ ഭക്ഷ്യസുരക്ഷ നടപ്പിലാക്കുന്നതിന്റെ പ്രസക്തിയെക്കുറിച്ചും വിശദീകരിക്കുക.

- വിവിധ തരത്തിലും തലത്തിലുമുള്ള സർവെയ്ലൻസ് സാംപ്ലിങ്ങ് – Routine, Targeted, Risk based, Incident based – ഇവയെക്കുറിച്ച് വിശദമാക്കുക.

- PPT അവതരണം തയ്യാറാക്കുന്നതിനും ഉദാഹരണങ്ങൾ സൂചിപ്പിക്കുന്നതിനും കൈപ്പുസ്തകത്തിൽ കൊടുത്തിരിക്കുന്ന വിശദ വിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്.

## സെഷൻ 5

### ഏകാരോഗ്യ പരിപാടി – വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തങ്ങളും ചുമതലകളും

### ആരോഗ്യവകുപ്പ്

**വിഷയം** : ഏകാരോഗ്യം: – ആരോഗ്യവകുപ്പിലെ വിവിധ വിഭാഗം ഉദ്യോഗസ്ഥരുടെ കർത്തവ്യങ്ങളും ചുമതലകളും.

**ലക്ഷ്യം** :

1. ഏകാരോഗ്യം പരിപാടിയുമായി ബന്ധപ്പെട്ട് വിവിധ വിഭാഗം ആരോഗ്യവകുപ്പ് ജീവനക്കാരുടെ കർത്തവ്യങ്ങളും ചുമതലകളും.
2. രോഗനിരീക്ഷണം, അണുബാധ നിയന്ത്രണം, ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെൻറ്, AMR programme, ഏകാരോഗ്യം – ഏകോപനം, വിലയിരുത്തൽ, Gap analysis, revised action plan തയ്യാറാക്കൽ എന്നിവയെക്കുറിച്ച് മനസ്സിലാക്കൽ.

**സമയം** : 50 മിനിട്ട്

**ഉള്ളടക്കവും പഠനരീതിയും**

| ക്രമ നമ്പർ | വിഷയം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| 1 | പകർച്ചവ്യാധി നിയന്ത്രണവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ ചുമതലകൾ. | 10 | പങ്കാളിത്ത പഠനം, ചർച്ച, PPT അവതരണം. | ചാർട്ട് പേപ്പർ, PPT അവതരണം |
| 2 | ഏകാരോഗ്യം – ഉത്തരവാദിത്തങ്ങളുടെ അടിസ്ഥാനത്തിൽ രോഗനിരീക്ഷണം, കണ്ടെത്തൽ, കാലേകൂട്ടിയുള്ള ഇടപെടൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ | 10 | പങ്കാളിത്ത പഠനം, ചർച്ച, PPT അവതരണം. | ചാർട്ട് പേപ്പർ, PPT അവതരണം |
| 3 | വിവിധ വിഭാഗം ജീവനക്കാരുടെ ഉത്തരവാദിത്തങ്ങൾ<br>• ഇടപെടലുകൾ<br>• ഏകോപനം<br>• രോഗ നിരീക്ഷണം<br>• രോഗങ്ങളുടെ കണ്ടെത്തൽ<br>• ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് & അണുബാധ നിയന്ത്രണം<br>• ദുരന്തനിവാരണം<br>• മാലിന്യസംസ്കരണം | 15 | വിവിധ ജീവനക്കാരുടെ ഉത്തരവാദിത്ത ങ്ങൾ ഗ്രൂപ്പ് ചർച്ച ചെയ്ത് ക്രോഡീകരിക്കുക, PPT അവതരണം. | ചാർട്ട് പേപ്പർ, PPT അവതരണം |

| | | | | |
|---|---|---|---|---|
| 4 | ഗ്രൂപ്പ് അവതരണം | 10 | | ചാർട്ട് പേപ്പർ |
| 5 | ഏകാരോഗ്യവുമായി ബന്ധപ്പെട്ട അനുബന്ധ വകുപ്പുകളിലെ ജീവനക്കാരുടെ ഉത്തരവാദിത്തം. | 5 | PPT അവതരണം | PPT അവതരണം |

**<u>ആവശ്യമായ കുറിപ്പുകൾ</u>**

പകർച്ചവ്യാധി നിയന്ത്രണവുമായി ബന്ധപ്പെട്ട് നിലവിൽ നിരീക്ഷണം, കണ്ടെത്തൽ, പകര്ച്ചവ്യാധി പ്രതിരോധം, നിയന്ത്രണം, കാലാവസ്ഥാനുബന്ധ രോഗനിയന്ത്രണം എന്നിവയാണ് നടന്നു വരുന്നത്. ആരോഗ്യവകുപ്പിലെ വിവിധ വിഭാഗം ജീവനക്കാരുടെ ഉത്തരവാദിത്തങ്ങൾ പട്ടികപ്പെടുത്തി ബോദ്ധ്യപ്പെടുത്തുക. കൂടാതെ S, P, L പ്രവർത്തനങ്ങളുടെ ആവശ്യകതയും പ്രാധാന്യവും ബോദ്ധ്യപ്പെടുത്തുക.

- ഏകാരോഗ്യം പരിപാടിയുടെ ഭാഗമായി ഏറ്റെടുക്കേണ്ട പുതിയ ഉത്തരവാദിത്തങ്ങളെപ്പറ്റി വിവിധ വിഭാഗം ജീവനക്കാർക്ക് അറിവ് നൽകുക (Event Indicator)
- പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള പ്രശ്നങ്ങളിൽ ജീവനക്കാരുടെ ഉത്തരവാദിത്തങ്ങൾ ചർച്ചയിലൂടെ കണ്ടെത്തുകയും ഫെസിലിറ്റേറ്റർ ക്രോഡീകരിക്കുകയും ചെയ്യുക.
- ഏകാരോഗ്യ സമീപനത്തിന്റെ ഭാഗമായി വിവിധ വകുപ്പുകൾ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നതിനുള്ള അറിവ് നൽകുക.

# കാർഷിക വികസന, കർഷകക്ഷേമ വകുപ്പ്

**വിഷയം** : ഏകാരോഗ്യം – കൃഷി വകുപ്പിലെ വിവിധ വിഭാഗം ഉദ്യോഗസ്ഥരുടെ, കർത്തവ്യങ്ങളും, ചുമതലകളും.

**ലക്ഷ്യം** :

1. രോഗനിരീക്ഷണം, വിശകലനം, നിയന്ത്രണം എന്നിവയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പിലെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ കർത്തവ്യങ്ങളും ചുമതലകളും ഏകോപിപ്പിക്കുന്നതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുക.
2. ഈ സെഷന്റെ അവസാനം പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഏകാരോഗ്യവുമായി ബന്ധപ്പെട്ട അവരുടെ കർത്തവ്യങ്ങളും, ചുമതലകളും, എന്തെല്ലാമെന്ന് ബോദ്ധ്യമാകുന്നു.

**സമയം** : 50 മിനിട്ട്

**ഉള്ളടക്കവും പഠനരീതിയും**

| നം | വിഷയം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| 1 | ഉദ്യോഗസ്ഥരുടെ നിലവിലുള്ള രോഗനിരീക്ഷണ നിയന്ത്രണ ചുമതലകളും ഉത്തരവാദിത്തങ്ങളും പട്ടിക തയ്യാറാക്കി ക്രോഡീകരിക്കുക. | 20 | പങ്കാളിത്ത അവതരണം, റോൾ പ്ലേ, PPT അവതരണം, ചർച്ച. | PPT അവതരണം |
| 2 | ഏകാരോഗ്യവുമായി ബന്ധപ്പെട്ട ചുമതലകളും കർത്തവ്യങ്ങളും, ഏകോപന സാദ്ധ്യതകളും വിശദീകരിക്കുക. | 20 | പങ്കാളിത്ത അവതരണം, പൊതുചർച്ച, PPT അവതരണം. | PPT അവതരണം ചാർട്ട് പേപ്പർ |
| 3 | സംശയ നിവാരണം | 10 | | |

**ആവശ്യമായ കുറിപ്പുകൾ**

- പരിശീലകൻ പരിശീലനാർത്ഥികളിൽ നിന്നും വിവിധ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരെ മുന്നോട്ട് ക്ഷണിക്കുകയും അവരുടെ ചുമതലകളെക്കുറിച്ച് വിശദീകരിക്കുവാൻ ആവശ്യപ്പെടുക. രോഗനിരീക്ഷണം, നിയന്ത്രണം – ഇവയുമായി ബന്ധപ്പെട്ട് അവരുടെ നിലവിലുള്ള ചുമതലകളെക്കുറിച്ച് വിശദീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്യുക.
- ഓരോരുത്തരും പറയുന്ന കാര്യങ്ങൾ ചാർട്ട് പേപ്പറിൽ രേഖപ്പെടുത്തുക. ചർച്ച ആവശ്യമായ രീതിയിൽ പ്രോത്സാഹിപ്പിക്കുക. ചുമതലകളെക്കുറിച്ച് ഉത്തരവാദിത്തങ്ങളെക്കുറിച്ചും വിശദീകരിക്കുന്നതിനോടൊപ്പം അത് നിർവ്വാഹിക്കുമ്പോൾ അവർ നേരിടേണ്ടിവരുന്ന വെല്ലുവിളികളെക്കുറിച്ചും പറയുവാൻ ആവശ്യപ്പെടുക. ഇതിന്റെ അവസാനം സ്ലൈഡിന്റെ സഹായത്തോടെ ഓരോ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരുടെയും ചുമതലകൾ അവതരിപ്പിച്ച് വിശദമാക്കി കൊടുക്കുക.
- നോഡൽ ഓഫീസർ – Project – Director ATMA
- പരിശീലനം – Deputy Director (EXT), Deputy Directoෙ (NWDPRA), (GAP, PGS, SAP, VDP, etc.)

- ബ്ലോക്ക്തല സംഘാടനം/പരിശീലനം – ADA’s
- കൃഷി ഓഫീസർ
  കൃഷി അസിസ്റ്റന്റ്
  കരാർ ജീവനക്കാർ
  a) ഗ്രാമപഞ്ചായത്ത്തല ഏകീകരണം
  b) കർഷകർക്കായി GAP (Good Agricultural Practices) SAP (Sustainable Agricultural Practices) എന്നിവയിൽ ബോധവൽക്കരണം നൽകുക.
  c) കീടങ്ങളുടെയും രോഗങ്ങളുടെയും വ്യാപനം നിരീക്ഷിക്കുന്നതിൽ കർഷകരെ ബോധവത്ക്കരിക്കുക.
  d) ശരിയായ സമയത്തുള്ള റിപ്പോർട്ടിങ്ങിലൂടെ ഇവയുടെ വ്യാപനം തടയുക.
  e) എല്ലാ മാസവും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച്കൊണ്ടുള്ള ഫീൽഡ് സന്ദർശനവും പഠന റിപ്പോർട്ടും നിർദ്ദേശങ്ങളും നൽകുക.
- പരിശീലകൻ മുൻ സെഷനിൽ തയ്യാറാക്കിയ ചുമതലകളുടെയും ഉത്തരവാദിത്ത്യങ്ങളുടെയും പട്ടിക പ്രദർശിപ്പിച്ച് അവയിൽ ഏതൊക്കെ ഏകാരോഗ്യവുമായി ബന്ധപ്പെടുത്താവുന്ന ചുമതലകളും ഉത്തരവാദിത്തങ്ങളും ആണെന്ന് ചർച്ചയിലൂടെ ഏകീകരിക്കുക. അതിനു ശേഷം വിവിധ വകുപ്പുകളുമായി സഹകരിക്കേണ്ട ആവശ്യകതയെക്കുറിച്ചും നിരീക്ഷണവിവരങ്ങൾ പങ്കുവയ്ക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും വിശദമാക്കുക.
- PPT അവതരണം തയ്യാറാക്കുന്നതിനും, ഉദാഹരണങ്ങൾ സൂചിപ്പിക്കുന്നതിനും കൈപ്പുസ്തകത്തിൽ കൊടുത്തിരിക്കുന്ന വിശദ വിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്.

# മൃഗസംരക്ഷണ വകുപ്പ്

**വിഷയം :** ഏകാരോഗ്യം – മൃഗസംരക്ഷണ വകുപ്പിലെ വിവിധ വിഭാഗം കർത്തവ്യങ്ങളും, ചുമതലകളും.
**ലക്ഷ്യം :**

1. രോഗനിരീക്ഷണം, വിശകലനം, നിയന്ത്രണം എന്നിവയുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ വകുപ്പിലെ വിവിധതലത്തിലുള്ള ഉദ്യോഗസ്ഥരുടെ കർത്തവ്യങ്ങളും, ചുമതലകളും ഏകോപിപ്പിക്കുന്നതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുക.
2. ഈ സെഷന്റെ അവസാനം പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഏകാരോഗ്യവുമായി ബന്ധപ്പെട്ട് അവരുടെ കർത്തവ്യങ്ങളും, ചുമതലകളും, എന്തെല്ലാമെന്ന് ബോദ്ധ്യമാകുന്നു.

**സമയം** : 50 മിനിറ്റ്

## ഉള്ളടക്കവും പഠനരീതിയും

| നം | വിഷയം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| 1 | ഉദ്യോഗസ്ഥരുടെ നിലവിലുള്ള രോഗനിരീക്ഷണ നിയന്ത്രണ ചുമതലകൾ പട്ടിക തയ്യാറാക്കി ക്രോഡീകരിക്കുക. | 20 | പങ്കാളിത്ത അവതരണം, റോൾ പ്ലേ, PPT അവതരണം, ചർച്ച. | PPT അവതരണം |
| 2 | ഏകാരോഗ്യവുമായി ബന്ധപ്പെട്ട ചുമതലകളും കർത്തവ്യങ്ങളും, ഏകോപന സാദ്ധ്യതകളും വിശദീകരിക്കുക. | 20 | പങ്കാളിത്ത അവതരണം, പൊതു ചർച്ച, PPT അവതരണം. | PPT അവതരണം , ചാർട്ട് പേപ്പർ. |
| 3 | സംശയ നിവാരണം | 10 | | |

## ആവശ്യമായ കുറിപ്പുകൾ

- പരിശീലകൻ പരിശീലനാർത്ഥികളിൽ നിന്നും വിവിധ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരെ മുന്നോട്ട് ക്ഷണിക്കുകയും അവരുടെ ചുമതലകളെക്കുറിച്ച് വിശദീകരിക്കുവാൻ ആവശ്യപ്പെടുക. രോഗനിരീക്ഷണം, നിയന്ത്രണം – ഇവയുമായി ബന്ധപ്പെട്ട് അവരുടെ നിലവിലുള്ള ചുമതലകളെക്കുറിച്ച് വിശദീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്യുക.
- ഓരോരുത്തരും പറയുന്ന കാര്യങ്ങൾ ചാർട്ട് പേപ്പറിൽ രേഖപ്പെടുത്തുക. ചർച്ച ആവശ്യമായ രീതിയിൽ പ്രോത്സാഹിപ്പിക്കുക. ചുമതലകളെക്കുറിച്ച് ഉത്തരവാദിത്തങ്ങളെക്കുറിച്ചും വിശദീകരിക്കുന്നതിനോടൊപ്പം അത് നിർവ്വഹിക്കുമ്പോൾ അവർ നേരിടേണ്ടിവരുന്ന വെല്ലുവിളികളെക്കുറിച്ചും പറയുവാൻ ആവശ്യപ്പെടുക. ഇതിന്റെ അവസാനം സ്ലൈഡിന്റെ സഹായത്തോടെ ഓരോ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരുടെയും ചുമതലകൾ അവതരിപ്പിച്ച് വിശദമാക്കി കൊടുക്കുക.
- PPT അവതരണം തയ്യാറാക്കുന്നതിനും, ഉദാഹരണങ്ങൾ സൂചിപ്പിക്കുന്നതിനും കൈപ്പുസ്തകത്തിൽ കൊടുത്തിരിക്കുന്ന വിശദ വിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്.

# വനം വന്യജീവി വകുപ്പ്

**വിഷയം** : ഏകാരോഗ്യം – വനം വന്യജീവിവകുപ്പിലെ വിവിധ വിഭാഗം ഉദ്യോഗസ്ഥരുടെ കർത്തവ്യങ്ങളും ചുമതലകളും

**ലക്ഷ്യം** :

1. രോഗനിരീക്ഷണം, വിശകലനം, നിയന്ത്രണം എന്നിവയുമായി ബന്ധപ്പെട്ട് വനംവന്യജീവി വകുപ്പിലെ വിവിധ വിഭാഗം ഉദ്യോഗസ്ഥരുടെ കർത്തവ്യങ്ങളും, ചുമതലകളും ഏകോപിപ്പിക്കുന്നതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുക.
2. ഈ സെഷന്റെ അവസാനം പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഏകാരോഗ്യവുമായി ബന്ധപ്പെട്ട് അവരുടെ കർത്തവ്യങ്ങളും, ചുമതലകളും, എന്തെല്ലാമെന്ന് ബോദ്ധ്യമാകുന്നു.

**സമയം** : 50 മിനിറ്റ്

## ഉള്ളടക്കവും പഠനരീതിയും

| നം | വിഷയം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| 1 | ഉദ്യോഗസ്ഥരുടെ നിലവിലുള്ള രോഗ നിരീക്ഷണ നിയന്ത്രണ ചുമതലകളും ഉത്തരവാദിത്തങ്ങളും പട്ടിക തയ്യാറാക്കി ക്രോഡീകരിക്കുക. | 20 | പങ്കാളിത്ത അവതരണം, റോൾ പ്ലേ, PPT അവതരണം, ചർച്ച. | PPT അവതരണം |
| 2 | ഏകാരോഗ്യവുമായി ബന്ധപ്പെട്ട ചുമതലകളും കർത്തവ്യങ്ങളും, ഏകോപന സാധ്യതകളും വിശദീകരിക്കുക | 20 | പങ്കാളിത്ത അവതരണം, പൊതു ചർച്ച, PPT അവതരണം. | PPT അവതരണം , ചാർട്ട് പേപ്പർ |
| 3 | സംശയ നിവാരണം | 10 | | |

## ആവശ്യമായ കുറിപ്പുകൾ

- പരിശീലകൻ പരിശീലനാർത്ഥികളിൽ നിന്നും വിവിധ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരെ മുന്നോട്ട് ക്ഷണിക്കുകയും അവരുടെ ചുമതലകളെക്കുറിച്ച് വിശദീകരിക്കുവാൻ ആവശ്യപ്പെടുക. രോഗനിരീക്ഷണം, നിയന്ത്രണം – ഇവയുമായി ബന്ധപ്പെട്ട് അവരുടെ നിലവിലുള്ള ചുമതലകളെക്കുറിച്ച് വിശദീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്യുക.
- ഓരോരുത്തരും പറയുന്ന കാര്യങ്ങൾ ചാർട്ട് പേപ്പറിൽ രേഖപ്പെടുത്തുക. ചർച്ച ആവശ്യമായ രീതിയിൽ പ്രോത്സാഹിപ്പിക്കുക. ചുമതലകളെക്കുറിച്ച് ഉത്തരവാദിത്തങ്ങളെക്കുറിച്ചും വിശദീകരിക്കുന്നതിനോടൊപ്പം അത് നിർവ്വാഹിക്കുമ്പോൾ അവർ നേരിടേണ്ടിവരുന്ന വെല്ലുവിളികളെക്കുറിച്ചും പറയുവാൻ ആവശ്യപ്പെടുക. ഇതിന്റെ അവസാനം സ്ലൈഡിന്റെ സഹായത്തോടെ ഓരോ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരുടെയും ചുമതലകൾ അവതരിപ്പിച്ച് വിശദമാക്കി കൊടുക്കുക.
- PPT അവതരണം തയ്യാറാക്കുന്നതിനും, ഉദാഹരണങ്ങൾ സൂചിപ്പിക്കുന്നതിനും കൈപ്പുസ്തകത്തിൽ കൊടുത്തിരിക്കുന്ന വിശദ വിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്.

# ജല സേചന വകുപ്പ്

**വിഷയം** : ഏകാരോഗ്യം – ജലസേചന വകുപ്പിലെ വിവിധ വിഭാഗം ഉദ്യോഗസ്ഥരുടെ കർത്തവ്യങ്ങളും ചുമതലകളും.

**ലക്ഷ്യം** :

1. രോഗനിരീക്ഷണം, വിശകലനം, നിയന്ത്രണം എന്നിവയുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പിലെ വിവിധ വിഭാഗം ഉദ്യോഗസ്ഥരുടെ കർത്തവ്യങ്ങളും ചുമതലകളും ഏകോപിപ്പിക്കുന്നതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുക.
2. ഈ സെഷന്റെ അവസാനം പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഏകാരോഗ്യവുമായി ബന്ധപ്പെട്ട് അവരുടെ കർത്തവ്യങ്ങളും, ചുമതലകളും, എന്തെല്ലാമെന്ന് ബോദ്ധ്യമാകുന്നു.

**സമയം:** 50 മിനിറ്റ്

## ഉള്ളടക്കവും പഠനരീതിയും

| നം | വിഷയം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| 1 | ഉദ്യോഗസ്ഥരുടെ നിലവിലുള്ള രോഗനിരീക്ഷണ നിയന്ത്രണ ചുമതലകൾ, പട്ടിക തയ്യാറാക്കി ക്രോഡീകരിക്കുക. | 20 | പങ്കാളിത്ത അവതരണം, റോൾ പ്ലേ, PPT, അവതരണം, ചർച്ച | PPT അവതരണം |
| 2 | ഏകാരോഗ്യവുമായി ബന്ധപ്പെട്ട കർത്തവ്യങ്ങളും, ചുമതലകളും, ഏകോപന സാദ്ധ്യതകളും വിശദീകരിക്കുക | 20 | പങ്കാളിത്ത അവതരണം പൊതു ചർച്ച PPT അവതരണം | PPT അവതരണം ചാർട്ട് പേപ്പർ |
| 3 | സംശയ നിവാരണം | 10 | | |

## ആവശ്യമായ കുറിപ്പുകൾ

- പരിശീലകൻ പരിശീലനാർത്ഥികളിൽ നിന്നും വിവിധ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരെ മുന്നോട്ട് ക്ഷണിക്കുകയും അവരുടെ ചുമതലകളെ കുറിച്ചും ഉത്തരവാദിത്തങ്ങളെ കുറിച്ചും വിശദീകരിക്കുവാൻ ആവശ്യപ്പെടുക. ഓരോരുത്തരും പറയുന്ന കാര്യങ്ങൾ ചാർട്ട് പേപ്പർ ൽ രേഖപ്പെടുത്തുക. ചർച്ച ആവശ്യമായ രീതിയിൽ പ്രോൽസാഹിപ്പിക്കുക. ചുമതലകളെ കുറിച്ചും ഉത്തരവാദിത്തങ്ങളെ കുറിച്ചും വിശദീകരിക്കുന്നതിനോടൊപ്പം അത് നിർവാഹിക്കുമ്പോൾ അവർ നേരിടേണ്ടി വരുന്ന വെല്ലുവിളികളെ കുറിച്ചും പറയുവാൻ ആവശ്യപ്പെടുക . ഇതിന്റെ അവസാനം ഒരു സ്ലൈഡിൽ ഓരോ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരുടെയും ചുമതലകൾ അവതരിപ്പിച്ച് വിശദമാക്കി കൊടുക്കുക .

- പരിശീലകൻ മുൻ സെഷനിൽ തയ്യാറാക്കിയ ചുമതലകളുടെയും ഉത്തരവാദിത്വങ്ങളുടെയും പട്ടിക പ്രദർശിപ്പിച്ച്, അവയിൽ ഏതൊക്കെ ഏകാരോഗ്യവുമായി ബന്ധപ്പെടുത്താവുന്ന ചുമതലകളും ഉത്തരവാദിത്തങ്ങളും ആണെന്ന് ചർച്ചയിലൂടെ ഏകീകരിക്കുക. അതിനു ശേഷം വിവിധ വകുപ്പുകളുമായി സഹകരിക്കേണ്ട ആവശ്യകതയെ കുറിച്ചും നിരീക്ഷണ വിവരങ്ങൾ പങ്കുവയ്ക്കുന്നതിന്റെ പ്രാധാന്യത്തെ കുറിച്ചും വിശദമാക്കുക.

- PPT അവതരണം തയ്യാറാക്കുന്നതിനും, ഉദാഹരണങ്ങൾ സൂചിപ്പിക്കുന്നതിനും കൈപ്പുസ്തകത്തിൽ കൊടുത്തിരിക്കുന്ന വിശദ വിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്.

# ഡ്രഗ്സ് കൺട്രോൾ വകുപ്പ്

**വിഷയം** : ഏകാരോഗ്യവും – ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ വിവിധ വിഭാഗം ഉദ്യോഗസ്ഥരുടെ കർത്തവ്യങ്ങളും ചുമതലകളും.

**ലക്ഷ്യം** :

1. മരുന്നുകളുടെ ലഭ്യത, ഗുണനിലവാരം, നിയന്ത്രണം എന്നിവയുമായി ബന്ധപ്പെട്ട് ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ വിവിധ വിഭാഗം ഉദ്യോഗസ്ഥരുടെ കർത്തവ്യങ്ങളും ചുമതലകളും ഏകോപിപ്പിക്കുന്നതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുക.
2. ഈ സെഷന്റെ അവസാനം പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഏകാരോഗ്യവുമായി ബന്ധപ്പെട്ട് അവരുടെ കർത്തവ്യങ്ങളും, ചുമതലകളും, എന്തെല്ലാമെന്ന് ബോദ്ധ്യമാകുന്നു.

**സമയം** : 50 മിനിറ്റ്

**ഉള്ളടക്കവും പഠനരീതിയും**

| നം | വിഷയം | സമയം ( മിനിറ്റ് ) | രീതി | ഉപാധി |
|---|---|---|---|---|
| 1 | മരുന്നുകളുടെ ലഭ്യത, ഗുണനിലവാരം, നിയന്ത്രണം എന്നിവ സംബന്ധിച്ച് ഉദ്യോഗസ്ഥരുടെ നിലവിലുള്ള ചുമതലകൾ, പട്ടിക തയ്യാറാക്കി ക്രോഡീകരിക്കുക. | 20 | പങ്കാളിത്ത അവതരണം, റോൾ പ്ലേ, PPT, അവതരണം ചർച്ച | PPT അവതരണം |
| 2 | ഏകാരോഗ്യവുമായി ബന്ധപ്പെട്ട കർത്തവ്യങ്ങളും, ചുമതലകളും, ഏകോപന സാദ്ധ്യതകളും വിശദീകരിക്കുക | 20 | പങ്കാളിത്ത അവതരണം പൊതുചർച്ച PPT അവതരണം | PPT അവതരണം ചാർട്ട് പേപ്പർ |
| 3 | സംശയ നിവാരണം | 10 | | |

**ആവശ്യമായ കുറിപ്പുകൾ**

- പരിശീലകൻ പരിശീലനാർത്ഥികളിൽ നിന്നും വിവിധ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരെ മുന്നോട്ട് ക്ഷണിക്കുകയും അവരുടെ ചുമതലകളെ കുറിച്ചും ഉത്തരവാദിത്തങ്ങളെ കുറിച്ചും വിശദീകരിക്കുവാൻ ആവശ്യപ്പെടുക. ഓരോരുത്തരും പറയുന്ന കാര്യങ്ങൾ ചാർട്ട് പേപ്പറിൽ രേഖപ്പെടുത്തുക. ചർച്ച ആവശ്യമായ രീതിയിൽ പ്രോൽസാഹിപ്പിക്കുക. ചുമതലകളെ കുറിച്ചും ഉത്തരവാദിത്തങ്ങളെ കുറിച്ചും വിശദീകരിക്കുന്നതിനോടൊപ്പം അത് നിർവാഹിക്കുമ്പോൾ അവർ നേരിടേണ്ടി വരുന്ന വെല്ലുവിളികളെ കുറിച്ചും പറയുവാൻ ആവശ്യപ്പെടുക . ഇതിന്റെ അവസാനം ഒരു സ്ലൈഡിൽ ഓരോ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരുടെയും ചുമതലകൾ അവതരിപ്പിച്ച് വിശദമാക്കി കൊടുക്കുക .
- പരിശീലകൻ മുൻ സെഷനിൽ തയ്യാറാക്കിയ ചുമതലകളുടെയും ഉത്തരവാദിത്യങ്ങളുടെയും പട്ടിക പ്രദർശിപ്പിച്ചു, അവയിൽ ഏതൊക്കെ ഏകാരോഗ്യവുമായി ബന്ധപ്പെടുത്താവുന്ന ചുമതലകളും ഉത്തരവാദിത്തങ്ങളും ആണെന്ന് ചർച്ചയിലൂടെ ഏകീകരിക്കുക. അതിനു ശേഷം വിവിധ വകുപ്പുകളുമായി സഹകരിക്കേണ്ട ആവശ്യകതയെ കുറിച്ചും നിരീക്ഷണ വിവരങ്ങൾ പങ്കുവയ്ക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും വിശദമാക്കുക.
- PPT അവതരണം തയ്യാറാക്കുന്നതിനും, ഉദാഹരണങ്ങൾ സൂചിപ്പിക്കുന്നതിനും കൈപ്പുസ്തകത്തിൽ കൊടുത്തിരിക്കുന്ന വിശദ വിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്.

# <u>ഫിഷറീസ് വകുപ്പ്</u>

**വിഷയം** : ഏകാരോഗ്യം – ഫിഷറീസ് വകുപ്പിലെ വിവിധ വിഭാഗം ഉദ്യോഗസ്ഥരുടെ കർത്തവ്യങ്ങളും ചുമതലകളും.

**ലക്ഷ്യം** :

1. രോഗനിരീക്ഷണം, വിശകലനം, നിയന്ത്രണം എന്നിവയുമായി ബന്ധപ്പെട്ട് ഫിഷറീസ് വകുപ്പിലെ വിവിധ വിഭാഗം ഉദ്യോഗസ്ഥരുടെ കർത്തവ്യങ്ങളും ചുമതലകളും ഏകോപിപ്പിക്കുന്നതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുക.

2. ഈ സെഷന്റെ അവസാനം പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഏകാരോഗ്യവുമായി ബന്ധപ്പെട്ട് അവരുടെ കർത്തവ്യങ്ങളും, ചുമതലകളും, എന്തെല്ലാമെന്ന് ബോദ്ധ്യമാകുന്നു.

**സമയം** : 50 മിനിറ്റ്

**<u>ഉള്ളടക്കവും പഠനരീതിയും</u>**

| നം | വിഷയം | സമയം ( മിനിറ്റ് ) | രീതി | ഉപാധി |
|---|---|---|---|---|
| 1 | ഉദ്യോഗസ്ഥരുടെ നിലവിലുള്ള രോഗ നിരീക്ഷണ നിയന്ത്രണ ചുമതലകൾ, പട്ടിക തയ്യാറാക്കി ക്രോഡീകരിക്കുക.. | 20 | പങ്കാളിത്ത അവതരണം, റോൾ പ്ലേ, PPT, അവതരണം, ചർച്ച | PPT അവതരണം |
| 2 | ഏകാരോഗ്യവുമായി ബന്ധപ്പെട്ട കർത്തവ്യങ്ങളും, ചുമതലകളും, ഏകോപന സാദ്ധ്യതകളും വിശദീകരിക്കുക | 20 | പങ്കാളിത്ത അവതരണം പൊതു ചർച്ച PPT അവതരണം | PPT അവതരണം ചാർട്ട് പേപ്പർ |
| 3 | സംശയ നിവാരണം | 10 | | |

## ആവശ്യമായ കുറിപ്പുകൾ

- പഞ്ചായത്ത് തലത്തിലുള്ള അക്വാകൾച്ചർ ഏരിയകളുടെ മോണിറ്ററിങ്ങ്, റിപ്പോർട്ടിങ്ങ്, ഫാം ഹെൽത്ത് കാർഡ് മോണിറ്ററിങ്ങ്, മണ്ണ്, ജല ഗുണനിലവാര പരിശോധന റിപ്പോർട്ടിങ്ങ്, പ്രാഥമിക മത്സ്യ രോഗ റിപ്പോർട്ടിങ്ങ്, BMP (Better Management Practices) എന്നിവ സ്ലൈഡിൽ വിവിധ ഘട്ടങ്ങൾ കാണിച്ച് വിശദീകരിക്കുക.
- FO/AFEO/FEO തുടങ്ങിയ ഉദ്യോഗസ്ഥരുടെ ചുമതലയിൽപ്പെട്ട തദ്ദേശസർക്കാരുകൾ/ മത്സ്യഭവനുകൾ റിപ്പോർട്ട് ചെയ്യുന്ന വിവരങ്ങൾ ക്രോഡീകരിക്കുകയും ആവശ്യമായ ഫീൽഡ് സന്ദർശനം നടത്തി പ്രാഥമിക പരിഹാര നടപടികൾ ശുപാർശ ചെയുകയും ജില്ലാ ഓഫീസർക്ക് വിവരങ്ങൾ റിപ്പോർട്ട് ചെയ്യുകയും, ചെയ്യുന്നതിനെക്കുറിച്ച് വിശദീകരിക്കുക.
- ADF/DDF തുടങ്ങിയ ഉദ്യോഗസ്ഥർ ജില്ലാതലത്തിൽ നടപ്പിലാക്കേണ്ട കാര്യങ്ങൾ വിശദീകരിക്കുക. ജില്ലാതലത്തിൽ വിവരങ്ങൾ ശേഖരിച്ച് സ്റ്റേറ്റ് സെല്ലിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് വിശദീകരിക്കുക.
- പരിശീലകൻ പരിശീലനാർത്ഥികളിൽ നിന്നും വിവിധ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരെ മുന്നോട്ട് ക്ഷണിക്കുകയും അവരുടെ ചുമതലകളെ കുറിച്ചും ഉത്തരവാദിത്തങ്ങളെ കുറിച്ചും വിശദീകരിക്കുവാൻ ആവശ്യപ്പെടുക. ഓരോരുത്തരും പറയുന്ന കാര്യങ്ങൾ ചാർട്ട് പേപ്പർ ൽ രേഖപ്പെടുത്തുക. ചർച്ച ആവശ്യമായ രീതിയിൽ പ്രോൽസാഹിപ്പിക്കുക. ചുമതലകളെ കുറിച്ചും ഉത്തരവാദിത്തങ്ങളെ കുറിച്ചും വിശദീകരിക്കുന്നതിനോടൊപ്പം അത് നിർവാഹിക്കുമ്പോൾ അവർ നേരിടേണ്ടി വരുന്ന വെല്ലുവിളികളെ കുറിച്ചും പറയുവാൻ ആവശ്യപ്പെടുക . ഇതിന്റെ അവസാനം ഒരു സ്ലൈഡിൽ ഓരോ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരുടെയും ചുമതലകൾ അവതരിപ്പിച്ച് വിശദമാക്കിക്കൊടുക്കുക .
- പരിശീലകൻ മുൻ സെഷനിൽ തയ്യാറാക്കിയ ചുമതലകളുടെയും ഉത്തരവാദിത്യങ്ങളുടെയും പട്ടിക പ്രദർശിപ്പിച്ച്, അവയിൽ ഏതൊക്കെ ഏകാരോഗ്യവുമായി ബന്ധപ്പെടുത്താവുന്ന ചുമതലകളും ഉത്തരവാദിത്തങ്ങളും ആണെന്ന് ചർച്ചയിലൂടെ ഏകീകരിക്കുക. അതിനു ശേഷം വിവിധ വകുപ്പുകളുമായി സഹകരിക്കേണ്ട ആവശ്യകതയെ കുറിച്ചും നിരീക്ഷണ വിവരങ്ങൾ പങ്കുവയ്ക്കുന്നതിന്റെ പ്രാധാന്യത്തെ കുറിച്ചും വിശദമാക്കുക.
- PPT അവതരണം തയ്യാറാക്കുന്നതിനും, ഉദാഹരണങ്ങൾ സൂചിപ്പിക്കുന്നതിനും കൈപ്പുസ്തകത്തിൽ കൊടുത്തിരിക്കുന്ന വിശദ വിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്.

# പരിസ്ഥിതി – കാലാവസ്ഥാവ്യതിയാന വകുപ്പ്

**വിഷയം** : ഏകാരോഗ്യം – **പരിസ്ഥിതി - കാലാവസ്ഥാ വ്യതിയാന** വകുപ്പിലെ വിവിധ വിഭാഗം ഉദ്യോഗസ്ഥരുടെ കർത്തവ്യങ്ങളും ചുമതലകളും.

**ലക്ഷ്യം** :

1. രോഗനിരീക്ഷണം, വിശകലനം, നിയന്ത്രണം എന്നിവയുമായി ബന്ധപ്പെട്ട് **പരിസ്ഥിതി കാലാവസ്ഥാവ്യതിയാന** വകുപ്പിലെ വിവിധ വിഭാഗം ഉദ്യോഗസ്ഥരുടെ കർത്തവ്യങ്ങളും ചുമതലകളും ഏകോപിപ്പിക്കുന്നതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുക
2. ഈ സെഷന്റെ അവസാനം പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഏകാരോഗ്യവുമായി ബന്ധപ്പെട്ട് അവരുടെ ചുമതലകളും, കർത്തവ്യങ്ങളും എന്തെന്ന് ബോദ്ധ്യമാകുന്നു.

**സമയം** : 50 മിനിറ്റ്

**ഉള്ളടക്കവും പഠനരീതിയും**

| നം | വിഷയം | സമയം ( മിനിറ്റ് ) | രീതി | ഉപാധി |
|---|---|---|---|---|
| 1 | ഉദ്യോഗസ്ഥരുടെ നിലവിലുള്ള രോഗ നിരീക്ഷണ നിയന്ത്രണ ചുമതലകൾ , പട്ടിക തയ്യാറാക്കി ക്രോഡീകരിക്കുക. | 20 | പങ്കാളിത്ത അവതരണം, റോൾ പ്ലേ, PPT, അവതരണം, ചർച്ച, | PPT അവതരണം |
| 2 | ഏകാരോഗ്യവുമായി ബന്ധപ്പെട്ട കർത്തവ്യങ്ങളും, ചുമതലകളും, ഏകോപന സാദ്ധ്യതകളും വിശദീകരിക്കുക. | 20 | പങ്കാളിത്ത അവതരണം പൊതു ചർച്ച PPT അവതരണം | PPT അവതരണം ചാർട്ട് പേപ്പർ |
| 3 | സംശയ നിവാരണം | 10 | | |

**ആവശ്യമായ കുറിപ്പുകൾ**

- പരിശീലകൻ പരിശീലനാർത്ഥികളിൽ നിന്നും വിവിധ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരെ മുന്നോട്ട് ക്ഷണിക്കുകയും അവരുടെ ചുമതലകളെ കുറിച്ചും ഉത്തരവാദിത്തങ്ങളെ കുറിച്ചും വിശദീകരിക്കുവാൻ ആവശ്യപ്പെടുക. ഓരോരുത്തരും പറയുന്ന കാര്യങ്ങൾ ചാർട്ട് പേപ്പർ ൽ രേഖപ്പെടുത്തുക. ചർച്ച ആവശ്യമായ രീതിയിൽ പ്രോൽസാഹിപ്പിക്കുക. ചുമതലകളെ കുറിച്ചും ഉത്തരവാദിത്തങ്ങളെ കുറിച്ചും വിശദീകരിക്കുന്നതിനോടൊപ്പം അത് നിർവാഹിക്കുമ്പോൾ അവർ നേരിടേണ്ടി വരുന്ന വെല്ലുവിളികളെ കുറിച്ചും പറയുവാൻ ആവശ്യപ്പെടുക . ഇതിന്റെ അവസാനം ഒരു സ്ലൈഡിൽ ഓരോ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരുടെയും ചുമതലകൾ അവതരിപ്പിച്ച് വിശദമാക്കി കൊടുക്കുക .
- പരിശീലകൻ മുൻ സെഷനിൽ തയ്യാറാക്കിയ ചുമതലകളുടെയും ഉത്തരവാദിത്യങ്ങളുടെയും പട്ടിക പ്രദർശിപ്പിച്ച്, അവയിൽ ഏതൊക്കെ ഏകാരോഗ്യവുമായി ബന്ധപ്പെടുത്താവുന്ന ചുമതലകളും ഉത്തരവാദിത്തങ്ങളും ആണെന്ന് ചർച്ചയിലൂടെ ഏകീകരിക്കുക. അതിനുശേഷം വിവിധ വകുപ്പുകളുമായി സഹകരിക്കേണ്ട ആവശ്യകതയെ കുറിച്ചും നിരീക്ഷണ വിവരങ്ങൾ പങ്കുവയ്ക്കുന്നതിന്റെ പ്രാധാന്യത്തെ കുറിച്ചും വിശദമാക്കുക.
- PPT അവതരണം തയ്യാറാക്കുന്നതിനും, ഉദാഹരണങ്ങൾ സൂചിപ്പിക്കുന്നതിനും കൈപ്പുസ്തകത്തിൽ കൊടുത്തിരിക്കുന്ന വിശദ വിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്.

# ഭക്ഷ്യസുരക്ഷ വകുപ്പ്

**വിഷയം :** ഏകാരോഗ്യം – **ഭക്ഷ്യസുരക്ഷ** വകുപ്പിലെ വിവിധ വിഭാഗം ഉദ്യോഗസ്ഥരുടെ കർത്തവ്യങ്ങളും ചുമതലകളും.

**ലക്ഷ്യം :**

1. രോഗനിരീക്ഷണം, വിശകലനം, നിയന്ത്രണം എന്നിവയുമായി ബന്ധപ്പെട്ട് **ഭക്ഷ്യസുരക്ഷ** വകുപ്പിലെ വിവിധ വിഭാഗം ഉദ്യോഗസ്ഥരുടെ കർത്തവ്യങ്ങളും ചുമതലകളും ഏകോപിപ്പിക്കുന്നതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുക
2. ഈ സെഷന്റെ അവസാനം പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഏകാരോഗ്യവുമായി ബന്ധപ്പെട്ട് അവരുടെ ചുമതലകളും, കർത്തവ്യങ്ങളും എന്തെന്ന് ബോദ്ധ്യമാകുന്നു.

**സമയം :** 50 മിനിറ്റ്

## ഉള്ളടക്കവും പഠനരീതിയും

| നം | വിഷയം | സമയം ( മിനിറ്റ് ) | രീതി | ഉപാധി |
|---|---|---|---|---|
| 1 | ഉദ്യോഗസ്ഥരുടെ നിലവിലുള്ള രോഗ നിരീക്ഷണ നിയന്ത്രണ ചുമതലകൾ, പട്ടിക തയ്യാറാക്കി ക്രോഡീകരിക്കുക. | 20 | പങ്കാളിത്ത അവതരണം, റോൾ പ്ലേ, PPT, അവതരണം, ചർച്ച | PPT അവതരണം |
| 2 | ഏകാരോഗ്യവുമായി ബന്ധപ്പെട്ട കർത്തവ്യങ്ങളും, ചുമതലകളും, ഏകോപന സാദ്ധ്യതകളും വിശദീകരിക്കുക. | 20 | പങ്കാളിത്ത അവതരണം പൊതു ചർച്ച PPT അവതരണം | PPT അവതരണം ചാർട്ട് പേപ്പർ |
| 3 | സംശയ നിവാരണം | 10 | | |

## ആവശ്യമായ കുറിപ്പുകൾ

**A . ഭക്ഷ്യസുരക്ഷാ ഓഫീസറുടെ ഉത്തരവാദിത്തം**

1. റുട്ടീൻ സാംപ്ലിങ്, ടാർജറ്റഡ് സാംപ്ലിങ്, പ്രാദേശികാടിസ്ഥാനത്തിലുള്ള പരിശോധനകൾ (Area specific inspections)
2. ബോധവത്കരണ പരിപാടികൾ ആസൂത്രണം ചെയ്യുക
3. റിപ്പോർട്ടിങ്, അനുബന്ധ ശുപാർശകൾ

B . ലാബ് ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തം

1. ഭക്ഷ്യ വസ്തുക്കളുടെ കെമിക്കൽ / മൈക്രോബയളോജിക്കൽ പരിശോധന – നൂതന സംവിധാനങ്ങൾ പരിചയപ്പെടുത്തുക
2. ഭക്ഷ്യജന്യ രോഗാണുക്കൾ, കീടനാശിനികൾ, ആന്റിബയോട്ടിക്കുകൾ, ഘനലോഹങ്ങൾ എന്നിവയെക്കുറിച്ചും അവയുടെ അവശിഷ്ടങ്ങളെക്കുറിച്ചും, അഫ്ലാടോക്സിനെക്കുറിച്ചുമുള്ള അവബോധം സൃഷ്ടിക്കൽ
3. ആശങ്ക ഉളവാക്കുന്ന പരിശോധനാ ഫലങ്ങളുടെ വിശകലനം
4. വിവിധ തലങ്ങളിൽ നിന്നുള്ള വിവര ശേഖരണവും, വിശകലനവും അതിനെ ആധാരമാക്കിയുള്ള തുടർനടപടികളുടെ ആസൂത്രണവും
5. ഇതര വകുപ്പുകളിലേക്കുള്ള വിവരങ്ങൾ പങ്കിടൽ
6. ബന്ധപ്പെട്ട ഉണഭോക്താക്കളെ കേന്ദ്രീകരിച്ചുള്ള ബോധവത്ക്കരണം ആസൂത്രണം ചെയ്യൽ.

**മേൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ ഉപയോഗിച്ച് പരിശീലകന് PPT അവതരണം തയ്യാറാക്കാവുന്നതാണ്.**

- പരിശീലകൻ പരിശീലനാർത്ഥികളിൽ നിന്നും വിവിധ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരെ മുന്നോട്ട് ക്ഷണിക്കുകയും അവരുടെ ചുമതലകളെ കുറിച്ചും ഉത്തരവാദിത്തങ്ങളെ കുറിച്ചും വിശദീകരിക്കുവാൻ ആവശ്യപ്പെടുക. ഓരോരുത്തരും പറയുന്ന കാര്യങ്ങൾ ചാർട്ട് പേപ്പർ ൽ രേഖപ്പെടുത്തുക. ചർച്ച ആവശ്യമായ രീതിയിൽ പ്രോൽസാഹിപ്പിക്കുക. ചുമതലകളെ കുറിച്ചും ഉത്തരവാദിത്തങ്ങളെ കുറിച്ചും വിശദീകരിക്കുന്നതിനോടൊപ്പം അത് നിർവാഹിക്കുമ്പോൾ അവർ നേരിടേണ്ടി വരുന്ന വെല്ലുവിളികളെ കുറിച്ചും പറയുവാൻ ആവശ്യപ്പെടുക. ഇതിന്റെ അവസാനം ഒരു സ്ലൈഡിൽ ഓരോ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരുടെയും ചുമതലകൾ അവതരിപ്പിച്ച് വിശദമാക്കി കൊടുക്കുക.
- പരിശീലകൻ മുൻ സെഷനിൽ തയ്യാറാക്കിയ ചുമതലകളുടെയും ഉത്തരവാദിത്യങ്ങളുടെയും പട്ടിക പ്രദർശിപ്പിച്ചു, അവയിൽ ഏതൊക്കെ ഏകാരോഗ്യവുമായി ബന്ധപ്പെട്ടുത്താവുന്ന ചുമതലകളും ഉത്തരവാദിത്തങ്ങളും ആണെന്ന് ചർച്ചയിലൂടെ ഏകീകരിക്കുക. അതിനു ശേഷം വിവിധ വകുപ്പുകളുമായി സഹകരിക്കേണ്ട ആവശ്യകതയെ കുറിച്ചും നിരീക്ഷണ വിവരങ്ങൾ പങ്കുവയ്ക്കുന്നതിന്റെ പ്രാധാന്യത്തെ കുറിച്ചും വിശദമാക്കുക.
- PPT അവതരണം തയ്യാറാക്കുന്നതിനും, ഉദാഹരണങ്ങൾ സൂചിപ്പിക്കുന്നതിനും കൈപ്പുസ്തകത്തിൽ കൊടുത്തിരിക്കുന്ന വിശദ വിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്.

## സെഷൻ 6

### സംസ്ഥാന, ജില്ല, തദ്ദേശ സർക്കാർ തലങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനവും സംയോജിത പ്രവർത്തനങ്ങളും

**വിഷയം :** സംസ്ഥാന, ജില്ലാ, തദ്ദേശ സർക്കാർ തലങ്ങളിൽ ഏകാരോഗ്യം പരിപാടിയുടെ ആസൂത്രണവും നടപ്പിലാക്കുവാനായി വകുപ്പുകളുടെ ഏകോപനവും.

**ലക്ഷ്യം :** ഈ സെഷന്റെ അവസാനം പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ചുവടെ പറയുന്നവ സാദ്ധ്യമാക്കുക.

1. സംസ്ഥാന, ജില്ലാ, തദ്ദേശ സർക്കാർ തലങ്ങളിൽ ഏകാരോഗ്യം പരിപാടിയുടെ ആസൂത്രണം, അവ നടപ്പിലാക്കൽ എന്നിവയ്ക്കാവശ്യമായ വകുപ്പുകൾക്കിടയിലെ ഏകോപനത്തിന്റെ പ്രാധാന്യം, അതിനുള്ള മാർഗ്ഗങ്ങൾ എന്നിവ മനസ്സിലാക്കിക്കൊടുക്കുക.
2. ഏകാരോഗ്യ പരിപാടിയുമായി ബന്ധപ്പെട്ട ഓരോ വകുപ്പിന്റെയും ചുമതലകളും ഉത്തരവാദിത്തങ്ങളും ബോദ്ധ്യപ്പെടുത്തുക.

**സമയം :** 40 മിനിറ്റ്

**ഉള്ളടക്കവും പഠനരീതിയും**

| നം | വിഷയം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| 1 | ഏകാരോഗ്യം പരിപാടിയുടെ പ്രാധാന്യവും വകുപ്പുകളുടെ ഏകോപനത്തിന്റെ ആവശ്യകതയും അതുമൂലം ഉണ്ടാകുന്ന നേട്ടങ്ങളും. | 10 | പങ്കാളിത്ത അവതരണം, ചർച്ച, PPT, അവതരണം | PPT അവതരണം, ചാർട്ട് പേപ്പർ |
| 2 | നിലവിൽ വകുപ്പുകളുടെ ഉത്തരവാദിത്തങ്ങളും പ്രവർത്തന രീതികളും. (സംസ്ഥാനം മുതൽ തദ്ദേശ സർക്കാർ തലം വരെ) | 10 | ചർച്ച, PPT, അവതരണം | PPT അവതരണം, ചാർട്ട് പേപ്പർ |
| 3 | ഏകാരോഗ്യം പരിപാടി നടപ്പിലാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ (സംസ്ഥാന – ജില്ലാ – പ്രാദേശിക തലത്തിൽ) | 15 | Ppt അവതരണം | PPT അവതരണം |
| 4 | സംശയ നിവാരണം | 5 | തുടർ ചർച്ച | |

## ആവശ്യമായ കുറിപ്പുകൾ

- ഈ സെഷനിൽ, ഏകാരോഗ്യം പരിപാടിയുടെ ഏകോപനത്തിന്റെയും ഭാഗമായി വകുപ്പുകൾ തമ്മിലുണ്ടാവേണ്ട സഹകരണത്തിന്റെയും ആവശ്യകതയും ഓരോ വകുപ്പും നിർവ്വഹിക്കേണ്ട ഉത്തരവാദിത്തങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ, ഏകാരോഗ്യ പരിപാടിയുടെ വിവിധ പ്രവർത്തനങ്ങളും വിശദീകരിക്കുന്നു. സംസ്ഥാന, ജില്ലാ, തദ്ദേശസർക്കാർ തലങ്ങളിൽ വിവിധ വകുപ്പുകൾ ഏകാരോഗ്യം പരിപാടിയുടെ ഭാഗമായി നിർവ്വഹിക്കേണ്ട പങ്കും അവരുടെ സംയുക്തപ്രവർത്തനങ്ങളുടെ പ്രാധാന്യവും വിശദീകരിക്കുന്നു. ഈ പ്രവർത്തനങ്ങളിൽ അവർ നേരിടേണ്ടി വരുന്ന വെല്ലുവിളികളും ചർച്ച ചെയ്യണം.
- സംസ്ഥാനം, ജില്ല, തദ്ദേശസർക്കാർ തലങ്ങളിൽ ഏകാരോഗ്യം പരിപാടിയുടെ ആസൂത്രണം, നിർവ്വഹണം എന്നിവ വളരെ പ്രാധാന്യമർഹിക്കുന്നതാണ്. വിവിധ തലങ്ങളിൽ സമഗ്രമായി ആസൂത്രണം ചെയ്ത്, അവ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള ഇടപെടലുകൾ ആവശ്യമാണ്.
- ഏകാരോഗ്യം പരിപാടിയുടെ ലക്ഷ്യംപൂർത്തീകരണത്തിനായി വിവരങ്ങളുടെ കൈമാറ്റം, തീരുമാനം എടുക്കൽ, പ്രാദേശിക തലത്തിൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്തൽ എന്നിവയുടെ ഏകോപനം ഫലപ്രദമായി നടപ്പിലാക്കുക.
- ഏകാരോഗ്യം പരിപാടിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും വിവിധ വകുപ്പുകളുടെ സമഗ്രമായ പങ്കാളിത്തം ആവശ്യമാണ്. ഓരോ വകുപ്പും തങ്ങളുടെ പ്രത്യേക ചുമതലകൾ ഉത്തരവാദിത്തതോടെ നിർവ്വഹിക്കേണ്ടതാണ്.

**ഉദാഹരണത്തിന്,**

പേവിഷബാധ നിയന്ത്രണ പ്രവർത്തങ്ങൾ

ആരോഗ്യ വകുപ്പ് – ചികിത്സയും പ്രതിരോധവും, **IEC - BCC**

മൃഗസംരക്ഷണ വകുപ്പ് - പ്രതിരോധം, **ABC**, **IEC - BCC**

**Lsgd** – മാലിന്യ സംസ്ക്കരണം, ലൈസൻസിങ്ങ്, അടിസ്ഥാന സൗകര്യ വികസനം, **IEC – BCC**

ഇതുപോലെ രോഗനിർണ്ണയം, നിരീക്ഷണം, നിയന്ത്രണം തുടങ്ങിയ പ്രവർത്തനങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പ് വരുത്തണം.

**PPT** അവതരണം തയ്യാറാക്കുന്നതിനും, ഉദാഹരണങ്ങൾ നൽകുന്നതുനും കൈപ്പുസ്തകത്തിൽ കൊടുത്തിരിക്കുന്ന വിശദ വിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്.

# സംഗ്രഹം

ഈ ഏകാരോഗ്യം പരിശീലന മൊഡ്യൂൾ, വിവിധ വകുപ്പുകളുടെ ഏകോപനവും ഉദ്യോഗസ്ഥരുടെ സംയോജിത പ്രവർത്തനവും ലക്ഷ്യമിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ആരോഗ്യം, കൃഷി, മൃഗസംരക്ഷണം, വനം, ജലസേചനം, ഭക്ഷ്യസുരക്ഷ, പരിസ്ഥിതി – കാലാവസ്ഥാവ്യതിയാനം, ഫിഷറീസ്, ഡ്രഗ്സ് കൺട്രോൾ ഉടങ്ങിയ വകുപ്പുകൾ, ആരോഗ്യ സംരക്ഷണത്തിലും പരിസ്ഥിതി സംരക്ഷണത്തിലും അനിവാര്യമായ പങ്കുവഹിക്കുന്നുണ്ട്.

പരിശീലനലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി, ഓരോ വകുപ്പും തങ്ങളുടെ പ്രത്യേക ചുമതലകൾ കൃത്യമായി നിർവ്വഹിക്കേണ്ടതുണ്ട്. ഏകോപനം വഴി, ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്നതാണ് ഈ മൊഡ്യൂളിന്റെ പ്രധാന സന്ദേശം. സംസ്ഥാന, ജില്ല, തദ്ദേശ സർക്കാർ തലങ്ങളിൽ ഏകാരോഗ്യം പരിപാടി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗങ്ങളും നിർ ദ്ദേശങ്ങളും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

അടിസ്ഥാന സൗകര്യങ്ങളും പഠന സാമഗ്രികളും ഉപയോഗിച്ച്, ഈ പരിശീലന പരിപാടി വിജയകരമാക്കാൻ എല്ലാ വകുപ്പുകളും തങ്ങളുടേതായ സംഭാവനകളുമായി മുന്നോട്ട് വരേണ്ടതുണ്ട്. "ഏക ആരോഗ്യം" എന്ന ആശയം സാക്ഷാത്കരിക്കാൻ, ഈ മൊഡ്യൂൾ നിർദ്ദേശിക്കുന്ന രീതികളും മാർഗ്ഗങ്ങളും പ്രാദേശിക സാഹചര്യങ്ങൾക്കനുസരിച്ച്, ഫലപ്രദമായി പ്രയോഗിക്കപ്പെടണമെന്ന് പ്രതീക്ഷിക്കുന്നു.

ഏകാരോഗ്യ സമീപനത്തിലൂന്നിയ പ്രവർത്തനം കാഴ്ചവയ്ക്കുന്നതിന് ഈ മോഡ്യൂൾ ആസ്പദമാക്കിയ പരിശീലനങ്ങൾ ബന്ധപ്പെട്ട വകുപ്പുകളിലെ വിവിധ വിഭാഗം ജീവനക്കാരെ പര്യാപ്തമാക്കും എന്ന് പ്രതീക്ഷിക്കുന്നു. ഈ മോഡ്യൂൾ ഉപയോഗിച്ചുള്ള പരിശീലന പരിപാടികൾ പൂർത്തിയാക്കുന്നതോടെ കേരളത്തിലെ ആരോഗ്യ പരിപാലനവും പരിസ്ഥിതി സംരക്ഷണവും ഉയർന്ന തലത്തിലേക്ക് എത്തുവാൻ സഹായകമാകും. ഈ വഴിയിലൂടെ, നമ്മുടെ സമൂഹത്തിനും പരിസ്ഥിതിക്കും ഒരു സുസ്ഥിരമായ ഭാവി സൃഷ്ടിക്കാൻ നമുക്ക് ഒരുമിച്ച് ശ്രമിക്കാം.

# അനുബന്ധം

## ഏകാരോഗ്യം വിവിധ വകുപ്പുകളിലെ പരിശീലകർക്കുള്ള നിർദ്ദേശങ്ങൾ

പരിശീലകർ വയോജന വിദ്യാഭ്യാസത്തിന് അനുകൂലമായ രീതിയിൽ വേണം പരിശീലനം നടത്തുവാൻ. ഓരോ പരിശീലനാർത്ഥിയും ഈ വിഷയം ആദ്യമായി കേൾക്കുകയാണെന്നും അവർക്ക് ഇതുമായി ബന്ധപെട്ട് ധാരാളം സംശയങ്ങൾ ഉണ്ടാകുമെന്നും പരിശീലകർ മനസ്സിലാക്കിയിരിക്കണം. പരിശീലനാർത്ഥികൾക്കുള്ള ധാരണകളും മിഥ്യാധാരണകളുമൊന്നും പോരായ്മയായി കാണാതെ, അവരുടെ കഴിവുകളും വിഷയത്തെക്കുറിച്ചുള്ള അവബോധവും വർദ്ധിപ്പിക്കുന്നതിനാവശ്യമായ സമീപനമാണ് പരിശീലകർ സ്വീകരിക്കേണ്ടത്.

പരിശീലകന്റെ ഉത്തരവാദിത്തം വിഷയാവതരണത്തിലോ വിവരങ്ങൾ കൈമാറുന്നതിലോ മാത്രം ഒതുങ്ങുന്നതല്ല. മറിച്ച്, അവർക്കു പഠനത്തിനും വിഷയം ഉൾകൊള്ളുവാനുള്ള അന്തരീക്ഷം ഉണ്ടാക്കികൊടുക്കുക എന്നതാണ്. ഓരോ സെഷനും കൈകാര്യം ചെയ്യുമ്പോൾ, പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നവരെ പരിശീലനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ ഉൾക്കൊണ്ട് പ്രവർത്തനം കാഴ്ചവയ്ക്കുവാൻ പര്യാപ്തരാക്കുക എന്നതായിരിക്കണം ലക്ഷ്യം.

## പരിശീലകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ താഴെകൊടുത്തിരിക്കുന്നു

1. പരിശീലനത്തിൽ പങ്കെടുക്കുന്നവരുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ എപ്പോഴും തയ്യാറായിരിക്കുക. തെറ്റിദ്ധരിപ്പിക്കുകയോ തെറ്റായ വിവരങ്ങൾ നൽകുകയോ ചെയ്യരുത്. അറിയില്ലെങ്കിൽ, 'അറിയില്ല' എന്ന് പറയുകയും വിവരങ്ങൾ ലഭിക്കുന്ന ഉറവിടം പറഞ്ഞു കൊടുക്കുകയും ചെയ്യുക. അല്ലെങ്കിൽ ശരിയായ വിവരങ്ങൾ അന്വേഷിച്ച് കണ്ടെത്തി അടുത്ത അവസരത്തിൽ പറഞ്ഞുകൊടുക്കുകയും ചെയ്യാം.

   സെഷനുകൾക്കിടയിൽ ഒരു തുടർച്ച നിലനിർത്താൻ പരിശീലകൻ എപ്പോഴും ശ്രമിക്കണം. സെഷന്റെ തുടക്കത്തിൽ മുൻ സെഷനുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നതിനെക്കുറിച്ചുള്ള ചെറിയ വിശദീകരണം നൽകുന്നതും നല്ലതാണ്.
2. പരിശീലനത്തിന് മുൻപ് പരിശീലന മൊഡ്യൂളും റഫറൻസ് സാമഗ്രികളും പരിശീലകൻ വായിച്ച് മനസിലാക്കിയിരിക്കണം.
3. പരിശീലകർ ഓരോരുത്തരും ഏതൊക്കെ സെഷൻ കൈകാര്യം ചെയ്യണം എന്നുള്ളതിനെ ക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടാക്കണം. ഇത് ഓരോ പരിശീലനപരിപാടിക്കും മുൻപ് ഒരുമിച്ചിരുന്ന് പ്ലാൻ ചെയ്യണം
4. പരിശീലന പരിപാടികൾ തുടങ്ങുന്നതിനു മുൻപ് പരിശീലകർ ഏകാരോഗ്യം നോഡൽ ഓഫീസറുമായി ചർച്ചചെയ്ത് ഒരു ചെക്ക് ലിസ്റ്റ് ഉണ്ടാക്കണം. ഈ ചെക്ക് ലിസ്റ്റിൽ പരിശീലന പരിപാടിയുമായി ബന്ധപെട്ടു പരിശീലകർ ഉറപ്പാക്കേണ്ട കാര്യങ്ങൾ ഉൾപ്പെടുത്തിയിരിക്കണം.
5. പരിശീലനപരിപാടി നടക്കുമ്പോൾ സെഷനിൽ ഏതെങ്കിലും വിഷയങ്ങൾ വിട്ടു പോയിട്ടുണ്ടെങ്കിൽ സഹപരിശീലകൻ ആ സെഷന്റെ അവസാനം കൂട്ടി ചേർക്കേണ്ടതാണ്.
6. പരിശീലകർ സൗഹാർദത്തോടെയും സഹവർത്തിത്തത്തോടെയും പരിശീലനാർത്ഥിക ളോട് ഇടപെടണം.
7. പരിശീലനാർത്ഥികളോട് ദേഷ്യപ്പെടരുത്.

8. പരിശീലനാർത്ഥികൾ നൽകുന്ന ശരിയായ ഉത്തരങ്ങൾ/ അഭിപ്രായങ്ങൾക്കു അവരെ അഭിനന്ദിക്കുക. അതുപോലെ പരിശീലന പങ്കാളിത്തം കൂട്ടുവാനായി പരിശീലനാർത്ഥികളെ പ്രോത്സാഹിപ്പിക്കുക.
9. പങ്കാളികളുടെ മുഴുവൻ സമയ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഗെയിം പോലുള്ള എനർജൈസർകൾ ആവശ്യാനുസരണം ഉപയോഗിക്കാൻ ശ്രമിക്കുക. കഴിവതും രണ്ടു മിനുട്ടിനുള്ളിൽ തീരുന്ന എനർജൈസർ ഉപയോഗിക്കാൻ ശ്രമിക്കുക.
10. മതപരമായിട്ടുള്ളതോ രാഷ്ട്രീയ പരമായിട്ടുള്ളതോ ആയ കാര്യങ്ങൾ ഒരു കാരണവശാലും പരിശീലന പരിപാടിക്കിടയിൽ ചർച്ച ചെയ്യാതിരിക്കുക. പരിശീലകന്റെ മത, രാഷ്ട്രീയ ചിന്തകൾ പരിശീലന പരിപാടിയെ സ്വാധീനിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.
11. ഓരോ സെഷൻ തുടങ്ങുമ്പോഴും സെഷന്റെ പേരും ഉള്ളടക്കവും ഉദ്ദേശ ലക്ഷ്യങ്ങളും പരിശീലനാർത്ഥികളോട് വിശദീകരിക്കുക.
12. പരിശീലന പരിപാടിയിൽ കഴിവതും മലയാളം ഉപയോഗിക്കുക. ഉപയോഗിക്കുന്ന വാക്കുകൾ ലളിതവും അർത്ഥപൂർണവും ആയിരിക്കണം.
13. പരിശീലകർ ഉപയോഗിക്കുന്ന അല്ലെങ്കിൽ പറയുന്ന ഉദാഹരങ്ങൾ പരിശീലനാർത്ഥികൾക്ക് എളുപ്പത്തിൽ മനസ്സിലാക്കുവാൻ പറ്റുന്നതായിരിക്കണം. അവരുടെ സാഹചര്യത്തിൽ നിന്നുള്ള ഉദാഹരണങ്ങൾ പറയുന്നത് നന്നായിരിക്കും. പരിശീലനാർത്ഥികൾക്ക് അസ്വസ്ഥത ഉണ്ടാക്കുന്ന രീതിയിലുള്ള വാക്കുകളും ഉദാഹരണങ്ങളും ഉപയോഗിക്കാതിരിക്കുക.
14. പരിശീലനാർത്ഥികൾക്ക് കഴിവതും നിർദ്ദേശങ്ങൾ കൊടുക്കാതിരിക്കുക മറിച്ച് അവരെ വേണ്ട രീതിയിൽ നയിക്കുക.
15. ഓരോ സെഷന്റെയും അവസാനം എന്തു മനസിലാക്കിയെന്ന് പരിശീലനാർത്ഥികളോട് ചോദിക്കുക. എന്തെങ്കിലും വിട്ടു പോയിട്ടുണ്ടെങ്കിൽ ഒരിക്കൽക്കൂടി വിശദീകരിച്ചു കൊടുക്കുക.

## ശ്രദ്ധിക്കേണ്ട മറ്റു കാര്യങ്ങൾ

1. സെഷൻ കൈകാര്യം ചെയ്യുന്നതിനിടയ്ക്ക് മൊബൈൽ ഫോൺ ഉപയോഗിക്കാതിരിക്കുക.
2. ഒറ്റപ്പെട്ട സംഭവങ്ങൾ ഉയർത്തിക്കാട്ടി കാര്യങ്ങളെ സാമാന്യവത്ക്കരിക്കാതിരിക്കുക.
3. പരിശീലനാർത്ഥികൾ ആരെങ്കിലും തെറ്റ് പറയുകയാണെങ്കിൽ അവരെ കളിയാക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്യാതെ ശരിയായ വിവരങ്ങൾ നൽകുക സൗമ്യമായി.
4. സെഷന്റെ സമയക്രമം പാലിക്കാൻ ശ്രമിക്കുക.
5. ആശയവിനിമയം നടത്തുമ്പോൾ പരിശീലനാർത്ഥികൾക്ക് മനസിലാകുന്ന ലളിതമായ ഭാഷ ഉപയോഗിക്കുക. അധിക വേഗതയിൽ സംസാരിക്കാതിരിക്കുക.
6. മുൻവിധിയോടുകൂടി പരിശീലനാർത്ഥികളോട് ഇടപെടാതിരിക്കുക
7. ഓരോ പരിശീലന പരിപാടിക്കും ശേഷം പരിശീലകർ ഒരുമിച്ചിരുന്ന് പരിപാടിയുടെ വിശകലനം നടത്തി, അടുത്ത പരിപാടിക്കു വേണ്ടി തയ്യാറെടുപ്പ് നടത്തേണ്ടതാണ്.